# ആത്മപോഷിണി

| പുസ്തകം ൧. | ൧൦൮൮ വൃശ്ചികം | ലക്കം ൪. |
|---|---|---|

## മംഗളം

ഓരോ സൽക്കഥകൊണ്ടു സൌഖ്യമരുളി, സ്സൽക്ഷ്മോപദേശം സുധാ-
സാരോദ്യത്സരസോക്തിയാൽ സകരുണം നമ്മൾക്കു നൽകി സ്വയം
നേരോടെപ്പൊഴുമാത്മപോഷണമഹാകൃത്യം നടത്തീടുവാ-
നാരോമൽജ്ജനയിത്രി പോലിതു ജയിക്കേണം ജഗത്തിൽച്ചിരം.

—പി. വി. കൃഷ്ണവാരിയർ.

## അലങ്കാരവിനിവേശനം.

### II

അലങ്കാരപ്രയോഗത്തിന് ഒരു പ്രധാനനിയമമാണുള്ളത്. രസസമ്പാദന ശ്രമത്തിൽ യാതൊരലങ്കാരപ്രയോഗമാണോ പൃഥഗ്യത്നം കൂടാതെ ശക്യമാവുന്നത്; അതുതന്നെയാണ് കാവ്യത്തിൽ യഥാർത്ഥമായ അലങ്കാരം. ഉദാഹരണമായി ഒരു ശ്ലോകം താഴെ ചേർക്കുന്നു.

"പത്തിക്കീററു കവിൾത്തടത്തിലമരും
കയ്യാൽ പ്രമൃഷ്ടം സുധാ-
സത്തിന്നൊത്തിയലും തവാധരരസം
നിശ്വാസനിഷ്പീതമായ്
എത്തിക്കണ്ഠമണഞ്ഞു പോർമുല ചലി-
പ്പിക്കുന്ന കണ്ണീർ പ്രകോ-
പത്തിന്നായ് പ്രിയഭാവമിന്നിതു ഒരോ-
രാദ്ധ്യേ! നമുക്കുൾപ്രമായ്."

ഇവിടെ കവിൾത്തടത്തിനു ഒരു ഊന്നായി കൊടുത്തിരിക്കുന്ന കൈത്തലത്തോടും, ദീർഘശ്വാസംകൊണ്ടു വരണ്ടുവാടിയ അധരത്തോടും, ഗദ്ഗദംകൊണ്ട് ഇടറുന്ന തൊണ്ടയോടും, ഉലയുന്ന ഉരസ്സോടും കൂടും വണ്ണം ഈർഷ്യയെ തെല്ലുപോലും ശമിപ്പിക്കാത്തവളായ നായികയെ നായകൻ ചാടുവചനങ്ങളെക്കൊണ്ടു പ്രസാദിപ്പിക്കാൻ യത്നിക്കുന്നതായി കവി വർണ്ണിച്ചിരിക്കുന്നു. പ്രസ്തുത കാവ്യംകൊണ്ടു ബോദ്ധ്യമായിരിക്കുന്ന ഈർഷ്യാവിപ്രലംഭത്തിന്റെ പുഷ്ടിക്ക് ; അതിൽ ഉപയോഗിച്ചിരിക്കുന്ന ശ്ലേഷരൂപകസമാസോക്തി വ്യതിരേകങ്ങൾ പ്രതിബന്ധങ്ങളല്ലെന്നു മാത്രമല്ല പല

രെ അനുകൂലങ്ങൾ കൂടിയാണ്. നായകൻ സമാസോക്തിദ്വാരാ, താനുമായുള്ള സംഭോഗവൃത്താന്തത്തെ നായികയെ സ്മരിപ്പിക്കുന്നു. തന്മൂലം നായിക കോപം പരിത്യജിച്ചു യഥാപൂർവ്വം രമിക്കുമെന്നാണ് അയാളുടെ വിശ്വാസം. ഇവിടെ സംഭോഗാംഗമായി നില്ക്കുന്നു. യഥാശ്രുതം ഈർഷ്യാവിപ്രലംഭം അംഗിയായിട്ടും നില്ക്കുന്നുണ്ട്. കോപമടക്കുന്നതിനു വ്യതിരേകദ്വാരാ നായകൻ നായികയോടു ചില 'പരിഭവ'വാക്കുകളും പറയുന്നുണ്ട്.

അത്ഥാലങ്കാരവിനിവേശനത്തിൽ പ്രത്യേകം ചില സംഗതികളെക്കൂടി കവി നോക്കേണ്ടതായിട്ടുണ്ട്. രസപോഷണമെന്ന ഏകോദ്ദേശത്തോടുകൂടി മാത്രമേ കവി അലങ്കാരത്തെ വിവക്ഷിപ്പാൻ പാടുള്ളൂ. അതിന് ഒരിക്കലും അംഗിത്വേന പ്രാധാന്യം വന്നുപോകരുത്.

"ചലാപാംഗാം ദൃഷ്ടിം സ്പൃശസി ബഹുശോ
വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദു കർ-
ണ്ണാന്തികഗതഃ
കരം വ്യാധൂന്വത്യാഃ പിബസി രതിസ-
ർവ്വസ്വമധരം
വയം തത്ത്വാന്വേഷാന്മധുകര ഹതാ-
സ്ത്വം ഖലു കൃതീ."

ഈ കാവ്യത്തിൽ ഉപയോഗിച്ചിട്ടുള്ള സ്വഭാവോക്തി, ഭ്രാന്തിമാൻ, വ്യതിരേകം മുതലായ അലങ്കാരങ്ങൾ എത്രത്തോളം പ്രകാശിച്ചുനില്ക്കുന്നുണ്ടോ, അത്രത്തോളം രസത്തിന് ഉൽക്കർഷത്തെ ഉണ്ടാക്കുന്നുണ്ടെന്നു സഹൃദയന്മാൎക്കറിയാമല്ലോ. അതുകൊണ്ടു നാമെടുത്തു വിസ്തരിക്കുന്നില്ല.

അലങ്കാരങ്ങളെ അവസരമറിഞ്ഞു സ്വീകരിക്കണം.

"ഉദ്ദാമോൽകലികാം വിപാണ്ഡുരരുചം
പ്രാരബ്ധജൃംഭാം ക്ഷണാ-
ദായാസം ശ്വസനോൽഗമൈരവിരളൈ-
രാതന്വതീമാത്മനഃ
അദ്യോദ്യാനലതാമിമാം സമദനാം
നാരീമിവാദ്യാം ധ്രുവം
പശ്യൻ കോപവിപാടലദ്യുതി മുഖം
ദേവ്യാഃ കരിഷ്യാമ്യഹം."

ഇവിടെ ശ്ലിഷ്ടവിശേഷണങ്ങളെക്കൊണ്ടു പരിപുഷ്ടമാക്കപ്പെട്ടിട്ടുള്ള ഉപമ ഭാവിയായിരിക്കുന്ന കഥാഭാഗത്തിലെ ഈർഷ്യാവിപ്രലംഭത്തിന്റെ മാർഗ്ഗപരിശോധകനായി തിരുമുമ്പു പിടിച്ചുനിന്നു സഹൃദയന്മാരെ അതിന്റെ ചൎവ്വണയിൽ ബദ്ധശ്രദ്ധന്മാരാക്കുന്നു. അതുകൊണ്ടു തന്നെയാണ് ലതയെക്കുറിച്ചു പറയുന്ന പ്രകൃതത്തിൽ ഈ ഉപമാശ്ലേഷം അവസരഗൃഹീതമായെന്നു പറയുന്നത്.

ഒരിക്കൽ സ്വീകരിച്ച അലങ്കാരങ്ങൾ തന്നെ വേണ്ടിവന്നാൽ യഥാവസരം ത്യജിക്കുന്നതും കാവ്യശോഭയ്ക്കു കാരണമാണ്. "രക്തസ്ത്വം നവപല്ലവൈ"രിത്യാദി * ശ്ലോകത്തിൽ ഒടുവുവരെ വ്യാപിച്ചു നില്ക്കുന്ന ശ്ലേഷം വ്യതിരേകവിവക്ഷ വന്നപ്പോൾ ത്യജിക്കപ്പെട്ടതുകൊണ്ടാണ് വിപ്രലംഭപരിപോഷകങ്ങളായ നിർവ്വേദം, ചിന്ത തുടങ്ങിയ വ്യഭിചാരിഭാവങ്ങൾക്ക് അവകാശം കിട്ടുന്നത്. താനും അശോകവും സർവ്വതുല്യന്മാരാണെന്നു പറഞ്ഞു കലാശിച്ചാൽ താൻ നിരന്തരമനുഭവിക്കുന്ന തീവ്രശോകം ഒരിക്കലും പ്രകാശിക്കുന്നതല്ല.

ചിലപ്പോൾ അലങ്കാരങ്ങളെ എല്ലാ അംഗങ്ങളും പായാതെ അപൂർണ്ണസ്ഥിതിയിലിടേണ്ടതായിട്ടു വരും.

* [illegible] ലക്കം [illegible] പുറം നോക്കുക.

"കോപാൽ കോമളലോലബാഹുലതികാ-
പാശേന ബദ്ധ്വാ ദൃഢം
നീത്വാ വാസനികേതനം ദയിതയാ
സായം സഖീനാം പുരഃ
ഭൂയോ നൈവമിതി സ്ഖലൽകളഗിരാ
സംസൂച്യ ദുശ്ചേഷ്ടിതം
ധന്യോ ഹന്യതഏവ നിഹ്നുതിപരഃ
പ്രേയാൻ രുദന്ത്യാ ഹസൻ."

ഇവിടെ ബാഹുലതയെ പാശത്തോടു രൂപണം ചെയ്തുകൊണ്ടാണ് തുടങ്ങിയതെങ്കിലും അത് 'ഹന്യതേ' എന്നുള്ള ഭാഗംവരെ കൊണ്ടുവന്നു നിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങിനെ ചെയ്തതുകൊണ്ടാണ് നായികയുടെ ഈർഷ്യാകാലുഷ്യം അവർക്കും നായകനും വായനക്കാർക്കും ഹൃദ്യമായ വിധത്തിൽ ശമനം പ്രാപിക്കുന്നത്. രൂപകം മുഴുവൻ നിർവ്വഹിക്കുന്ന പക്ഷം, നായിക അധമവർഗ്ഗത്തിൽപ്പെട്ട കാട്ടാളത്തിയെന്നും, വാസഗൃഹം കാരാഗൃഹമെന്നും മററുമുള്ള വളരെ രസഭംഗഹേതുക്കളായ അനൌചിത്യങ്ങൾ തോന്നിയേക്കും.

ചിലപ്പോൾ അലങ്കാരങ്ങളെ യഥാവിധി നിർവ്വഹിച്ചതിന്റെ ശേഷം പിന്നെയും അവയെ അപ്രധാനമാക്കിത്തീർക്കുന്നതുകൊണ്ടു രസോൽക്കർഷമുണ്ടാവും.

"ശ്യാമാസ്വംഗം ചകിതഹരിണീ-
പ്രേക്ഷണേ ദൃഷ്ടിപാതം
ഗണ്ഡച്ഛായാം ശശിനി ശിഖിനാം
ബർഹഭാരേഷു കേശാൻ
ഉൽപശ്യാമി പ്രതനുഷു നദീ-
വീചിഷു ഭ്രൂവിലാസാൻ
ഹന്തൈകസ്ഥം ക്വചിദപി ന മേ
ഭീരു സാദൃശ്യമസ്തി."

"വാണീം വീണാമധുരനിനദേ
ചില്ലിവല്ലീവിലാസം
വീചീഭംഗേ കുളിർമതിയിൽ നി-
ന്നാനനാംഭോജശോഭാം
..............................
തന്വി, നിൻമംഗലാംഗം
കൂടിക്കാണ്മാൻ ക്വചിദപി ന മേ
പുണ്യമെന്നുണ്ണുനീലി!"

ഇതു രണ്ടിലും, വിയോഗാർത്തനായ നായകൻ ജീവസന്ധാരണത്തിനുവേണ്ടി നായികാവയവങ്ങൾ തത്തദുപമാനങ്ങളിൽ ഉണ്ടെന്നഭിമാനിച്ചുൽപ്രേക്ഷിക്കുന്നുണ്ടെങ്കിലും 'നിന്റെ സ്വരൂപം എല്ലാംകൂടി ഒരു ദിക്കിൽ കാണാനുള്ള യോഗമില്ലേ' ന്നു പറയുന്നതോടുകൂടി അലങ്കാരം അപ്രധാനമാവുകയും രസത്തിനു പരിപോഷണം കിട്ടുകയും കഴിഞ്ഞു.

അലങ്കാരവിനിവേശനക്രമത്തെപ്പററി പറഞ്ഞ ഈ ചില [illegible] അനുസരിച്ചാൽ അലങ്കാരങ്ങൾ രസപരിപോഷകാരണങ്ങളാവാതെ തരമില്ല. എന്നല്ലാതെ ഈ പറഞ്ഞതിൽ സർവ്വം അടങ്ങിപ്പോയിയെന്നൊന്നും അർത്ഥമില്ല. ഇത് എത്ര പറഞ്ഞാലും അവസാനിക്കാത്ത വിഷയവുമാണ്. പക്ഷേ എത്ര പറഞ്ഞാലും എല്ലാററിനും ഒരർത്ഥമേ ഉള്ളൂ. "അലങ്കാരപ്രയോഗത്തിനുവേണ്ടി കവികളാവരുത്."

മദിരാശി.

—പി. എം. ശങ്കരൻ നമ്പ്യാർ.

# സഹിഷ്ണുത.

## I

വയോധികനും ചെറുപ്പക്കാരനും ആയ രണ്ടു ബ്രാഹ്മണർ ബൊമ്പായിൽനിന്നു തെക്കോട്ടു യാത്രപുറപ്പെട്ടു. അവർ പോയിരുന്ന വഴിയുടെ പടിഞ്ഞാറുഭാഗം സമുദ്രവും കിഴക്കുഭാഗം പൎവ്വതനിരകളും ആയിരുന്നു. ഭൂമിയിൽവെച്ച് എല്ലാംകൊണ്ടും പ്രധാനങ്ങളായ രണ്ടു വസ്തുക്കൾ വഴിയുടെ ഇരുഭാഗത്തും സ്ഥിതിചെയ്യുന്നു. പടിഞ്ഞാട്ടു നോക്കുന്നതായാൽ ആകാശമണ്ഡലം ക്രമത്തിൽ താണുവന്നു സമുദ്രജലത്തെ സ്പൎശിക്കുന്നതായി കാണികൾക്കു തോന്നും. കിഴക്കോട്ടു നോക്കുന്നതായാൽ പൎവ്വതത്തിന്റെ കൊടുമുടികൾ ആകാശമാൎഗ്ഗം പിളൎന്നുനില്ക്കുന്നതുപോലെ കാണാം.

വൃദ്ധൻ പറഞ്ഞു:— "പണ്ടുകാലങ്ങളിൽ സമുദ്രം ഈ പൎവ്വതത്തിന്റെ അടിവാരത്തിൽ നിന്ന് ഇത്ര അകലെ ആയിരുന്നില്ല. അക്കാലത്തു സമുദ്രം ഇപ്പോഴത്തെപ്പോലെ പ്രശാന്തമായിരുന്നതുമില്ല. ഗംഭീരവും ഭയങ്കരവുമായ തിരമാലകൾ സദാപി പൎവ്വതത്തിന്മേൽ ഊക്കോടുകൂടി അടിച്ചിരുന്നു. സമുദ്രം പൎവ്വതത്തിനെ അടിച്ചുടച്ച് അതിനെ അതിക്രമിച്ച് മുക്കിക്കളയുമോ എന്നു കാണികൾക്കു തോന്നിയിരുന്നു. അക്കാലത്തു ഭഗവാൻ പരശുരാമൻ ഈ പൎവ്വതത്തിന്റെ മുകളിൽ തപസ്സു ചെയ്തുകൊണ്ടിരുന്നു. തപസ്സ് അവസാനിച്ചതിന്റെ ശേഷം ഈ മാതിരി അഹമ്മതിയോടുകൂടിയ നടവടി വെടിയ്ക്കുപ്പില്ലെന്നും അതു നിൎത്തൽചെയ്യേണമെന്നും ഭഗവാൻ സമുദ്രത്തിനോടു കല്പിച്ചു. സമുദ്രം അദ്ദേഹത്തിന്റെ കല്പനയെ അനുസരിച്ചില്ല. ഭഗവാൻ ജ്വലിച്ച ക്രോധത്തോടുകൂടി തന്റെ കഠാരത്തെ സമുദ്രത്തിന്റെ നേരെ എറിഞ്ഞു. കഠാരം ആകാശമാൎഗ്ഗത്തെ പ്രകാശിപ്പിച്ചുകൊണ്ട് സമുദ്രത്തിന്റെ നേരേ വന്നുതുടങ്ങി. സമുദ്രം അപ്പോൾ പേടിച്ചു വിറച്ചു ക്രമത്തിൽ പിൻവാങ്ങിത്തുടങ്ങി. കഠാരം എവിടെച്ചെന്നു വീണുവോ ആ സ്ഥലംവരേ സമുദ്രം പിൻമാറി നിന്നു. പിന്നെ ആ സ്ഥലം അതിക്രമിച്ചു പൎവ്വതത്തിന്റെ അടുത്തുവരാൻ സമുദ്രത്തിനു കഴിഞ്ഞിട്ടില്ല. അതാ നോക്കു! ഭഗവാൻ എറിഞ്ഞ വെണ്മഴു ഭൂമി പിളൎന്നുകിടക്കുന്നു. നുരകളോടുകൂടിയ തിരമാലകളാൽ സമുദ്രം ഇപ്പോഴും ആ വെണ്മഴുവിനെ പൂജിക്കുന്നു." വൃദ്ധൻ ചൂണ്ടിക്കാണിച്ചു കൊടുത്ത ദിക്കിലേക്കു ചെറുപ്പക്കാരനായ ബ്രാഹ്മണൻ നോക്കിയപ്പോൾ പടിഞ്ഞാറുഭാഗത്തായി പൎവ്വതംപോലെ ഏററവും വലുതായ ഒരു പാറ കിടക്കുന്നതു കണ്ടു.

വൃദ്ധൻ പറഞ്ഞു:— "ഇതുതന്നെയാണ് ഭഗവാന്റെ വെൺമഴു. കലിവൈഭവംകൊണ്ട് അത് ഇപ്പോൾ പാറയായിത്തീൎന്നിരിക്കുന്നു. ഇതിനെ എറിഞ്ഞ സമയത്തു പൎവ്വതത്തിന്റെ മുകൾഭാഗത്തു

ഭഗവാന്റെ ക്രോധാഗ്നിയുടെ ജ്വാല കാണപ്പെട്ടിരുന്നു. വലുതായ ഭൂകമ്പം ഉണ്ടായി. സമുദ്രം ഭയംകൊണ്ടു് ഇളകി മറിഞ്ഞു. വാസുകിയുടെ തലയും ആമയുടെ പുറവും കൂടി അല്പം ഒന്നു താണുപോയി.

“പിന്നെ പരശുരാമൻ വേറെ ഒരു തീർത്ഥത്തിലേക്കു പോയി. പല സ്ഥലങ്ങളിലും അനേകവിധ തപസ്സുകൾ ചെയ്തതിന്റെ ശേഷം ഇവിടേക്കു മടങ്ങിവന്നു. ഈ പ്രദേശം ജനങ്ങൾക്കുതകുന്ന നാനാവൃക്ഷലതാദികൾകൊണ്ടു നിറഞ്ഞതായും പലതരത്തിലുള്ള മൃഗങ്ങളുടേയും അവയെ കൊന്നുതിന്നുന്ന കാടജാതിക്കാരുടേയും നിവാസസ്ഥലമായും തീർന്നിരിക്കുന്നതു് അദ്ദേഹം കണ്ടു. ഈ ദിക്കിൽ ബ്രാഹ്മണരെ കൊണ്ടുവന്നു താമസിപ്പിക്കേണമെന്നു് അദ്ദേഹത്തിന്നു മോഹം ഉണ്ടായി.

“ഭഗവാൻ പർവ്വതത്തിന്റെ മുകളിൽ, അതിനുള്ള ഉപായം ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ആ സമയത്തിൽ ഒരു കപ്പൽ സമുദ്രത്തിന്റെ തിരമാലകളുടെ അടിയേററു മുങ്ങിപ്പോവുകയും ഒമ്പതുപേരുടെ സുന്ദരശരീരങ്ങൾ സമുദ്രവക്കിൽ വന്നു് അണയുകയും ചെയ്തു. പരശുരാമൻ ഇവരെ രക്ഷപ്പെടുത്തി അവർക്കു സഞ്ജീവനി ശിവമന്ത്രം ഉപദേശിച്ചുകൊടുക്കുകയും അവരെ ബ്രാഹ്മണരാക്കിത്തീർക്കുകയും ചെയ്തതിന്റെ ശേഷം അവരെ അവിടെ സ്ഥിരമായി താമസിപ്പിച്ചു് അവിടെനിന്നു പോവുകയും ചെയ്തു. ഈ ഒമ്പതുപേരുടെ വംശങ്ങളിൽ നിന്നാണു് മഹാരാഷ്ട്രബ്രാഹ്മണരുണ്ടായതു്. ഇവർ ശാസ്ത്രാലോചനതല്പരന്മാരും പരമശിവഭക്തന്മാരും ദുഃഖസഹനശീലമുള്ളവരും ആകുന്നു.”

വൃദ്ധൻ ഇങ്ങിനെ പറഞ്ഞു് ഇടത്തുഭാഗത്തുള്ള പർവ്വതത്തിന്നഭിമുഖ്യായിപ്പോയി. വേഗത്തിൽ മഹാരാഷ്ട്രന്മാർ താമസിക്കുന്ന ഒരു ഗ്രാമത്തിൽ ചെന്നെത്തി. ബ്രാഹ്മണർ ഗ്രാമത്തിന്നകത്തു കടന്നപ്പോൾ അനേകം സ്ത്രീപുരുഷന്മാർ കൂടി ഒരു വലിയ പേരാലിന്റെ ചുവട്ടിലിരുന്നുംകൊണ്ടു് ആരുടേയോ വരവിനെ കാത്തിരിക്കുന്നതു കണ്ടു. അവരെല്ലാവരും എന്തോ വലിയൊരാപത്തിൽ പെട്ടിരിക്കുന്നു എന്നും, അതുനിമിത്തം അവർ ഏററവും വ്യാകുലപ്പെട്ടവരായിരിക്കുന്നു എന്നും അവരുടെ സംഭാഷണങ്ങളിൽ നിന്നു വഴിപോക്കർ മനസ്സിലാക്കി. ചിലരുടെ മുഖത്തിൽദ്വേഷ്യം ചിലരുടെ മുഖത്തിൽ കഠിനമായ വിരക്തി, മററുചിലരുടെ മുഖത്തിൽ കഠിനമായ നൈരാശ്യം എന്നിങ്ങിനെ പലവിധമായകഷ്ടതരഭാവങ്ങൾ എല്ലാവരുടെ മുഖങ്ങളിലും സ്ഫുരിച്ചിരുന്നു. ഒരാൾ മറെറാരാളോടു പറഞ്ഞു. “എന്തായാലും വേണ്ടില്ല. ഞാൻ ഇവിടെ ഇരിക്കുവാൻ വിചാരിക്കുന്നില്ല. ഒരു കൊല്ലം മുഴുവനും വെയിലും തണുപ്പും മഴയും സഹിച്ചു പ്രയത്നം ചെയ്തിട്ടു് എനിക്കു് പന്ത്രണ്ടണ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ അതു മുഴുവനും കൊടുക്കണമെന്നു കേൾക്കുന്നു.” വേറൊരാൾ പറഞ്ഞു:— “എന്റെ ദേഹം കൊണ്ടു പ്രയത്നം ചെയ്വാനും വയ്യാതായി. വഴിനടക്കാനും ശക്തിയില്ലാതായി. പണിതു പണിതു വശംകെട്ടു. ഈ കഠിനസങ്കടം ഇനി അധികകാലം സഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. വേ

ഗം പ്രാണൻ കളഞ്ഞ് ഇതിൽ നിന്നു മോചനം പ്രാപിച്ചേക്കാം." മറ്റൊരുത്തൻ പറഞ്ഞു:— "ഇവിടം വിട്ടാൽ വേറെ നല്ല സ്ഥലം വല്ലതുമുണ്ടോ? എല്ലാംദിക്കും ഒരുപോലെയായിരിക്കുന്നു. എവിടെപ്പോയാലും ഈ പാപികളുടെ ദ്രോഹത്തിൽ നിന്നു രക്ഷപ്പെടാൻ കഴിയുമെന്നു തോന്നുന്നില്ല." അവർ ഈമാതിരി ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്നു സഭയിലുള്ള എല്ലാവരും മിണ്ടാതെയായി. കുതിരപ്പുറത്തു കയറിയവനും മൂന്നു ഗോപി ധരിച്ചവനും ഒരു കക്ഷത്തിൽ പുസ്തകത്തോടുകൂടിയവനുമായ ഒരാളുടെ നേരെ എല്ലാവരുടേയും ദൃഷ്ടി പതിഞ്ഞു. അയാൾ അടുത്തെത്തിയപ്പോൾ എല്ലാവരും സംഭ്രമത്തോടുകൂടി എണീററ് അഭിവാദ്യം ചെയ്തു.

വന്ന ആൾ കുതിരപ്പുറത്തു നിന്നിറങ്ങി സഭയുടെ നടുവിലുള്ള ഒരു ഉയർന്ന കല്ലിന്മേൽ ചെന്നിരുന്നു. പിന്നെ സഭയെ വന്ദിച്ചു പുസ്തകം തുറന്നു, മൃദുമന്ദസ്വരത്തിൽ കുറച്ചു നേരം വായിച്ചു. ശ്രോതാക്കളെല്ലാം അനങ്ങാതെ ഇരുന്നു. പിന്നെ അയാൾ പുസ്തകത്തിൽനിന്നു മുഖം എടുത്ത് മഹാരാഷ്ട്രഭാഷയിൽ പറഞ്ഞുതുടങ്ങി:—

"നാം സഹ്യപർവ്വതനിവാസികളാണ്. മഹാതപസ്വിയായ ഭഗവാൻ പരശുരാമനാണ് നമ്മുടെ വംശപ്രതിഷ്ഠ ചെയ്തിരിക്കുന്നത്. നാം പരമയോഗിയായ മഹാദേവന്റെ സേവകന്മാരാണ്. സഹ്യപർവ്വതം നമ്മുടെ ഇരിപ്പിടമാണ്. തപസ്സു നമ്മുടെ കർമ്മമാണ്. യോഗം നമ്മുടെ അവലംബമാണ്. സഹനശീലം, തപസ്സ്, യോഗാഭ്യാസം എന്നീ മൂന്നും ഒരു വസ്തു തന്നെയാണ്. ഈ മൂന്നിലും ക്ലേശം സ്വീകരിക്കേണ്ടതാണെന്നു മനസ്സിലാക്കണം. ക്ലേശം സ്വീകരിക്കാൻ നാം ഒരിക്കലും ഭയപ്പെടരുത്. സഹ്യവാസികളായ നാം ഒരിക്കലും ചഞ്ചലന്മാരായിത്തീരരുത്. തപശ്ചര്യയോടുകൂടിയ നാം ഒരിക്കലും വിലാസികളായിത്തീരരുത്. യോഗത്തെ അവലംബിച്ചവരായ നാം ഒരിക്കലും യോഗഭ്രഷ്ടന്മാരാവരുത്.

"കഷ്ടത്തെ സ്വീകരിക്കുന്നതാണ് സകല ധർമ്മത്തിന്റേയും മൂലധർമ്മം. സഹിഷ്ണുതയാണ് സകലശക്തികളുടേയും പ്രധാന ശക്തി. കഷ്ടത്തെ സ്വീകരിക്കാൻ ആർക്കു കഴിയുന്നുവോ അവർക്ക് അസാദ്ധ്യമായിട്ട് ഒന്നും തന്നെ ഇല്ല. ഭൂതനാഥനായ ദേവാദിദേവൻ ചിരതപസ്വിയാണ്. തന്നിമിത്തം മഹാശക്തിയായ ഭഗവതി അദ്ദേഹത്തിന്റെ ഒന്നിച്ചു തന്നെ ഇരിക്കുന്നു.

"ശ്രീരാമൻ പതിനാലുകൊല്ലം വനവാസദുഃഖത്തെ അംഗീകരിച്ചു. ത്രിഭുവനവിജയിയും ലങ്കേശ്വരനും പരദ്രവ്യാപഹാരിയും ആയ രാവണന്റെ പക്കൽ നിന്നു മഹാലക്ഷ്മിയെ തിരികെ കൊണ്ടുവന്നു. യുധിഷ്ഠിരൻ പ്രകൃത്യാ തന്നെ സഹിഷ്ണുവായിരുന്നു. അദ്ദേഹത്തെക്കാൾ ബലവാന്മാരും ബുദ്ധിമാന്മാരുമായ സഹോദരന്മാർ അദ്ദേഹത്തിനു കീഴടങ്ങിനിന്നതുകൊണ്ടാണ്, നഷ്ടമായ രാജ്യം വീണ്ടെടുക്കാൻ അവർക്കു സാധിച്ചത്. സഹ്യൻ നമ്മുടെ വാസസ്ഥാനമാണ്. സഹ്യൻതന്നെയാണ് നമ്മുടെ ബലം. അതുകൊണ്ട് നാം ഒരുകാലത്തും സഹ്യഭ്രഷ്ടന്മാരായിത്തീരരുത്.

"ഉജ്ജയിനീപതിയും രാജാധിരാജനുമായ വിക്രമാദിത്യനും അദ്ദേഹത്തിന്റെ ഗുണഗണങ്ങളും തമ്മിൽ ഒരു കാലത്ത് രസക്ഷയം ഉണ്ടായതായി കേട്ടിട്ടുണ്ട് ഗുണങ്ങൾ അഹങ്കാരമത്തന്മാരായി രാജാവിനോടു പറഞ്ഞു:— "ഹേ രാജൻ! ഞങ്ങളുടെ ബലംകൊണ്ടാണ് അങ്ങ് ബലവാനായിരിക്കുന്നത്." രാജാവ് ഗുണങ്ങളെ ഓരോന്നായി യാത്രയയച്ചു. ശാന്തി, ബുദ്ധി, പ്രജ്ഞാ മുതലായ സകല ഗുണങ്ങളും പോയി. മററുള്ളവയുടെ കഥ പറയേണ്ടതില്ലല്ലോ. ഒടുക്കം രാജലക്ഷ്മിയും അദ്ദേഹത്തിനെ വിട്ടുപിരിഞ്ഞു. പിന്നെ സഹിഷ്ണുതാദേവി യാത്രപറവാനായി രാജാവിന്റെ അടുക്കൽവന്നു. രാജാവു ദേവിയെ പോവാൻ അനുവദിക്കാതെ ഇങ്ങിനെ പറഞ്ഞു:— "അമ്മേ! ഞാൻ ഭവതിയെ മാത്രമാണ് അവലംബമായിക്കരുതിയിരിക്കുന്നത്. ഭവതി എന്നെ ഉപേക്ഷിക്കരുത്." ദേവി അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. താമസിയാതെ രാജാവിനെ ഉപേക്ഷിച്ചുപോയ ഗുണങ്ങളെല്ലാം മടങ്ങിവന്നു. രാജലക്ഷ്മിയും തിരിച്ചുവന്നു. വിക്രമാദിത്യൻ പരമജ്ഞാനിയായിരുന്നു. അദ്ദേഹം ശാസ്ത്രാർത്ഥം യഥാർത്ഥമായി ധരിച്ചിരുന്നു. ഭൂമി സർപ്പരാജാവായ അനന്തന്റെ മേലും, അനന്തൻ ആമയുടെ പുറത്തും സ്ഥിതിചെയ്യുന്നു എന്നു ശാസ്ത്രങ്ങളിൽ പറയുന്നുണ്ട്. ആമയുടെ സ്വഭാവം എന്താണ്? ആമയെ എന്തുതന്നെ ഉപദ്രവംചെയ്താലും ആമ അതിന്നു യാതൊരു പ്രതിക്രിയയും ചെയ്യുന്നില്ല. ആമ തന്റെ മുഖഭാഗവും കൈകാലുകളും അകത്തേക്കു വലിക്കുകയും തന്റെ ഉള്ളിലുള്ളതും അതിരില്ലാത്തതുമായ ധൈര്യത്തെ അവലംബിച്ചിരിക്കുകയും ചെയ്യുന്നു. ആമ തന്നെയാണ് സഹിഷ്ണുതയുടെ ഉത്തമോദാഹരണം. അതുകൊണ്ടു സഹനശീലത്തെ നാം വിട്ടുകളയരുത്. ആമയുടെപുറം വിട്ട് നാം ദൂരെപ്പോകരുത്. ദൂരെപ്പോയാൽ നമുക്ക് ഒന്നായിട്ടു പാതാളം കാണാറാവും.

"പണമില്ലാത്ത ബുദ്ധിമുട്ടു നിങ്ങൾക്കു നേരിട്ടിട്ടുണ്ടോ? നേരിടുവാനുള്ള ആരംഭം ഉണ്ടോ? കുറച്ചുകാലം ബുദ്ധിമുട്ടേണ്ടിവരും എന്നുതന്നേ ഉറയ്ക്കുക. എന്നാൽ നിങ്ങൾ എന്തുചെയ്യും? ആമയുടെ സ്വഭാവത്തെ അനുകരിക്കും. മുഖവും കരലും കയ്യും എല്ലാം ഉള്ളിലേക്കു വലിക്കും. സുഖാനുഭവങ്ങളിലുള്ള ആഗ്രഹത്തെ ഉപേക്ഷിക്കും. കളി, ചിരി, നേരംപോക്കു മുതലായതും ഉപേക്ഷിക്കും. ചിലവുകളെല്ലാം ചുരുക്കും. ഈശ്വരസേവയും അതിഥിപൂജയും കൂടി ചുരുക്കും. നീതിന്യായം ചെയ്യുന്നമെന്ന് അപേക്ഷിക്കാനായി രാജധാനിയിലേക്കു പോയി വെറുതെ പണം ചിലവുചെയ്യില്ല. ഗൃഹച്ഛിദ്രങ്ങളെല്ലാം ഗൃഹങ്ങളിൽവെച്ചുതന്നെ നിങ്ങൾ തീർക്കും. ഈ മാതിരി നിങ്ങൾ ബലം സമ്പാദിച്ചാലും! നിങ്ങൾ ആമയുടെ സ്വഭാവത്തെ അവലംബിക്കുവിൻ! നിങ്ങളുടെ ശക്തിയുടെ ആധിക്യവും ഭക്തിയുടെ ഉറപ്പും നിങ്ങളുടെ പ്രവൃത്തികൾകൊണ്ടു വെളിപ്പെടുത്തുവിൻ! അടിക്കുന്നവന്റെ ശക്തിയോ അധികം, അതോ അടി കൊള്ളുന്നവന്റെ ശക്തിയോ അധികം? അടി സഹിക്കാൻ ത്രാണിയുള്ളവന്റെ ശക്തിക്കുതന്നെയാണ് ആധിക്യം.

"നമുക്കു പോവുക. എല്ലാവരും കൂടിപ്പോയി മഹാദേവിയും കരാളിയും പരമാരാദ്ധ്യയും ആയ സഞ്ജീവനീദേവിയുടെ

മൂർത്തിയെ ദർശിച്ചുവരിക.” എന്നിങ്ങിനെ പറഞ്ഞു വക്താവ് എണീററപ്പോൾ ശ്രോതാക്കളും എണീററു. അവർ അയാളുടെ പിന്നാലെ നടന്നു. ബ്രാഹ്മണർ രണ്ടുപേരും അവരുടെ കൂന്നിച്ചു പോയി. അവർ മലയിലുള്ള വഴിയിൽകൂടി രണ്ടുനാഴികയിലധികം ദൂരം പോയതിൻെറ ശേഷം സാമാന്യമായ ഒരു ദേവാലയത്തിൻെറ മുമ്പിൽ ചെന്നെത്തി. പുറത്തു നിന്നു നോക്കിയാൽ ദേവാലയത്തിൻെറ ഉള്ളിൽ എട്ടുപത്താളുകൾക്കു കഷ്ടിച്ചു നില്ക്കാവുന്നതാണെന്നു മാത്രമേ തോന്നുകയുള്ളു. എന്നാൽ ഇരുമ്പിൻകൂട്ടം പോട്ടിൽ പ്രവേശിക്കുന്നതുപോലെ മൂന്നു നാല് ആളുകളായിട്ടു ക്രമത്തിൽ കടന്ന് അവരെല്ലാവരും ദേവാലയത്തിന്നുള്ളിൽ പ്രവേശിച്ചു.

തൃശ്ശിവപേരൂർ.

—കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ.

## *കപോതപുഷ്പം.

ഇതരസൌരഭവീചിയെ മേന്മയാൽ
വിധുരമാക്കിയിളംകുളിർവായുവിൽ
എതിരകന്നിവിടെ പ്രസരിപ്പൊരീ-
മധുരഗന്ധമഹോ, മതിമോഹനം! ൧

ഭ്രമരനീലദലാവലികൾക്കു മേൽ
വിമലമായ് മലർമഞ്ജരിയൊന്നിതാ;
കമമുള്ളിലെഴുന്ന കുളത്തിൽ നീർ-
ക്കമലതൻ നിരപോൽ വിലസുന്നിതേ. ൨

ധവളമാം സ്ഫുടികച്ചിമിഴീവിധം
നവസുഗന്ധമൊടൊന്നു തുറന്നതോ?
അവികലം മണിയാന്നതിനിർമ്മല-
ച്ഛവിയൊടും പുതുശിപ്പി വിടന്നതോ? ൩

അതിവിചിത്രമനോഹരശില്പമീ-
ത്തിയ പ്പ്;- കരകൗശലശാലയിൽ
ഇതിനൊടൊത്തൊരു ദന്തമയങ്ങളാം
കൃതികളില്ല—വിധേ, വിള തന്നെനീ. ൪
(യുഗ്മകം)

അഹഹ! നിർമ്മലലോലമനോജ്ഞമീ
വിഹഗമെങ്ങിനെ വന്നിതിനുള്ളിലായ്
ഗഹനമേ വിധിചേഷ്ട!— പിറാവിതിൽ
സഹജമോ?- നിഴലോ?- മിഴിമായയോ? ൬

ഒരു വികാരവുമെന്നിയഹോ ഖഗം
മരുവിടുന്നിതു മൌനസമാധിയിൽ
പറവയിൽച്ചിലതുണ്ടവതാരമായ്-
പ്പറയുമങ്ങനെയാഗമവേദികൾ. ൭

ഭുവനതത്ത്വവുമന്തവുമൊന്നുമേ
വിവരമില്ല, പഠിച്ചു വലഞ്ഞിതേ
ഇവനതെൻ പരിശുദ്ധകപോതികേ,
ഭവതിയോരുകിലമ്പിനൊടോതണേ! ൮

തിരുവനന്തപുരം.

—എൻ. കുമാരനാശാൻ.

*ഇതിന്നു ഇംഗ്ലീഷിൽ Dove Archids എന്നാണ് പേര്. അതിസുഗന്ധിയായ ഈ മനോഹരപുഷ്പത്തിൻെറ ഉള്ളിൽ പിറാവിന്നു തുല്യമായ ഒരവയവവും, ചെടിയുടെ ചുവട്ടിൽ കുംഭാകൃതിയിൽ പൊങ്ങിയ ഒരു കണ്ടവുമുണ്ട്. ഇലകൾ തെങ്ങിൻെറ ഓല പോലെയാണ്.

## കിച്ചനർപ്രഭു.

# IV

### ഇൻഡ്യയിലെ സർവ്വസൈന്യാധിപത്യം

കിച്ചനർപ്രഭു തെക്കേ ആഫ്രിക്കായിൽനിന്ന് ൧൯൦൨-ൽത്തന്നെ മടങ്ങി ഇംഗ്ലണ്ടിലെത്തി. അദ്ദേഹത്തിനു പിന്നെയും അവിടെ അധികം താമസിച്ചു വിശ്രമിക്കുന്നതിനു സാധിച്ചില്ല. അദ്ദേഹത്തെ ആ ആണ്ടിൽത്തന്നെ നവംബർ ൨൮-ാംനു- ഇൻഡ്യയിലെ സർവ്വസൈന്യാധിപതിയായി നിയമിച്ചു ഗവർമ്മേൻറിൽനിന്ന് ഉത്തരവു കൊടുത്തു. അദ്ദേഹം ൧൯൦൯ സെപ്ടമ്പർ ൯-ാംനു-വരെ ഏഴുകൊല്ലം മാത്രമേ ആ ഉദ്യോഗത്തിലിരുന്നുള്ളു. ആ ചുരുങ്ങിയ കാലത്തിനിടയ്ക്ക് അദ്ദേഹം ഗവർമ്മേൻറിൻെറയും നാട്ടുകാരുടെയും ഗുണത്തിനായി ഇൻഡ്യയിൽ പല സംഗതികൾ നടത്തീട്ടുണ്ട്. എന്നാൽ അദ്ദേഹം സർവ്വസൈന്യാധിപതിയായി ഇൻഡ്യയിൽ വന്നിട്ടു ദ്രുതഗതിയിൽ യാതൊന്നും ചെയ്യുന്നതിനാരംഭിച്ചില്ല.

കിച്ചനർപ്രഭു ആദ്യംതന്നെ ഇൻഡ്യാരാജ്യം മുഴുവനും സഞ്ചരിച്ചു കാണുകയാണ് ചെയ്തത്. ഈ സഞ്ചാരത്തിൽ ൧൩൦൦ മൈൽ ദൂരം വരെ അദ്ദേഹം കുതിരപ്പുറത്തും കാൽനടയുമായിട്ടു തന്നെ കഴിച്ചുകൂട്ടി. അദ്ദേഹം ഈ യാത്രയിൽ തനിക്കു കാണ്മാനിടയായ എല്ലാ ഉദ്യോഗസ്ഥന്മാരോടും പൌരപ്രധാനന്മാരോടും ഓരോ കാര്യങ്ങളെപ്പററി ചോദിച്ചറിയുകയും ആലോചിക്കുകയും ചെയ്തിരുന്നു.

ഇക്കാലത്ത് ഇൻഡ്യയിലെ വൈസ്രോയിയായിരുന്നതു പ്രസിദ്ധനായ കഴ്സൺപ്രഭു അവർകളായിരുന്നു. കഴ്സൺപ്രഭു അവർകളുടെ താൽപര്യംകൊണ്ടു കൂടിയായിരുന്നു കിച്ചനർപ്രഭുവിനെ ഇൻഡ്യയിലെ സർവ്വസൈന്യാധിപതിയായി നിയമിച്ചത്.

കിച്ചനർപ്രഭുവിൻെറ ശ്രദ്ധ ഇൻഡ്യയിൽ പ്രധാനമായി പതിഞ്ഞത് ഇവിടെയുള്ള സൈന്യങ്ങളെ പരിഷ്കരിക്കുകയെന്ന വിഷയത്തിലായിരുന്നു. തെക്കേ ആഫ്രിക്കായിലെ യുദ്ധരംഗങ്ങളിൽവെച്ചു തനിക്കുണ്ടായ അനുഭവത്തെ ഓർത്തു പ്രഭു ഇൻഡ്യയിലെ ബ്രിട്ടീഷുപട്ടാളക്കാരെയും നാട്ടുപട്ടാളക്കാരെയും ആധുനികയുദ്ധശാസ്ത്രമനുസരിച്ച് ആയോധനവിദ്യ പരിശീലിപ്പിക്കുകയും അവക്കു വേണ്ടുന്ന യുദ്ധോപകരണങ്ങൾ ഉണ്ടാക്കിച്ചു ശരിപ്പെടുത്തുകയും ചെയ്തു. ഈ വിഷയത്തിൽ ആദ്യമാദ്യം കിച്ചനർപ്രഭുവിനു കഴ്സൺപ്രഭു അവർകളുടെ സഹായസഹകരണങ്ങൾ ധാരാളമായിട്ടുണ്ടായിരുന്നു. എങ്കിലും ഒടുക്കമൊടുക്കം ആ സ്ഥിതിക്കു വളരെ അന്തരം വന്നുപോയി. വൈസ്രോയിയുടെ ഭരണസഭയിൽ യുദ്ധകാര്യം സംബന്ധിച്ചു

ള്ള ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെക്കുറിച്ചു കഴ്സൺപ്രഭു അവർകളും കിച്ചനർപ്രഭുവും തമ്മിൽ ഒരു തൎക്കമുണ്ടാവുകയും, അതു വൎദ്ധിച്ചു ക്രമേണ വലിയ വഴക്കായിത്തീരുകയും ചെയ്തു. തുല്യബലന്മാരായ രണ്ടു മഹാന്മാർ തമ്മിൽ നേരിട്ടാൽ പിന്നത്തെക്കഥ പറയാനില്ലല്ലോ. ആരാണ് മടങ്ങുന്നത്? "ചക്രാസ്ത്രങ്ങളിടഞ്ഞിട ചേർന്നാലിക്കാണുമായ പ്രപഞ്ചം നാസ്തി" എന്നല്ലാതെ വരികയില്ലല്ലോ. തൎക്കം വൎദ്ധിച്ചുവൎദ്ധിച്ച്, ഇതിൽ പരാജയം സംഭവിക്കുന്ന പക്ഷം ഉദ്യോഗം രാജിവെച്ചു പോവുകതന്നെ എന്നു രണ്ടുപേരും തീർച്ചപ്പെടുത്തി. "വൈസ്രോയി രാജിവെച്ചു പോകുന്ന പക്ഷം ആ ജോലിക്കു തത്തുല്യനായി മറ്റൊരാൾ ഉണ്ടായേക്കാം. എന്നാൽ സർവ്വസൈന്യാധിപത്യം വഹിക്കുന്നതിന് ഇദ്ദേഹത്തെപ്പോലെ ഒരാളെ കിട്ടുന്ന കാര്യം പ്രയാസമാണ്" എന്നു വിചാരിച്ചിട്ടോ എന്തോ, ഈ വാദത്തിൽ ഇൻഡ്യാസെക്രട്ടറി കിച്ചനർപ്രഭുവിൻെറ ഭാഗത്താണ് ചേർന്നത്. അതിനാൽ സൈന്യഡിപ്പാർട്ടുമെൻറിൻെറ മേൽ എല്ലാ പ്രകാരത്തിലുമുള്ള അധികാരകർത്തൃത്വം സർവ്വസൈന്യാധിപനുതന്നെ ഇരിക്കേണ്ടതാണെന്നു തീർച്ചചെയ്തു. തന്നിമിത്തം ൧൯൦൫-ൽ കഴ്സൺപ്രഭു അവർകൾ വൈസ്രോയിസ്ഥാനം രാജിവെച്ചു പോവുകയും ചെ ചെയ്തു.

ഇൻഡ്യൻ സൈന്യങ്ങളുടെ മേൽ പരിപൂർണ്ണമായ പ്രധാനനായകത്വം ലഭിച്ചതിൻെറ ശേഷം കിച്ചനർപ്രഭു വീണ്ടും സൈന്യപരിഷ്കാരം ആരംഭിച്ചു. ഇൻഡ്യയിലെ സൈന്യങ്ങളെ മുൻപു നാലായിട്ടാണ് വിഭജിച്ചിരുന്നത്. അതിനെ ഭേദപ്പെടുത്തി അദ്ദേഹം ഒൻപതു ഡിവിഷനായി ഭാഗിച്ചു. ഇവക്കു യുദ്ധോപകരണങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ഗവർമ്മെൻറുവകയായിത്തന്നെ ചില സ്ഥലങ്ങളിൽ പ്രത്യേകം ശാലകൾ സ്ഥാപിക്കുകയും, അവയിൽ നിന്നു സകല സാമഗ്രികളുമുണ്ടാക്കിച്ചു കൊടുക്കുകയും ചെയ്തു. ഒൻപതു സൈന്യവിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം ഓരോ നായകന്മാരെയും മറ്റുദ്യോഗസ്ഥന്മാരെയും നിയമിക്കുകയും, ഈ സൈന്യങ്ങളെ പ്രത്യേകം ആയോധനവിദ്യ പരിശീലിപ്പിക്കുകയും, മേലുദ്യോഗസ്ഥന്മാൎക്കുതന്നെ ആയോധനാഭ്യാസം കുറവായിരുന്നതിനാൽ അവരെ അഭ്യസിപ്പിക്കുന്നതിനായി പ്രത്യേകമൊരു കോളേജു സ്ഥാപിക്കുകയും ചെയ്തു. ഇത്രയുമെല്ലാം കഴിഞ്ഞതിൻെറ ശേഷം കിച്ചനർപ്രഭു ൧൯൦൭ മെ-മാസത്തിൽ ഇൻഡ്യൻസൈന്യങ്ങളെ ഉത്തരസൈന്യമെന്നും ദക്ഷിണസൈന്യമെന്നും പേരിട്ടു രണ്ടായി ഭാഗിക്കുകയും, ആ രണ്ടു ഭാഗക്കാരുടെയും യുദ്ധപരിശീലനത്തിന് ഐകരൂപ്യം വരുത്തുന്നതിനായി അവരുടെ നായകന്മാരെ അങ്ങോട്ടുമിങ്ങോട്ടും മാറി മാറി നിയമിക്കുകയും ചെയ്തു. അതിൻെറ ശേഷം പ്രഭു പട്ടാളക്കാരുടെ ശമ്പളം, പെൻഷൻ, അലവൻസ് മുതലായവ വൎദ്ധിപ്പിക്കുകയും, ക്രമപ്പെടുത്തുകയും ചെയ്ത്, അവ ഒരു നല്ല സ്ഥിതിയിലാക്കി. അശ്വസൈന്യങ്ങളുടെ വകയായ കുതിരകൾ മറ്റാവശ്യങ്ങൾക്കായി വേണ്ടിയിരുന്ന കോവർക്കഴുതകൾ, കാളകൾ, പട്ടാളക്കാൎക്കു വേണ്ട പാൽപ്പശുക്കൾ എന്നിവയുടെ സംരക്ഷണത്തിനായി മേച്ചിൽസ്ഥല

ങ്ങളും മററും ഇൻഡ്യയിൽ പലേടത്തും ഏൎപ്പെടുത്തി. പട്ടാളഡിപ്പാർട്ടുമെൻറു സംബന്ധിച്ചുള്ള കണക്കുകളും അവരുടെ ആരോഗ്യരക്ഷയ്ക്കായിട്ടുള്ള വൈദ്യഡിപ്പാർട്ടുമെൻറും പരിഷ്കരിച്ച് ഉത്തമരീതിയിലാക്കി. കിച്ചനർപ്രഭു ഇൻഡ്യയിൽ ഇപ്രകാരം ചെയ്ത സൈന്യപരിഷ്കാരം വകയ്ക്കു ഏകദേശം ൨൨,൫൬,൦൦൦ പവൻ ചെലവായിട്ടുണ്ട്. ഇദ്ദേഹം ഇൻഡ്യൻ സൈനികന്മാരെ ഇപ്രകാരം പരിശീലിപ്പിക്കുകയും, അവൎക്കു വേണ്ടുന്ന യുദ്ധോപകരണങ്ങളെല്ലാം അന്യൂനമായി ഉണ്ടാക്കിച്ചുകൊടുത്തു ശരിപ്പെടുത്തുകയും ചെയ്തിരുന്നതിനാലാണ്, ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കരയുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിക്കുന്നതിലേയ്ക്കായി യാതൊരു വൈമനസ്യവും താമസവും കൂടാതെ ഇവരെ അയച്ചതെന്നുള്ളതിനു സംശയമില്ല.

കിച്ചനർപ്രഭു ഇൻഡ്യയിൽ സൎവ്വസൈന്യാധിപതിയായിരുന്ന കാലത്ത് 1908 നവംബർ മാസത്തിൽ നമ്മുടെ മഹാരാജാവുതിരുമനസ്സിലെ ക്ഷണനപ്രകാരം തിരുവനന്തപുരത്തു വരികയും, തിരുവിതാംകൂർ ഗവർമെൻറിന്റെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് ഏതാനും ദിവസം ഇവിടെ അന്ന് അതിഥിമന്ദിരമായി ഉപയോഗിച്ചിരുന്ന നക്ഷത്രബംഗ്ലാവിൽ താമസിക്കുകയും, അവിടെനിന്നു കന്യാകുമാരിവരെ പോവുകയും ചെയ്തിട്ടുള്ളതു കൂടാതെ പീരുമേട്, അഴുത മുതലായ സ്ഥലങ്ങളിൽ സഞ്ചരിക്കുകയും ഇവിടങ്ങളിലുള്ള വനങ്ങളിൽക്കടന്നു വേട്ടയാടുകയും ചെയ്തിട്ടുണ്ട്. അന്ന് ഇദ്ദേഹം മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സവാരിചെയ്തതു പരേതനായ ആംക്കുർരാവുത്തരുടെ വക ഒരു മട്ടംകുതിരയുടെ പുറത്തു കയറിയായിരുന്നു എന്നുള്ളതും സ്മരണീയമാണ്. തിരുവിതാംകൂറിലെ വനവാസികളായ അരയന്മാരാൽ ഈററ, മുള മുതലായവകൊണ്ടു മാത്രം ഉണ്ടാക്കപ്പെട്ടതായ ഒരു പുര കണ്ട് ഇദ്ദേഹം അന്നു വളരെ അത്ഭുതപ്പെടുകയുണ്ടായി. ഇദ്ദേഹം ആയിടയ്ക്കു ഒരിക്കൽ കൊച്ചിയിലും വരികയുണ്ടായിട്ടുണ്ട്.

## ഇതരസൈന്യ പരിഷ്കരണം.

ഇൻഡ്യയിലെ ജോലിതീൎന്നതിനോടുകൂടി കിച്ചനർ പ്രഭുവിനു ബ്രിട്ടീഷുസൈന്യാധിപന്മാൎക്കു ലഭിക്കാവുന്നവയിൽ വെച്ച് ഏററവും ഉയൎന്ന ബഹുമതിയോടു കൂടിയ "ഫീൽഡ്മാർഷൽ" എന്ന സ്ഥാനം ലഭിച്ചു. ഇപ്രകാരമുള്ള അവസരങ്ങളിൽ പ്രായേണ വലിയ ഉദ്യോഗസ്ഥന്മാരെല്ലാം സാധാരണമായി ചെയ്യുന്നതു സ്വദേശത്തു പോയി ഏതാനും കാലം വിശ്രമസുഖമനുഭവിക്കുകയാണല്ലോ. എന്നാൽ കിച്ചനർപ്രഭു അതിനായി ആഗ്രഹിക്കുകയോ, അദ്ദേഹത്തിനതിനു സൌകൎയ്യവും സമയവും ലഭിക്കുകയോ ചെയ്തില്ല.

ബ്രിട്ടീഷുസാമ്രാജ്യത്തിലെവിടെയുമുള്ള സൎവ്വസൈന്യങ്ങളെയും പുനസ്സംഘടിപ്പിക്കുകയും സാമ്രാജ്യത്തിന്റെ രക്ഷയ്ക്കായി ഒരു പുതിയരീതി ഏൎപ്പെടുത്തി പരിഷ്കരിക്കുകയും ചെയ്യുന്നമെന്നുള്ള ആലോചന അക്കാലത്തു ബലപ്പെട്ടു തുടങ്ങിയിരുന്നു. ഇക്കാലത്തുതന്നെ ആസ്ത്രേലിയാ ന്യൂസീലൻഡ് ഈ സ്ഥലങ്ങളിലെ ഗവൎമ്മെൻറുകളും അവരുടെ സൈന്യങ്ങളെ പരിഷ്കരിക്കാനാരംഭിച്ചിരുന്നു. അതിനാൽ അതിലേയ്ക്കു വേണ്ടുന്ന ആലോചനയ്ക്കായി ആ

ഗവമ്മേൻറുകൾ കിച്ചനർപ്രഭുവിനെ അങ്ങോട്ടു ക്ഷണിച്ചു. അതനുസരിച്ചു പ്രഭു ഇൻഡ്യയിൽനിന്നുള്ള മടക്കത്തിൽ ആ വഴിയേ പോവുകയും, അവിടങ്ങളിൽ ഏതാനും ദിവസം താമസിച്ചു സൈന്യങ്ങളെ പരിശോധിക്കുകയും, സൈന്യവകുപ്പു പരിഷ്കരിക്കേണ്ടുന്ന വിധത്തെപ്പററി ഒരു മെമ്മോറാണ്ടം തയ്യാറാക്കിക്കൊടുക്കുകയും അതിനെ ആ ഗവമ്മേൻറുകൾ സ്വീകരിക്കുകയും, അതനുസരിച്ച് അവിടത്തെ സൈന്യങ്ങളെ പരിഷ്കരിക്കുകയും ചെയ്തു. ഇപ്പോഴത്തെ ഭയാനകസമരത്തിൽ ആസ്ത്രേലിയായിലെ സൈന്യങ്ങൾ പല സ്ഥലങ്ങളിൽ ധീരതയോടും വിദഗ്ദ്ധതയോടും കൂടി സമരംചെയ്യുന്നതു കിച്ചനർപ്രഭു ചെയ്ത ആ ശ്രമത്തിൻെറ ഫലംകൂടിയാണെന്നു തീർച്ചയായി പറയാം.

കിച്ചനർപ്രഭു ആസ്ത്രേലിയായിൽ നിന്നു തിരിച്ചുവരുംവഴി ജപ്പാൻ, അമേരിക്ക മുതലായ സ്ഥലങ്ങൾ കൂടി സന്ദർശിച്ചതിൻെറ ശേഷമാണു് ഇംഗ്ലണ്ടിലെത്തിയത്.

## ഇംഗ്ലണ്ടു നിവാസം.

കിച്ചനർപ്രഭു ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയപ്പോൾ മെഡിറററെനിയൻസ്ഥലങ്ങളിലെ ഹൈകമ്മീഷണരും കമാൻഡറിൻചീഫും എന്ന സ്ഥാനം വഹിച്ചിരുന്നത് എഡ്വേർഡ് ചക്രവത്തി തിരുമനസ്സിലെ സഹോദരനായ കൊണ്ണോട്ടിലെ പ്രഭുവായിരുന്നു. എങ്കിലും അധികം താമസിയാതെ അദ്ദേഹം ആ സ്ഥാനം ഒഴിയുകയാൽ, അതിനു കിച്ചനർപ്രഭുവിനെ നിയമിച്ചു. എന്നാൽ ആ സ്ഥാനം സ്വീകരിക്കുന്നതിനു പ്രഭുവിനു തീരെ മനസ്സില്ലായിരുന്നു. എഡ്വേർഡ് ചക്രവത്തി തിരുമനസ്സിലെ നിർബന്ധത്തെ നിരാകരിക്കാൻ നിവൃത്തിയില്ലാതെ വരികയാൽ ഒരു ക്ലിപ്ത കാലത്തേയ്ക്കു മാത്രമായിട്ടാണ് അദ്ദേഹം അതു സ്വീകരിച്ചത്. ഒടുക്കം കിച്ചനർപ്രഭുവിൻെറ അപേക്ഷപ്രകാരം ആ സ്ഥാനമൊഴിഞ്ഞുകൊള്ളുന്നതിനു ചക്രവത്തിതിരുമനസ്സുകൊണ്ടു് അനുവദിക്കുകയും, പ്രഭു അതു രാജിവെച്ച് ഒഴിയുകയും ചെയ്തു.

അതിൻെറ ശേഷം കിച്ചനർപ്രഭു കാൻററർബറി എന്ന പ്രദേശത്ത് ൭൦ ഏക്കർ വിസ്താരമുള്ള "ബ്രൂംപാർക്ക്" എന്ന സ്ഥലവും ഒരു വലിയ മാളികയും കൂടി വിലയ്ക്കു വാങ്ങി. പിന്നെ അദ്ദേഹം തൻെറ സമയത്തിൽ മുക്കാൽ ഭാഗവും അവിടെയുണ്ടായിരുന്ന കെട്ടിടം നന്നാക്കിക്കുന്നതിനും, തൻെറ പ്ലാൻ അനുസരിച്ചു തോട്ടങ്ങൾ പരിഷ്കരിച്ചു ശരിപ്പെടുത്തുന്നതിനും മററുമായി വ്യയംചെയ്തുകൊണ്ടിരുന്നു. ഇടയിടയ്ക്കു കിച്ചനർപ്രഭു "ലണ്ടൻ ചാത്താം ആൻഡ് ഡോവർ" റെയിൽവേക്കമ്പനിയിലെ ഒരു ഡയറക്ടർസ്ഥാനവും സ്വീകരിച്ചിരുന്നു.

കോട്ടയം. —കെ. എം. മാത്തുള്ളമാപ്പിള.

## സുഖജീവിതം.

ജീവിതദശയിൽനിന്നു പഠിക്കേണ്ടതായ ഏററവും പ്രധാനമായ സംഗതി, എങ്ങിനെയാണ് ജീവിച്ചിരിക്കേണ്ടത് എന്നാണ്. മനുഷ്യൎക്ക് ജീവനെപ്പോലെ വിലപിടിച്ചതായി ഒന്നുംതന്നെ ഇല്ല. എന്നാൽ ആ ജീവനെ വേണ്ടതുപോലെസൂക്ഷിച്ചു രക്ഷിക്കാൻ ആരും അത്ര ശ്രദ്ധ വെയ്ക്കാറില്ല. ഇത് അത്ര എളുപ്പമുള്ള സംഗതി അല്ല താനും. ജീവിതത്തിൽ വിജയവും സുഖവും സന്തോഷവും നമ്മുടെ സ്ഥിതിയെയല്ല, നമ്മെ തന്നെയാണ് ആശ്രയിച്ചിരിക്കുന്നത്. അന്യന്മാർ നിമിത്തം നശിച്ചവരെക്കാൾ തന്നെത്താൻ ഘ്നണം ചെയ്യാതെ നശിച്ചവരാണ് അധികം. ഭൂകമ്പംകൊണ്ടും കൊടുങ്കാററുകൊണ്ടും നശിച്ചുപോകുന്നതിനെക്കാൾ മനുഷ്യന്റെ കൈകൊണ്ടാണ് പട്ടണങ്ങളും ജനങ്ങളും അധികം നശിച്ചുപോകുന്നത്. ഇപ്പോഴത്തെ അതിഭയങ്കരമായ യുദ്ധംതന്നെ ഇതിന്ന് ഉദാഹരണമാണല്ലോ.

നാശം രണ്ടു വിധമുണ്ട്: ഒന്നു കാലത്തിന്റെ പണിയാണ്; ഒന്നു മനുഷ്യന്റെയും. എല്ലാ നാശത്തിലും വെച്ചു പരിതാപകരമായതു മനുഷ്യന്റെ നാശമാകുന്നു. മനുഷ്യന്റെ വലിയ ശത്രു, അവന്റെ മനസ്സു തന്നെയാണ്. ദൈവം ദോഷത്തെ സൃഷ്ടിക്കുന്നില്ല. സ്വാതന്ത്ര്യത്തെ കൊടുക്കുന്നു. ആ സ്വാതന്ത്ര്യം വേണ്ടതുപോലെ ഉപയോഗിക്കാത്തതിനാൽ നാം അതിൽനിന്നു കഷ്ടപ്പാടനുഭവിക്കുന്നു. അതിന് ഉത്തരവാദി നാം തന്നെയാണല്ലോ. വളരെ ആളുകൾ അന്യന്മാരെ കഷ്ടപ്പെടുത്തുന്നതിനായിട്ടു വളരെ സമയം കളയുന്നു. വാൎദ്ധക്യത്തിൽ പശ്ചാത്താപത്തിന്നിടവരുന്ന പല പ്രവൃത്തികളും ചെറുപ്പത്തിൽ ചെയ്തുപോകുന്നുണ്ട്.

തന്നെത്താൻ ദോഷം വരുത്തുന്നതിന് ഒട്ടും പ്രയാസമില്ല. തന്നിഷ്ടം കാണിക്കുക, എളുപ്പത്തിൽ മുഷിയുക, തന്നെപ്പററിത്തന്നെ വിചാരിക്കുക, മററുള്ളവരുടെ സുഖദുഃഖങ്ങളിൽ അശ്രദ്ധ കാണിക്കുക, ദ്രവ്യം ചെയ്തു കടം വരുത്തുക, ആവശ്യത്തിലധികം ഭക്ഷിക്കുക, ശുദ്ധവായു ഏല്ക്കാതിരിക്കുക, വ്യായാമം ഒന്നും ചെയ്യാതിരിക്കുക, ഇങ്ങിനെയെല്ലാമായാൽ പിന്നെ കഷ്ടപ്പാടിനു വേറെ ഒന്നും ആവശ്യമില്ല. ഇതുകൊണ്ടു തന്നെ നമുക്കു സുഖത്തിനും സന്തോഷത്തിനും വേണ്ടത് എന്തെന്നറിയാമല്ലോ.

ജീവകാലം മുഴുവൻ ഒരുവനു സുഖമായി കഴിയാൻ സാധിക്കയില്ല. അതുപോലെ തന്നെ ആജീവനാന്തം ദുഃഖിക്കേണ്ട ആവശ്യവും കാണുന്നില്ല. അലഭ്യമാണെന്നറിവുള്ളതിനെ ആഗ്രഹിച്ചിട്ടും, തടുക്കാൻ നിവൃത്തിയില്ലാത്ത ആപത്തുകളെപ്പററി വ്യസനിച്ചിട്ടും, അറിവില്ലാത്ത കാൎയ്യങ്ങളെപ്പററി സംസാരിച്ചിട്ടും, ഇങ്ങിനെ പലവിധത്തിലും നിഷ്പ്രയോജനമായി പലരും ജീവിതത്തെ നയിക്കുന്നുണ്ട്.

ഒരു വലിയ യന്ത്രത്തിന്റെ ഒരു ചക്രം സ്ഥലം മാററി വെച്ചാൽ ആ യന്ത്രം മുഴുവൻ ഉപയോഗമില്ലാത്ത സ്ഥിതിയിലാകുന്നു. അതുപോലെ തന്നെ, ഒരു ഗൃഹത്തിലെ ഒരാളുടെ തകരാറുനിമിത്തം ആ ഗൃഹത്തിലുള്ളവൎക്കെല്ലാം അസ്വാസ്ഥ്യം ഉണ്ടാകുന്നു. കൂട്ടത്തിൽ തനിക്കും സുഖമില്ലാതായിത്തീരുന്നു. ഒരുത്തന്ന് അമൃതായത് അന്യനു വിഷമായിരിക്കും. എന്നാലും പ്രകൃതിയിൽ വല്ലതും വ്യത്യാസം ചെയ്യേണ്ടതുണ്ടെന്നു പറയാൻ ഇതുവരെ ഒരു മനുഷ്യനും കഴിഞ്ഞിട്ടില്ല. അതാണ് ദൈവശക്തി.

ചില രാജ്യക്കാർ തങ്ങളുടെ നന്മയ്ക്കും തിന്മയ്ക്കും ആധാരമായി വെവ്വേറെ ദൈവങ്ങൾ ഉണ്ടെന്നു വിശ്വസിക്കുന്നു. നമുക്കു സമ്പത്തുണ്ടാകുമ്പോൾ ശ്രീദേവി കടാക്ഷിക്കുന്നതായും, ആപത്തു വരുമ്പോൾ ജ്യേഷ്ഠാദേവി ബാധിക്കുന്നതായും നാം പറഞ്ഞുവരുന്നു. എന്നാൽ പരമാൎത്ഥം നോക്കുന്നതായാൽ നമ്മുടെ സമ്പത്തിനും ആപത്തിനും ഉത്തരവാദികൾ നാം തന്നെയാണ്. ദോഷമാണെന്നറിഞ്ഞിട്ടും, അതുതന്നെ ചെയ്യുന്നതുകൊണ്ടും, ദോഷത്തെ പററി ആലോചിക്കാതെ ചെയ്തിട്ടും രണ്ടുപ്രകാരത്തിൽ നമുക്കു തെററു വരുന്നുണ്ട്.

ചെയ്യാനുള്ളതെല്ലാം ചെയ്യുക. എന്നാൽ ചെയ്യേണ്ടതു ചെയ്തു എന്ന സമാധാനമുണ്ടാകും. സുഖജീവിതത്തിനു മാതാപിതാക്കന്മാർ, തന്നെക്കാൾ പ്രായമേറിയവർ, സ്നേഹിതന്മാർ മുതലായവരുടേയും തന്റെ മനസ്സിന്റെയും ഉപദേശപ്രകാരം നടക്കുകയാണ് വേണ്ടത്. എന്നാൽ സ്വന്തംമനസ്സിന്റെ ഗുണദോഷങ്ങളെ സൂക്ഷ്മത്തോളം ഗ്രഹിക്കാതെയും, തനിക്കുള്ള ചാപല്യങ്ങൾക്കു സ്വതേയുള്ളതിൽ ലാഘവം കല്പിച്ചും, തന്നെത്താൻ വലിയ അഭിപ്രായം കരുതിയും ഇരിക്കുന്ന മനസ്സ് എല്ലായ്പോഴും വഞ്ചിക്കുന്നതാണെന്നും, അഹംഭാവം മനസ്സാക്ഷിയെ അബദ്ധത്തിൽ ചാടിക്കുമെന്നും ഓൎക്കേണ്ടതാകുന്നു.

തന്നെത്താൻ പഠിച്ചിട്ടു പഠിയുന്നതാണ്, അന്യന്മാർ പഠിപ്പിച്ചതിനേക്കാൾ ദൃഢമായി മനസ്സിൽപതിയുക. നാം പാഠശാലയിൽനിന്നു വിട്ടതിനോടുകൂടി നമ്മുടെ വിദ്യാഭ്യാസം പൂൎണ്ണമാകുന്നില്ല; നേരേ മറിച്ച് അപ്പോൾ അതിന്റെ ആരംഭമേ ആകുന്നുള്ളു. ജീവിതദശ മുഴുവൻ നമുക്ക് ഓരോ അറിവുകൾ ലഭിച്ചുകൊണ്ടിരിക്കും.

ചിലർ വിധിയെ വിശ്വസിക്കുന്നു. അവരുടെ അഭിപ്രായം ഏതു കാൎയ്യവും ദൈവം വിധിച്ചതുപോലെ വരുമെന്നും, അതിന് ആരുവിചാരിച്ചാലും നീക്കുപോക്കില്ലെന്നും ആകുന്നു. മനുഷ്യൻ എന്നു വെച്ചാൽ ഒരു യന്ത്രപ്പാവയാണെന്നും, ദൈവികമായ ഒരു ശക്തിയാലാണ് ആ യന്ത്രം നടക്കുന്നത് എന്നും അവർ വിചാരിക്കുന്നു. അങ്ങിനെയായാൽ എല്ലാം വിധിപോലെ വരട്ടെ എന്നുവെച്ചു സമാധാനപ്പെട്ടിരിക്കാൻ നമുക്കു കഴിയുമോ? അതുകൊണ്ട് അവനവന്റെ വിധിക്ക് ഉത്തരവാദി അവനവൻ തന്നെയാണ്.

നാം വിചാരിച്ചാൽ നമ്മുടെ ജീവിതം സന്തോഷസമേതം കഴിക്കാൻ കഴിയും. അതുപോലെ തന്നെ വ്യസനത്തോടുകൂടിയും കഴിക്കാൻ കഴിയുന്നതാകുന്നു.

ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം എന്നു മനസ്സാക്ഷി നമ്മെ ധരിപ്പിക്കും. ചെയ്യാൻ പാടില്ലാത്ത കാര്യം ചെയ്യുമ്പോൾ 'അരുത്' എന്നും മനസ്സാക്ഷി പറയും. അതനുസരിച്ചു നടന്നാൽ, അതുതന്നെയാണ് സുഖജീവിതത്തിനുള്ള പ്രധാനവഴി.

അങ്ങിനെ, നമ്മുടെ വിധിക്കു നാം തന്നെയാണ് ഉത്തരവാദി എന്നു വരുമ്പോൾ, നാം ഏതു സ്ഥിതിയിലായി തീരണം എന്നാണ് ആഗ്രഹം എന്നു തന്നെത്താൻ ചോദിക്കണം. ചിലർക്കു പ്രത്യേകം ചില ആഗ്രഹങ്ങൾ ഉണ്ടായിരിക്കും. ചിലർക്ക് ഒന്നും ഉണ്ടായിരിക്കയില്ല. നമ്മുടെ ഒന്നാമത്തെ പ്രവൃത്തി തന്നെത്താൻ നന്നാക്കി തീർക്കാൻ ശ്രമിക്കയായിരിക്കണം. അതാണ് ഒരുവൻെറ ജന്മോദ്ദേശം. ഇതു തന്നിഷ്ടം മാത്രം കരുതി ചെയ്യരുത്. എന്നാൽ നിശ്ചയമായും നാശം ഭവിക്കും. സത്തുക്കൾക്ക് അന്യന്മാരുടെ ശ്രേയസ്സിലാണ് തൻെറ സുഖം ഇരിക്കുന്നത്. അതുകൊണ്ടു ഞാൻ പറയുന്നത്, അന്യന്മാർക്കു വേണ്ടി തന്നെത്താൻ നന്നായിത്തീരാൻ ശ്രമിക്കണം എന്നാണ്. അത് എത്ര രസകരമായ പ്രവൃത്തിയാണെന്നാലോചിച്ചു നോക്കുക. തന്നെത്താനറിയാഞ്ഞാലുള്ള ദോഷവും അറിഞ്ഞാലുള്ള ഗുണവും വളരെയുണ്ട്.

സുഖമായി കഴിയേണ്ട അവസരങ്ങൾ പലതും മനുഷ്യർ വൃഥാ കളയുന്നു. സുഖം എന്നതു മനസ്സിൻെറ ഒരു സ്ഥിതിഭേദമാണ്. അതു സമ്പത്തിൽ നിന്നു ലഭിക്കുന്നതല്ല. പതിനായിരം പവൻ വരവുള്ള ഒരു ധനികനെക്കാൾ, പ്രസന്നഹൃദയത്തോടുകൂടിയ ഒരു ദരിദ്രനാണ് സുഖം എന്നു വരും. സംതൃപ്തിയില്ലാത്തവൻ തൻെറ പലവിധത്തിലുള്ള അനുഗ്രഹങ്ങളും അതിൻെറ അവസാനകാലത്തിലാണ് അറിയുന്നത്. നിരാശതകൊണ്ടു ഫലമില്ല. വരുന്നതെല്ലാം ധൈര്യസമേതം സഹിച്ച്, അതിൽനിന്നും മനസ്സുഖത്തെ വരുത്തണം. സുഖാനുഭവങ്ങളെല്ലാം യഥാർത്ഥങ്ങളായിരിക്കാൻ ശ്രദ്ധിക്കണം. ഉപയോഗമുള്ള യാതൊരു പ്രവൃത്തിയും ചെയ്യാതെ വൃഥാ കാലംകഴിക്കുന്നതുകൊണ്ടു താൻ സുഖമായിട്ടിരിക്കുന്നു എന്നു ചിലർ വിചാരിക്കുന്നുണ്ട്. എന്നാൽ യാതൊരു പ്രവൃത്തിയും ചെയ്യാതെയിരിക്കുന്നവർക്കു വാസ്തവത്തിൽ സുഖം ഇല്ല. എന്നുമാത്രമല്ല, അശ്രദ്ധനിമിത്തം നമ്മുടെ ഏകസ്വത്തായിട്ടുള്ള ദേഹം കെട്ടുപോകയും ചെയ്യുന്നു. അതോടുകൂടി, ആ ദേഹത്തെ ആശ്രയിച്ചു നിൽക്കുന്ന മനസ്സിന്നും, തന്നിമിത്തം സുഖജീവിതത്തിന്നും ദോഷം സംഭവിക്കുന്നു. പ്രകൃതിയിൽ നിന്നു ലഭിക്കുന്ന അനേകം ഉപദേശങ്ങളെ നാം വൃഥാ കളയുന്നു. നാം അധിവസിക്കുന്ന ഭൂമി, ശ്വസിക്കുന്ന വായു, മീതെയുള്ള ആകാശം, ഇവയിലുള്ള രമണീയതയെ അറിയുന്നില്ല. നമ്മുടെ പല അസ്വാസ്ഥ്യങ്ങളും അസംഭവ്യങ്ങളായിട്ടുള്ളവയിൽ നിന്നുണ്ടാകുന്നു. ശങ്ക, ഭയം, വ്യസനം മുതലായതുകൊണ്ടു മനസ്സിന് ഉപദ്രവം നേരിടുന്നു.

സുഖജീവിതത്തിന് ആവശ്യമായി നാലു സംഗതികൾ ഉണ്ട്. ഒന്നാമതു, തൻെറ രാജ്യത്തിലെ നിയമത്തിനും തൻെറ മതത്തിനും അനുകൂലമായി നടക്കുക. പിന്നെ, താൻ ചെയ്യേണ്ടതെല്ലാം കൃത്യമായി ചെയ്കയും, ദോഷം ഭവിച്ചാൽ അ

ത്തന്നെ കാത്തു വ്യസനിക്കാതിരിക്കയും ചെയ്ക. മൂന്നാമത്, ആഗ്രഹിക്കുന്നതെല്ലാം ലഭിക്കാൻ യത്നിക്കുന്നതിനു പകരം, ആഗ്രഹത്തിന് അതിർ വെയ്ക്കുക. നാലാമതു, സത്യം വിട്ടു നടക്കാതിരിക്കുക. അതിനുപുറമെ ദൈവത്തെ സ്തുതിക്കുക, ദൈവത്തെ ഭയപ്പെടുക, ദൈവത്തെ സ്നേഹിക്കുക. എന്നാൽ നമ്മുടെ ആഗ്രഹപ്രകാരം വന്നു ഭവിക്കാൻ ദൈവം അനുഗ്രഹിക്കും.

വ്യസനം കൂടാതെ സുഖത്തിന് ഒരിക്കലും സാധിക്കയില്ലെന്നു തീൎച്ചയാണ്. നിഴലില്ലാതെ വെയിൽ ഉണ്ടാകയില്ല. പനിനീൎച്ചെടിക്കു മുള്ളുണ്ട് എന്നു ആവലാധി പറയുന്നതിനു പകരം, മുള്ളുള്ളതായാലും, സൌരഭ്യമേറിയ പുഷ്പങ്ങൾ ഉണ്ടല്ലോ എന്നു വിചാരിച്ചു സന്തോഷിക്കയാണ് വേണ്ടത്.

ലോകം ഒരു മുഖക്കണ്ണാടിപോലെയാകുന്നു. അതിൽ നോക്കുന്നവർ ചിരിക്കുമ്പോൾ അതും ചിരിക്കും. കരയുമ്പോൾ കരയും. ഒരു ചുകന്ന ചില്ലിൽ കൂടി അതിനെ നോക്കിയാൽ ചുകന്ന നിറത്തിൽ കാണും; നീലച്ചില്ലായാൽ നീലമായി കാണും; ഒരു പുകപിടിച്ച ഇരുണ്ട ചില്ലായാൽ എല്ലാം അന്ധകാരമായും തോന്നും. അതുകൊണ്ടു ലോകത്തെ എപ്പോഴും പ്രകാശമായി കാണുന്ന വിധത്തിൽ നോക്കാൻ ശ്രമിക്കണം. എന്നാൽ ഏതു വ്യസനത്തിലും ഒരു സമാധാനം കിട്ടാതെയിരിക്കയില്ല. നമ്മുടെ ബന്ധുക്കളെയും ഗുണകാംക്ഷികളെയും സ്നേഹിച്ചാൽ മാത്രം പോരാ. നാം സ്നേഹിക്കുന്നുണ്ട് എന്ന് അവരെ വാക്കുമൂലവും പ്രവൃത്തി മൂലവും അറിയിക്കണം. അന്യന്മാരുടെ സന്തോഷം തന്നെയാണ് അവനവൻെറയും സന്തോഷം.

സുഖദുഃഖങ്ങൾ ഇടകലൎന്നിരിക്കും. പക്ഷെ മനുഷ്യർ സുഖത്തെ വേഗം മറന്നുകളയും. ദുഃഖത്തെ പററിത്തന്നെ ചിന്തിക്കയും ചെയ്യുന്നു. തെററായ പ്രവൃത്തി തൽക്കാലം സുഖവും സന്തോഷവും കൊടുക്കുന്നതായിരിക്കാമെങ്കിലും, അതിൻെറ അവസാനഫലം പശ്ചാത്താപമായിരിക്കും. എല്ലാവൎക്കും ധനവും യോഗ്യതയും ബഹുമാനവും ഉള്ളവരായിരിക്കാൻ സാധിക്കയില്ല. എന്നാൽ സൽസ്വഭാവം, വിനയം, ദാനശീലം, സംതൃപ്തി ഇവയോടുകൂടിയിരിക്കാൻ ആൎക്കും സാധിക്കുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ ബുദ്ധിപൂൎവ്വം മൎയ്യാദയോടും സംതൃപ്തിയോടുംകൂടി കഴിയുന്നവരുടെ ജീവിതം സുഖഭൂയിഷ്ഠമായിരിക്കും.

ചെങ്ങമടിയൂർ. —വി. അമ്മുഅമ്മ.

## നിയമലംഘനം.

നിയമലംഘനം, നിയമാരംഭം മുതല്ക്കുതന്നെയാരംഭിച്ചു, മനുഷ്യസ്വഭാവത്തിൻെറ ഒരംശമായിത്തന്നെ സ്ഥിതിചെയ്യുന്നു. പല മനുഷ്യരിലും ഇതിനു വ്യ

പഠിക്കുന്നതിനുള്ള ആവശ്യമോ, അവസരമോ സിദ്ധിക്കുന്നില്ല. നിയമലംഘനം പ്രവൃത്തിയിൽ അനുഭവപ്പെടുന്നതിനും അഭിവൃദ്ധിപ്പെടുന്നതിനും പലസംഗതികളുടെ സഹകരണമോ സഹായമോ, സാംഗത്യമോ ആവശ്യമാണ്. എന്നാൽ നിയമലംഘനത്തിനു ഹേതുവായിവരുന്ന ചില സംഗതികളെ വിവരിക്കാം.

മനുഷ്യസ്വഭാവത്തിന്റെ ഒരു മുഖ്യശക്തിയാണ് ആത്മരക്ഷയ്ക്കുള്ള ആഗ്രഹം. എങ്ങിനെയായാലും കഴിയുന്നത്ര ജീവിച്ചിരിക്കേണമെന്നാണ് ഏവരുടേയും താല്പര്യം. ഇതു സാധിക്കുന്നതിനു ഭക്ഷണം ആവശ്യമല്ലെ? എന്നാൽ ഒരുത്തന് ആഹാരത്തിനു സ്വന്തമായി യാതൊന്നുമില്ലാതിരിക്കുകയും, വിശപ്പും ദാഹവും കൊണ്ട് അയാൾ വലയുകയും ചെയ്യുമ്പോൾ, മറ്റൊരുത്തന്റെ വക ഏതുവിധത്തിലെങ്കിലും കൈവശപ്പെടുത്തുന്നതിന് അയാൾ ഉദ്യമിക്കുന്നു. ഇതാണ് മോഷണം, കവൎച്ച മുതലായ നിയമലംഘനങ്ങൾക്കു മൂലമായിരിക്കുന്നത്. നമ്മുടെ കാരാഗൃഹങ്ങളിൽ വസിച്ചുവരുന്ന മോഷ്ടാക്കളിൽ ഭൂരിപക്ഷമാളുകളും ആത്മരക്ഷാൎത്ഥം മോഷണത്തിൽപ്പെട്ടവരായിരിക്കുമെന്നു ശരിയായ അന്വേഷണം തെളിയിക്കുന്നതാണ്. നമ്മുടെ ഭാരതഖണ്ഡത്തിൽ പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ദരിദ്രന്മാരെ രക്ഷിക്കുന്നില്ലെന്നുവരികിലും, നമ്മുടെ ദരിദ്രന്മാരിലധികംപേരും ഭിക്ഷാടനംകൊണ്ടു കാലയാപനം ചെയ്യുന്നു. ശേഷമുള്ള ദരിദ്രർ അലസതകൊണ്ടോ, അഭിമാനംകൊണ്ടോ മോഷണം ജീവനവേലയായിസ്വീകരിച്ചിരിക്കയാണ്. ഭിക്ഷാടനം തടയുന്നതു ലോഷകരമായിരിക്കുമെന്ന് മൂന്നു സംവത്സരങ്ങൾക്കുമുമ്പ് പഞ്ചാബ് ഗവമ്മേണ്ടഭിപ്രായപ്പെട്ടത് ഈ തത്വത്തെ ഓൎത്തിട്ടായിരിക്കാം. നമ്മുടെ കേരളത്തിൽത്തന്നെ, ചില പോലീസുദ്യോഗസ്ഥന്മാർ ദരിദ്രന്മാരായ മോഷ്ടാക്കൾക്കു ചിലവിനു മാൎഗ്ഗം ഉണ്ടാക്കികൊടുത്ത് അവരെ നല്ല പാന്ഥാവിലേയ്ക്കു നയിക്കുന്നതായി കാണുന്നത് ഏറ്റവും അഭിനന്ദിക്കത്തക്ക സംഗതിയത്രേ. കൂടാതെ ഗവമ്മേണ്ടിൽനിന്നു സാധുക്കൾക്കു കൂടുതൽ വേലയ്ക്കു സൌകൎയ്യമുണ്ടാക്കികൊടുക്കുക കൂടി ചെയ്യുന്നതായാൽ ഈ മാതിരി നിയമലംഘനത്തിനു വളരെ ശമനമുണ്ടാകുമായിരുന്നു.

ആത്മരക്ഷയോടു സംബന്ധമുള്ള മറ്റൊരു സംഗതി ഭക്ഷണസാധനങ്ങൾക്കുള്ള വിലക്കൂടുതലും തജ്ജന്യമായ മനോവേദനയും വരുംകാലത്തെക്കുറിച്ചുള്ള വിചാരവുമാണ്. ഈ നാട്ടിൽ കഴിഞ്ഞ ൰-വൎഷങ്ങളായി നമ്മുടെ മുഖ്യഭക്ഷണപദാൎത്ഥമായ നെല്ലിനും അരിക്കും ഉള്ള വില എത്രമാത്രം വൎദ്ധിച്ചിട്ടുണ്ട്! സ്വതെതന്നെ പ്രകൃതിദേവി പ്രസാദിച്ചിട്ടുള്ള കേരളത്തിൽ ധാരാളം നിലവും പുരയിടങ്ങളുമുള്ള ആളുകൾ അലസന്മാരും സന്മാൎഗ്ഗവിരക്തരുമായി കാലം കഴിച്ചു വരുന്നതുകൊണ്ടും, സാധുക്കളായ ദരിദ്രർ മേല്ക്കുമേൽ വൎദ്ധിച്ചുവരുന്ന വിലകൊടുത്തു ഭക്ഷണസാധനങ്ങൾ സമ്പാദിച്ചു കാലക്ഷേപം കഴിക്കുന്നതു വിഷമമായിരിക്കുന്നതുകൊണ്ടും നമ്മുടെ നാട്ടിൽ മോഷണം അസാധാരണമായി വൎദ്ധിക്കേണ്ടതായിരുന്നു. എന്നാൽ കൂലിവേലയ്ക്കു അനല്പമായ സൌകൎയ്യം നല്കുന്ന തോട്ടങ്ങളുടെ ആവിൎഭാവം

ളുകാൎയ്യത്തിൽ വളരെ ഗുണകരമായിത്തീൎന്നിട്ടുണ്ട്. പണ്ടു ക്ഷാമകാലത്തു സാധുജനപരിപാലനാൎത്ഥം ത്രുപസ്സിത്ര ഇടങ്ങഴി അരിഎന്നു സൎക്കാരിൽനിന്നു വ്യവസ്ഥപ്പെടുത്തിയതായി കേട്ടിട്ടുണ്ട്. ഇപ്പോഴതൊന്നും സാധിച്ചില്ലെങ്കിലും സൎക്കാരിൽനിന്നും വില്ക്കുന്ന സാധനങ്ങളുടെ വില അല്പം കുറച്ചാൽ സാധുക്കൾക്കു വലിയ ആശ്വാസമായിരുന്നു. ഉപ്പ് ഇങ്ങിനെയുള്ള ഒരു സാധനമാണല്ലോ.

എന്നാൽ ആത്മരക്ഷയോടു യാതൊരു സംബന്ധവുമില്ലാത്ത ചില സംഗതികളും നിയമലംഘനത്തെ ഉത്ഭവിപ്പിക്കുന്നുണ്ട്. ഇവയിലൊന്നു സ്വഭാവക്രൂരതയാണ്. ചില മനുഷ്യൎക്കു "കട്ടുതിന്നുന്ന"തിൽ പ്രത്യേകം ഒരു രുചിയുള്ളതുപോലെ തോന്നുന്നു. മററുള്ളവരെ കബളിക്കുന്നതിൽ ഒരു താല്പൎയ്യം പലരിലും കാണാവുന്നതാണ്. ഇതിലെന്തോ ഒരു ചാരിതാൎത്ഥ്യം ഇവൎക്കു ലഭിക്കുന്നതായിക്കാണാം. ഇംഗ്ലണ്ടിലെ ഒരു പ്രഭു വിരുന്നിനു പോയാൽ "തവിയും മുള്ളും" മോഷ്ടിച്ചു കൊണ്ടുപോരിക പതിവായിരുന്നു പോലും! ഇപ്രകാരമുള്ള സ്വഭാവചാപല്യം വിദ്യാഭ്യാസംകൊണ്ടും അധികനാളത്തെ സജ്ജനസമ്പൎക്കംകൊണ്ടും മാത്രമേ മാറുകയുള്ളൂ.

നിയമലംഘനകാരണമായ വേറൊരു സംഗതി, വലിയ കാൎയ്യങ്ങൾ ചെയ്യുന്നതിനുള്ള താല്പൎയ്യമാണ്. "കായംകുളം കൊച്ചുണ്ണി" മുതലായ വിക്രമികളെ പ്രവൎത്തിപ്പിച്ച ശക്തി ഇതു തന്നെയാണ്. നല്ല കാൎയ്യങ്ങളിലേക്കുദ്യമിപ്പിച്ചാൽ ഇവർ അവയെല്ലാം ഭംഗിയായും ശരിയായും ചെയ്യുന്നു. പക്ഷെ രാജ്യഭരണകൎത്താക്കന്മാരുടേയോ, വേണ്ട അധികാരികളുടേയോ ശ്രദ്ധയിൽപെടാത്തതു കൊണ്ടോ, ശ്രദ്ധയിൽ പെട്ടിട്ടും അവർ പ്രോത്സാഹിപ്പിക്കാത്തതു കൊണ്ടോ, ഇപ്രകാരമുള്ള സമൎത്ഥന്മാർ പലപ്പോഴും വഴിതെററി ഗമിക്കുകയും, തങ്ങൾക്കും മററുള്ളവൎക്കും ദോഷത്തിനു കാരണഭൂതരാവുകയും ചെയ്യുക പതിവാണ്. തന്മൂലം ഗുണകരമായി തീരേണ്ട ധാരാളം ശക്തി ചേതപ്പെടുക മാത്രമല്ല, ദോഷകാരണമായിത്തീരുകയും ചെയ്യുന്നു.

സാധാരണമായി ചില പ്രത്യേക ജാതിക്കാരുടെ ഇടയിൽ നിയമലംഘനം അധികമായി കാണുന്നുണ്ട്. ഇതു ബ്രിട്ടീഷിലും, നമ്മുടെ നാട്ടുരാജ്യങ്ങളിലുമുള്ള കണക്കുകൾ പ്രത്യക്ഷപ്പെടുത്തുന്നു. ഇങ്ങിനെയുള്ള ജാതിക്കാർ വിദ്യാവിഹീനന്മാരായിരിക്കുമെന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ട് ഗവൎമ്മേണ്ടിൽനിന്നും ഇങ്ങിനെയുള്ള ജാതിക്കാരെ അതിവേഗത്തിൽ വിദ്യാതല്പരന്മാരാക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

കോട്ടയം.

— എ. ജെ. ഡേവീഡ്.

## * ജർമ്മൻ ഒററുകാരുടെ ചില വിദ്യകൾ.

ബൽജിയത്തിലെ ആൻറ്വപ്പ് പട്ടണം ജർമ്മൻകാർ പിടിച്ചടക്കുന്നതിന്ന് അല്പം മുമ്പ്, ബൽജിയത്തിൽനിന്ന് ഓടി ഇംഗ്ലണ്ടിൽ രക്ഷപ്രാപിച്ചിരുന്ന അനേകായിരം പേരുടെ കൂട്ടത്തിൽ ഒരു പാതിരിയും നാലു ചങ്ങാതിമാരും ഉണ്ടായിരുന്നു. (ആൻറ്വപ്പ് ജർമ്മർഒററുകാരെക്കൊണ്ടു നിറഞ്ഞ ഒരു സ്ഥലമാണ്.) താൻ ബൽജിയത്തിലെ ഒരു കോളേജിലെ അധിപരാണെന്നാണ് പാതിരി ബ്രിട്ടീഷ് റിലീഫ് കമ്മററിയോടു പറഞ്ഞത്. അങ്ങനെ മാന്യനായ ഒരാൾ പണമില്ലാതെ ബുദ്ധിമുട്ടുന്നതും മററും കണ്ട് അനേകംപേർ സഹതാപം കാണിച്ചു. അദ്ദേഹത്തേയും നാലു ചങ്ങാതിമാരേയും നല്ല ഒരു ബങ്കളാവിൽ പാർപ്പിക്കുകയും ചിലവിന്നു വേണ്ടുന്ന പണം കൊടുക്കുകയും ചെയ്തു. കൂടാതെ, പരോപകാരതല്പരന്മാരായ അനേകംപേർ അവരെ സഹായിപ്പാനും തുടങ്ങി. അവൎക്ക് അഞ്ചുപേൎക്കും എല്ലാം സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. അതുകൊണ്ട് അവിടെവെച്ചു പല കാര്യങ്ങളും നോക്കി മനസ്സിലാക്കാൻ നല്ല തഞ്ചം കിട്ടി. ഒരു ദിവസം, പെട്ടന്നു, പാതിരി, തനിക്കു തന്റെ കാർഡിനൽ ആർച്ച് ബിഷോപ്പിന്റെ ഒരെഴുത്തു കിട്ടീട്ടുണ്ടെന്നും അതിൽ, പഴയ വിദ്യാൎത്ഥികളിൽ മിക്കവരും മടങ്ങി എത്തിയിട്ടുള്ളതുകൊണ്ടു, താനും കൂട്ടുകാരിൽ രണ്ടുപേരും ഉടനെ മടങ്ങിച്ചെല്ലേണമെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നും പറഞ്ഞു. തന്റെ പശുക്കളുടെ കാൎയ്യം നോക്കേണ്ടതിന്നു തനിക്കും മടങ്ങിപ്പോകേണമെന്ന് ഒരു കൂട്ടുകാരനും പറഞ്ഞു പോൽ! വല്ല പശുക്കളേയും അദ്ദേഹത്തിനായി ജർമ്മർകാർ അവിടെ ബാക്കി വെച്ചിട്ടുണ്ടായിരിക്കുമോ? ആകപ്പാടെ ഇവരുടെ സ്വഭാവം കമ്മിററിക്കാൎക്ക് അത്ഭുതവും സംശയവും ഉളവാക്കി. തന്റെ

---

* ഇംഗ്ലണ്ടിൽ ജർമ്മൻ ഒററുകാർ വളരെ നാളായി താമസം തുടങ്ങീട്ടുണ്ടെന്ന കാൎയ്യം ബ്രിട്ടീഷ ജനങ്ങളെ ഒന്നാമതായി മനസ്സിലാക്കിയതു വില്യം ലികചി എന്ന കീൎത്തികേട്ട ഇംഗ്ലീഷുകാരനാണെന്നു വേണം പറയാൻ. യുദ്ധം തുടങ്ങുന്നതുവരെ അദ്ദേഹത്തിന്റെ വാക്കുകൾക്കു ആരും വില വെച്ചിരുന്നില്ല. ഇംഗ്ലണ്ടിൽ ജർമ്മൻകാർ ഒററുകാരായി താമസിക്കുന്നുണ്ടെന്നുള്ളതിലേയ്ക്കു തനിക്കു പലേ വഴിക്കു കിട്ടിയ തെളിവുകൾ മുഴുവനും ചേൎത്ത് German Spies in England എന്ന പേരിൽ അത്യന്തം രസകരമായ ഒരു പുസ്തകം അദ്ദേഹം യുദ്ധം തുടങ്ങിയതിൽ പിന്നെ പ്രസിദ്ധപ്പെടുത്തി. ഈ പുസ്തകത്തെ അടിസ്ഥാനമാക്കി എഴുതിയ "ഇംഗ്ലണ്ടിലുള്ള ജർമ്മൻ ഒററുകാർ" എന്ന മലയാളപുസ്തകത്തിൽ നിന്ന് എടുത്ത ഒരു ഭാഗമാണിത്.

അം. പ.

കോളേജിൽ കുരങ്ങന്മാർ ഉണ്ടെന്നും മടങ്ങിപ്പോയി അവയെ ഏല്പിച്ചുകൊടുക്കേണമെന്നും പിന്നീടു പാതിരി പറഞ്ഞു. ഒടുക്കം യാത്രച്ചിലവിലേയ്ക്കു വേണ്ടുന്ന പണം അവർക്കു ഒരുവിധത്തിൽ കിട്ടുകയും അധികൃതന്മാർ അവരെ മടങ്ങിപ്പോകാൻ അനുവദിക്കയും ചെയ്തു.

ഹോംസിക്രട്ടേറി പറയും പ്രകാരം, ചാരസംഘം ഇന്നു ഏതാണ്ടു തകർന്നുകഴിഞ്ഞിട്ടുണ്ടെന്നു സമ്മതിച്ചാലും, അവരെക്കൊണ്ടുള്ള അപകടം തീരെ നശിച്ചുവെന്നു ഒരിക്കലും വിചാരിച്ചുകൂടാ. ഇപ്പോഴും ഇംഗ്ലണ്ടിൽനിന്നു കള്ളക്കത്തയയ്ക്കുവാൻ സാധിക്കുന്നതാണ്. അതു പരിശോധിപ്പാനായി, യുദ്ധംതുടങ്ങിയശേഷം, ഗ്രന്ഥകർത്താവുതന്നെ ജർമ്മനിയിലെ തന്റെ സ്നേഹിതന്മാർക്കു കത്തയച്ചിട്ടുണ്ട്. ഇററലിയ്ക്കു മേൽവിലാസം എഴുതും. അവിടെവെച്ച് അതു പൊട്ടിച്ചു രണ്ടാമതും മേൽവിലാസം എഴുതി ജർമ്മനിക്കു അയയ്ക്കും. അതേമാർഗ്ഗമായി മറുവടിയും കിട്ടും. ബ്രിട്ടന്റെ കിഴക്കുഭാഗത്തുള്ള മുങ്ങിക്കപ്പലുകൾക്കു ഇംഗ്ലണ്ടിൽനിന്നു ഒററുകാർ, പല അടയാളങ്ങളും ഇപ്പോഴും കാണിച്ചുവരുന്നുണ്ടെന്നാണു ലികപി പറയുന്നത്. കൂടാതെ, ചില വിശ്വാസവഞ്ചകന്മാരായ ഇംഗ്ലീഷുകാരും ജർമ്മന്റെ പണം മേടിച്ചു സ്വകാര്യമായി അവരെ സഹായിക്കുന്നുണ്ടെന്നു ഗ്രന്ഥകാരൻ വിളിച്ചുപറയുന്നു:— "ഇതിനെപ്പററി നിരൂപിക്കുമ്പോൾ വായിൽ ഒരു വല്ലാത്ത രസം വരുന്നു. ചതിയന്മാർ എല്ലാ ജനസമുദായത്തിലും ഉണ്ടല്ലൊ. എന്നാൽ ഇത്തരത്തിലുള്ള ചതിയന്മാർ ചാരന്മാരുടെ ഏററവും വിലപിടിച്ച ഉപകരണങ്ങളാണ്. ഭാഗ്യവശാൽ എന്നുപറഞ്ഞാലും വേണ്ടില്ല; ദുർഭാഗ്യവശാൽ എന്നു പറഞ്ഞാലും വേണ്ടില്ല; ഇവരിൽ അല്പം പേരെ മാത്രമേ കണ്ടുപിടിച്ചിട്ടുള്ളു." ഇത്തരത്തിൽ പെട്ട ഒരു ഒററുകാരനായിരുന്നു ആദ്യം ബ്രിട്ടൻ യുദ്ധകപ്പലിലെ പീരങ്കിക്കാരനായിരുന്ന "പെററ്" (Parrot) എന്ന ആൾ. അയാളെ പിടികൂടി, മററുള്ളവർക്കു ഒരു പാഠമായിത്തീരത്തക്കവണ്ണം ശിക്ഷിക്കുകയും ചെയ്തു.

ഇംഗ്ലണ്ടിൽ ചാരസംഘത്തെ ഏർപ്പെടുത്തുന്നതിൽ ധാരാളം പരിശ്രമിക്കയും പലതും സാധിക്കയും ചെയ്തു മറെറാരാൾ "ഷൂലൻബർഗ്" (Schulenberg) ആയിരുന്നുവെന്നാണ് വിശ്വസിച്ചുവരുന്നത്. ഈയിടെ ആണ് അദ്ദേഹത്തെ "ലീജ്" (Liege—ബെൽജിയത്തിൽ) ഗവർണ്ണരായി നിശ്ചയിച്ചത്. ഈ നിശ്ചയം കഴിഞ്ഞ ഉടനെ തന്നെ, ചാരവിഷയത്തിലുള്ള അദ്ദേഹത്തിന്റെ യുക്തികൌശലത്തെ സംബന്ധിച്ച സരസമായ ഒരു വിവരണം 'ഡെയിലി മെയിൽ' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നു. നല്ലൊരു കുലീനനാണ് 'ഷൂലൻബർഗ്'. വേണ്ടപ്പെട്ട വിദ്യാഭ്യാസവും ഉണ്ട്. ഉൽകൃഷ്ടപദവിയിലുള്ളവരുടെ സ്നേഹവും സമ്പാദിച്ചിരിക്കുന്നു. ബ്രിട്ടനിൽ പാർത്തു രാജ്യം നല്ലവണ്ണം പരിചയിച്ചതിനാൽ പലതും സാധിക്കുകയും ചെയ്യും.

'ഷൂലൻബർഗ്' ഇംഗ്ലണ്ടിൽ ആദ്യം ചെന്നത് 1909-ൽ ആയിരുന്നു. അവിടെ ഒരിടത്തു കുറെകാലം പാർത്തു രഹസ്യമായി പല ഏർപ്പാടുകളും ചെയ്തു. ഇടക്കിടെ അദ്ദേഹത്തിനെ എവിടെയും കാണു

കയില്ല. എങ്കിലും രണ്ടുകൊല്ലംമുമ്പ് അദ്ദേഹത്തിന്റെ വാസം, ഇംഗ്ലണ്ടിന്നു കിഴക്ക്, കെന്റ്, എന്ന സ്ഥലത്തായിരുന്നു. കോഴികളുടെ സ്വഭാവവിശേഷത്തെ പഠിക്കുന്ന ഒരാളുടെ വേഷമായിരുന്നു അദ്ദേഹം അവിടെവെച്ച് അഭിനയിച്ചത്. ആ രാജ്യക്കാരുടെ അകൈതവമായ സ്നേഹവും സമ്പാദിച്ചു. കുറെനാൾ കഴിഞ്ഞപ്പോൾ ആ സ്ഥലവും വിട്ടു വടക്കോട്ടു, 'സഫോക്ക്' എന്ന സ്ഥലത്തു ചെന്നു, 'ബുൾഡോഗ്' എന്ന ഒരുതരം നായ്ക്കളെ വളർത്തുന്ന ആളുടെ വേഷത്തിൽ കാലയാപനം ചെയ്തു. ഇതു 1913-ന്റെ മദ്ധ്യഘട്ടത്തിലായിരുന്നു. എന്നാൽ ഓമനത്തൊഴിലായി താൻ സ്വീകരിച്ച ഈ 'ബുൾഡോഗ്' വിഷയത്തെപ്പററി മൂപ്പർക്ക് യാതൊരു വിവരവും ഇല്ലെന്നു പറഞ്ഞുകൊള്ളട്ടെ! ബുൾ'നായ്ക്കളെപ്പററിയാകട്ടെ, അവയെസംബന്ധിച്ചുള്ള വല്ല കാര്യങ്ങളെപ്പററിയാകട്ടെ, അദ്ദേഹത്തിന്ന് 'ഒരു ഗന്ധം പോലുമില്ലെന്നു പറയണം. എന്നാൽ, തന്റെ യഥാർത്ഥോദ്ദേശ്യത്തിന്നും വേലക്കും അതൊരു മൂടുപടമായി തീർന്നു.

ശ്ലൂലൻബർജ്' സാധാരണ ഒററുകാരെപ്പോലെ ചാരവൃത്തി ചെയ്തു പോന്നതായി അറിവില്ല. മററുള്ളവരെക്കൊണ്ടു പ്രവൃത്തിപ്പിക്കയാണ് അദ്ദേഹം ചെയ്തത് എന്നു തോന്നുന്നു. സ്റ്റീനരുടെ ഒരു കീഴുദ്യോഗസ്ഥന്റെ നിലയിൽ, ചാരസംഘത്തെ ഏർപ്പെടുത്തുന്ന പ്രവൃത്തിയിലാണ് അദ്ദേഹം ഏർപ്പെട്ടിരുന്നതെന്നു വിശ്വസിക്കാൻ തരമുണ്ട്. ചില മായാവികളായ ജർമ്മൻകാർ അദ്ദേഹത്തെ കൂടക്കൂടെ സന്ദർശിക്കുന്നതായി കാണാറുണ്ട്. അവരിൽ ഒരാളോട് അദ്ദേഹം വളരെ ഭക്തിബഹുമാനങ്ങൾ കാണിച്ചിരുന്നതുകൊണ്ട്, അദ്ദേഹം സ്റ്റീനരായിരുന്നുവെന്നു വിചാരിക്കണം. പിന്നെയാണ്, മുമ്പു പറഞ്ഞപ്രകാരം, അദ്ദേഹം ലീജ്'ഗവർണ്ണരായി പോയത്. ഇപ്പോൾ യുദ്ധരംഗത്തു പോയി നമ്മുടെ ഭാഗക്കാരോടൊപ്പം യുദ്ധംചെയ്യുന്ന ചെറുപ്പക്കാരനായ ഒരു ഭടൻ ശ്ലൂലൻബർജിനെപ്പററി പറഞ്ഞതാവിത്:— "ശ്ലൂലൻബർജ് പറഞ്ഞപ്രകാരം ഞാൻ അനുസരിച്ചിരുന്നുവെങ്കിൽ, സ്വന്തമായി മോട്ടോർകാർ മേടിച്ചു സവാരിചെയ്യത്തക്ക ധനം എനിക്കു സമ്പാദിക്കാമായിരുന്നു."

ഇതേപ്രകാരം വേറെയും അനേകം കഥകൾ വെളിച്ചത്തു വന്നിട്ടുണ്ട്. ചാരവൃത്തിക്കുള്ള സൌകര്യത്തിന്നു വേണ്ടി, ബ്രിട്ടീഷുദ്വീപുകളെ ഓരോ ജില്ലയായി വിഭജിച്ചിട്ടുണ്ടെന്നും, ഓരോ ജില്ലക്കും തലവനായി ഓരോ ചാരമുഖ്യൻ, അഥവാ, ഏജണ്ട്, ഉണ്ടെന്നും, അവന്റെ കീഴിലുള്ള എല്ലാം ചാരന്മാരും ആ തലവന്റെ വശം റിപ്പോർട്ടുകൾ ഏല്പിച്ചുകൊടുക്കുന്നുവെന്നും മററും, വെളിച്ചത്തു വന്ന ചിലകഥകളിൽ നിന്നു കാണാവുന്നതാണ്. ആവക അസംഖ്യം കഥകൾ ഉള്ളതിൽ, മാതൃകയായി ഒന്നിനെപ്പററി ലികചി വിവരിച്ചു പറയുന്നുണ്ട്. മാൻചെസ്റ്ററിലെ കേപ്ടൻ "എക്സ്സി"ന്റെ (Captain X—) ചരിത്രമാണ് അത്. അദ്ദേഹം ജർമ്മൻകാരനാണ്. താൻ പാർത്തുവന്ന ദിക്കിൽ നിന്ന് അഞ്ചു നാഴികയിൽ കൂടുതൽ ദൂരെ, സമ്മതം മേടിക്കാതെ, സഞ്ചരിച്ചതിനാൽ, അദ്ദേഹത്തെ "അറസ്റ്റ്"ചെയ്തു. കേസ്സായി. മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാ

ക്കി. പക്ഷെ, മജിസ്രേട്ട്, അത് ഒരു തെററടവിൽ വന്നുപോയതാണെന്ന് അഭിപ്രായപ്പെട്ടു, ചുരുങ്ങിയ ഒരു പിഴകൊണ്ടു കാര്യം കലാശിപ്പിച്ചു. കുറെനാൾ കഴിഞ്ഞപ്പോൾ, വേറെ ചില കാരണങ്ങളാൽ, മിലിററി ഉദ്യോഗസ്ഥന്മാരുടെ ഉത്സാഹത്തിന്മേൽ അദ്ദേഹം വീണ്ടും ബന്ധനസ്ഥനാക്കപ്പെട്ടു. ഈ കേസ്സ് എത്രയും മുഖ്യമായ ഒന്നായിട്ടായിരുന്നു പരക്കെ വിചാരിക്കപ്പെട്ടത്. ഇംഗ്ലണ്ടിന്റെ വടക്കൻദിക്കുകളിലും ലണ്ടനിലും ഉള്ള ചാരസംഘം വഴിയായി, പല മുഖ്യവിവരങ്ങളും ജർമ്മനിക്കു കിട്ടുന്നുണ്ടായിരുന്നുവെന്നും അറിവുണ്ടായിരുന്നു. ഈ 'പുള്ളി'യെ പിടികിട്ടിയതിനാൽ, മേലിൽ ആവക കാര്യങ്ങൾക്ക് ഒരു നിവൃത്തി ഉണ്ടാകുമെന്ന് അധികൃതന്മാർ വിശ്വസിച്ചിരുന്നു.

ഇംഗ്ലീഷുകാരുടെ ഇടയിൽ പോയി പാർത്തു, ജർമ്മനിക്കു വേണ്ടി, പല മുഖ്യകാര്യങ്ങളും സാധിച്ചവരിൽ ഒരാളായിരുന്നു കാപ്ടൻ എക്സ്. ആരുടെയും ഹൃദയത്തെ ആവർജ്ജിക്കത്തക്ക സ്വഭാവഗുണത്തോടുകൂടിയവനും വലിയ ധനികനും ഇംഗ്ലീഷുസമ്പ്രദായത്തെ അനുകരിച്ചു നടക്കുന്ന ആളും ആയ "കാപ്പ്ടൻ എക്സി"ന് ഉൽകൃഷ്ടസമുദായാംഗങ്ങളുടെ ഇടയിൽ ചേരുവാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. മേഞ്ചസ്റ്ററിൽ ഉള്ള പല പൌരപ്രധാനികളും അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്നു. അദ്ദേഹം ഉള്ളിൽ വച്ചിരുന്ന "കത്തി" അവരാരെങ്കിലും കണ്ടിട്ടുണ്ടോ! ആ നഗരിയിൽ ഉള്ള ഒരു ജർമ്മൻ ക്ലബ്ബിൽ അദ്ദേഹം എപ്പോഴും പോകാറുണ്ടായിരുന്നു. രാത്രിതോറും അദ്ദേഹത്തെ അവിടെ കാണാം. ജർമ്മൻകാരായ ചില ഹോട്ടൽവേലക്കാരും അദ്ദേഹവും വലിയ മമതയിലായിരുന്നു. അക്കൂട്ടരും, അദ്ദേഹത്തെപ്പോലെ തന്നെ ആ ജർമ്മൻ ക്ലബ്ബിലെ മെമ്പർമാരായിരുന്നു. അവരും കാപ്ടനും ക്ലബ്ബിൽ ഒരു സ്വകാര്യമുറിയിൽ ഇരുന്നു രഹസ്യമായി സല്ലപിക്കുന്നതായി കാണാം. അങ്ങനെ കുറെകഴിഞ്ഞപ്പോൾ, ആ ക്ലബ്ബിലെ മെമ്പർമാരായ ചില ഇംഗ്ലീഷുകാരുടെ ദൃഷ്ടി ഈ കാര്യത്തിൽ പതിഞ്ഞു. മാന്യരായ സമുദായാംഗങ്ങളുടെ കൂടെ ചേരുന്ന വലിയ ധനികനായ നമ്മുടെ 'കാപ്ട'ന്റെ ചങ്ങാതിമാരായി ഹോട്ടൽഭൃത്യന്മാരെ കാണുന്നതു കുറെ കൌതുകകരമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഈ 'കൂട്ടുകെട്ടി'ന്റെ കാരണം എന്തായിരിക്കുമെന്ന് എന്റെ പ്രിയവായനക്കാർ ഊഹിച്ചുകഴിഞ്ഞിരിക്കുമല്ലോ. 'കാപ്ട'ന്റെ അന്ത്യാവസ്ഥയെപ്പററി ഗ്രന്ഥകാരനു വിവരമില്ല. എന്നാൽ, മേലിൽ വളരെ കാലത്തോളമെങ്കിലും, യാതൊരു ഉപദ്രവവും ചെയ്യാൻ സാധിക്കാത്ത നിലയിലാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്നു ഗ്രന്ഥകാരനറിവുണ്ടത്രെ.

വിദേശ്യചാരന്മാരുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനം സ്ത്രീകളും അർഹിക്കുന്നുണ്ട്. ജർമ്മൻസാമ്രാജ്യപാർലിമെണ്ടിൽവെച്ചു പ്രതിപാദിച്ച പ്രകാരമുള്ള വേശ്യമാരാണ് അവരെന്നു പറയണം. ഈയിടെ ആയിട്ടു, ബ്രിട്ടീഷധികൃതന്മാരുടെ തലപുകച്ചു

കൊണ്ടിരിക്കുന്ന അനേകം കുഴപ്പമേറിയ കാൎയ്യങ്ങളിൽ വെച്ച് എത്രയും പ്രയാസമുള്ള ഒന്നു, ജൎമ്മനിക്കു വേണ്ടി പ്രവൎത്തിച്ചുപോരുന്ന സ്ത്രീകളായ ചാരവൎഗ്ഗമാണ്.

രഹസ്യകാൎയ്യങ്ങൾ പുറത്തുപറയാതെ മനസ്സിൽ അടക്കിവയ്ക്കാൻ സ്ത്രീകൾക്കു കഴികയില്ലെന്ന് ഒരു വിശ്വാസമുണ്ടുപോൽ! എന്നാൽ ഇതിലധികം അബദ്ധമായ മറെറാരു വിശ്വാസമില്ലെന്നു ചാരവൃത്തി ചെയ്യുന്ന ജൎമ്മൻസ്ത്രീകൾ തെളിയിച്ചിരിക്കുന്നു. ഒററുവേലയ്ക്കു ഒരാൾ പോരേണമെങ്കിൽ, ഒന്നാമതുവേണ്ടത്, 'നാവ്' അടക്കിവയ്ക്കാൻ സാധിക്കണം. അബദ്ധത്തിൽ ഒരക്ഷരം പറഞ്ഞുപോയെങ്കിൽ കള്ളി ഒക്കെ വെളിച്ചത്തായിപ്പോകും. ഒററുകാരത്തികളായ ഈ ജൎമ്മൻസ്ത്രീകൾക്കു, രഹസ്യങ്ങൾ തുളുമ്പിപ്പോകാതെ മനസ്സിൽ ഒതുക്കിവയ്ക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ, കൈസരും മററുള്ള ചാരഗുരുക്കന്മാരും അവരെ ആ വേലയ്ക്കു നിയമിക്കുമെന്നു വിചാരിക്കുന്നുവോ? അഥവാ, നിയമിച്ചെങ്കിൽ തന്നെ, അവർ പൊളിഞ്ഞു തേമ്പാറായിപ്പോകയില്ലയോ? പെണ്ണ് ഒരുമ്പെട്ടാൽ ബ്രഹ്മനും തടുത്തുകൂടാ എന്നുണ്ടല്ലോ. ചാരവൃത്തിക്ക് ഒരുങ്ങിക്കഴിഞ്ഞാൽ, പിന്നെ, പുരുഷന്മാരെക്കാൾ അപകടക്കാരാണ് സ്ത്രീകൾ എന്നു ചരിത്രംകൊണ്ടു തെളിയുന്നുണ്ട്.

ലോകോൽപ്പത്തി മുതൽ, സൎവ്വജനസമുദായക്കാരും സ്ത്രീകളെ ദൈവത്തെപ്പോലെ ആരാധിച്ചുപോരുന്നു. സ്ത്രീകൾക്കായി പുരുഷന്മാർ അവരുടെ സൎവ്വസ്വവും ബലികഴിക്കുന്നു. പുരുഷന്മാർ അദ്ധ്വാനിക്കുന്നതും ജീവിച്ചുപോരുന്നതും യഥാൎത്ഥത്തിൽ സ്ത്രീകളുടെ സന്തോഷത്തെ കാംക്ഷിച്ചിട്ടാണ്. സ്ത്രീകളാൽ ജയിക്കപ്പെടാത്ത പുരുഷന്മാർ ആരുള്ളു? എത്ര രാജാക്കന്മാരും മഹാവിദ്വാന്മാരും, അബലകളെന്നു വിളിച്ചുവരുന്ന സ്ത്രീകളുടെ മുമ്പാകെ അടിമകളെപ്പോലെ വീണ് അവരുടെ ആജ്ഞാനുസരണം പ്രവൎത്തിക്കാനും, അവരുടെ ആഗ്രഹത്തെ സാധിപ്പിക്കാനും സന്നദ്ധരായി നില്ക്കുന്നു! സ്ത്രീകളാണ് ലോകത്തെ ഭരിക്കുന്നത്. സ്ത്രീകളുടെ വദനാരവിന്ദത്തിൽനിന്നു വരുന്ന മാധുൎയ്യമുള്ള വാക്കുകളെ നിരസിക്കാൻ ഏതൊരു പുരുഷനാണ് ധൈൎയ്യം? അവരുടെ കടാക്ഷവീക്ഷണത്താലും മന്ദസ്മിതത്താലും മയങ്ങി പരിഭ്രമിച്ചു എന്തും ചെയ്യാൻ ഒരുങ്ങിപ്പോകാത്ത പുരുഷൻ ആരുള്ളു!! സദാചാരനിഷ്ഠയിൽനിന്നു ഒരു എണ്മണിപോലും പിഴയ്ക്കാതെ, ജീവിതത്തെ നയിക്കുന്ന എത്ര യോഗ്യപുരുഷന്മാർപോലും സ്ത്രീകളുടെ കെണിയിൽ കുടുങ്ങി സന്മാൎഗ്ഗപദ്ധതിയിൽ നിന്നു വഴുതിപ്പോയിട്ടുണ്ട്!!! കാഞ്ചനത്തെ പുല്ലിനു വിലയാക്കി, കാശുപോലും കൈക്കൂലി മേടിക്കാത്ത എത്ര ഉദ്യോഗസ്ഥന്മാർ, കാമിനിയാൽ ജയിക്കപ്പെട്ടിട്ടുണ്ട്! അല്ലയോ സ്ത്രീയേ! നിന്റെ ശക്തിയുടെ രഹസ്യം എന്താണ്? നീ എന്തൊരു മായാവസ്തുവാണ്? സകലത്തിനും ജീവനായതും നീ, സകലത്തിനും നാശമായതും നീ! സകല സുഖത്തിനും കാരണം നീ, സകല ദുഃഖത്തിനും കാരണം നീ. നിന്നെക്കൊണ്ട് എത്ര പുരുഷന്മാർ ഉന്നതസ്ഥിതിയിലായിട്ടുണ്ട്! നിന്നെക്കൊണ്ട് എത്ര പുരുഷന്മാർ പാതാളംവരെ താണുപോയിട്ടുണ്ട്!!

ഇങ്ങനെയുള്ള ഗുണവിശേഷങ്ങളോടുകൂടിയ സ്ത്രീവർഗ്ഗത്തെയും ജർമ്മനി ഒററുവേലക്കായി ധാരാളം നിയമിച്ചിട്ടുണ്ട്. ചാരവൃത്തിക്കു നിയമിക്കുന്ന സ്ത്രീകൾ മഹാസുന്ദരിമാരും സൌശീല്യാദിഗുണസമ്പൂർണ്ണമാരും ആയിരിക്കും. അപ്രകാരമുള്ളവരുടെ സ്വാഭാവികമായ ആകർഷണശക്തിയാൽ പുരുഷന്മാർ വലഞ്ഞുപോകാതിരിക്കയില്ല. അവർ, മിക്ക പുരുഷന്മാരെയും അടിമകളാക്കുകയും 'പന്തുതട്ടിക്കളിക്കു'കയും ചെയ്യുന്നു. സുന്ദരികളും വേശ്യമാരും ആയ ഇത്തരം ഒററുകാരികളുടെ വാക്കുകളാലും നോക്കുകളാലും പുരുഷന്മാർ മയങ്ങി കാമപരവശരായി, എത്രയോ ഗൌരവമേറിയ രഹസ്യവാർത്തപോലും അവരോടു പറഞ്ഞുപോയതിന്നുള്ള ദൃഷ്ടാന്തം സംഖ്യാതീതമാണല്ലോ! പണം കൈക്കൂലികൊടുത്താൽ വിലവെയ്ക്കാത്ത എത്രയോ പുരുഷന്മാരിൽനിന്ന്, ഈവക സ്ത്രീകൾ 'മോഹിനിയാട്ടം'കൊണ്ടു കാര്യം പററിച്ചിട്ടുണ്ട്. സൌന്ദര്യദേവതക്കു കീഴടങ്ങാത്ത ഉഗ്രമൂർത്തി എവിടെ എങ്കിലും ഉണ്ടോ? ജർമ്മൻ ചാരസംഘത്തിൽ പ്രാധാന്യം സ്ത്രീകൾക്കാണെന്നു പറയണം. കാരണം, പുരുഷന്മാർക്കു സാധിക്കാത്ത കാര്യം അവർക്കു സാധിക്കുന്നു. എവിടെയും വിജയദേവത അവരുടെ സന്നിധിയിൽ വിളയാടുന്നു.

എത്ര രാജ്യക്കാരത്തികളായാലും വേണ്ടില്ല; മതിയായ കാരണം കൂടാതെ സ്ത്രീകളുടെ നേരെ നടപടി നടത്തുന്നതു ബ്രിട്ടീഷുകാരന്റെ സ്വഭാവമല്ല. ഇതു ജർമ്മൻ അധികൃതന്മാർ നല്ലപോലെ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നു. ഇന്നു ലണ്ടനിൽ അസംഖ്യം സമർത്ഥകളായ ജർമ്മൻസ്ത്രീകൾ ഉണ്ടെന്നും ആയതു രീച്ച്യയാലും രാജ്യത്തിന് അപകടമാണെന്നും ആണ് നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നത്. എന്നാൽ അവരെയൊക്കെ എന്തു ചെയ്യണം എന്ന പ്രശ്നത്തിന് എളുപ്പത്തിൽ ഒരുത്തരം കൊടുപ്പാൻ സാധിക്കുന്നതുമല്ല. സ്ത്രീകളായ അവരെ ഒക്കെക്കൂടെ പ്രത്യേകം ഒരു സ്ഥലത്തുറപ്പിച്ചു ബന്ധോവസ്ഥയിൽ വെച്ചു ക്ലേശിപ്പിക്കാൻ ബ്രിട്ടീഷുജാതിക്കു മനസ്സു വരില്ലായിരിക്കും. അവരെ ഒക്കെ നിർബ്ബന്ധിച്ചു സ്വരാജ്യത്തേക്കു മടക്കി അയയ്ക്കണം എന്നൊരു അഭിപ്രായം ഉണ്ട്. അതു തരക്കേടില്ല.

ബ്രസൽസ് പട്ടണം ശത്രുപക്ഷത്തിൽ പെട്ട ഉടനെ തന്നെ ബ്രിട്ടനിൽ ശ്രുതിപ്പെട്ട ഒരു ജർമ്മൻഒററുകാരത്തി വന്നിരുന്നുപോൽ! അവൾ മഹാസുന്ദരിയും അതിവിദുഷിയും ആയിരുന്നു. ഏഴു ഭാഷകൾ അറിയാം. വളരെ സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടും ഉണ്ട്. ബ്രിട്ടനിലെ രഹസ്യഡിപ്പാർട്ട്മെണ്ടുകാർ അവരുടെ ഗതികൾ ഇന്നും സൂക്ഷിച്ചുനോക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു സ്ത്രീക്ക്, ഏതു തരം സമുദായത്തിലും എളുപ്പത്തിൽ പ്രവേശിക്കാവുന്നതുകൊണ്ടു, വളരെ ഒക്കെ അകപടങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

അതുകൊണ്ട് ഉറങ്ങാതെ കണ്ണും ചെകിടും എപ്പോഴും തുറന്നു വെക്കാൻ ബ്രിട്ടീഷുകാരോടു ഒരിക്കൽകൂടി സരസനായ ഗ്രന്ഥകർത്താവ് ഉപദേശിക്കുന്നു.

## മുതലും പലിശയും

ഒരു കഥ.

പ്ലാഞ്ചേരിവീട്ടിലെ രാമുണ്ണിക്കുറുപ്പവർകൾ, തന്റെ വീട്ടിന്റെ പൂമുഖത്ത് ഒരു ചാരുകസാലയിൽ കിടന്നു കാറേറല്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അസാധാരണമായ മൌനവും, അസ്വസ്ഥങ്ങളായ നോട്ടങ്ങളും കണ്ടു, മൂപ്പർക്ക് എന്തോ പന്തിയല്ലെന്നു മനസ്സിലാക്കി, ഗുമസ്തൻ രാമപ്പണിക്കർ പടിവാതില്ക്കൽ പോയിനിന്നു, കാണ്മാൻ വന്ന കക്ഷിക്കാരെ ഒഴികഴിവു പറഞ്ഞു മടക്കി അയച്ചു. മുൻപുറത്തു തോട്ടത്തിൽ ചെടികളെ നനച്ചുകൊണ്ടു നിന്ന തോട്ടക്കാരൻ കുഞ്ചു, തന്റെ യജമാനന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിന്നായി കുരച്ചും 'കാക്കരി'ച്ചും, പലതും ശ്രമിച്ചതിൽ ഫലമൊന്നുമുണ്ടായില്ല. അതിനാൽ വൃദ്ധൻ അക്ഷമനായി കൈതിരുമ്മിയും കാൽ മാന്തിയും തല ചൊറിഞ്ഞും കൊണ്ടു തോട്ടത്തിന്റെ ഒരു കോണിൽ ചെന്നിരുപ്പായി. നേരം സന്ധ്യമയങ്ങിത്തുടങ്ങിയ ശേഷവും കുറുപ്പു തന്റെ ഇരിപ്പടത്തിൽനിന്ന് അനങ്ങാൻ ഭാവമില്ല. എന്തോ അഗാധചിന്തയിൽ ലയിച്ചിരുന്ന അദ്ദേഹത്തിന്റെ മുഖത്തു കോപവും വ്യസനവും ഒരുപോലെ പ്രതിബിംബിച്ചു കണ്ടു. തന്റെ മുമ്പിൽ കൊണ്ടുവന്നു വെച്ച സന്ധ്യാദീപത്തെപ്പോലും വന്ദിക്കാതെ നിശ്ചേഷ്ടനായിക്കിടന്ന അദ്ദേഹം പടിവാതില്ക്കൽ ഒരു ചവിട്ടുവണ്ടിയുടെ മണിനാദം കേട്ടു പെട്ടെന്നു ഞെട്ടിയുണർന്നെഴുന്നേററു തോട്ടത്തിൽ ചാടി ഇറങ്ങി നിലയായി. ചവിട്ടുവണ്ടിയിറങ്ങി കോമളനായ ഒരു യുവാവു കുറുപ്പിന്റെ സമീപത്തേക്കു വളരെ വണക്കത്തോടുകൂടെ വന്നു നിന്നു. കുറുപ്പു മൌനിയായി അനിമേഷനായി യുവാവിനെ ഏതാനും നിമിഷം നോക്കിനിന്ന ശേഷം എന്തോ പറവാനായി പലപ്രാവശ്യം തന്റെ അധരങ്ങളെ ചലിപ്പിച്ചു; എന്നാൽ ശബ്ദം യാതൊന്നും പുറത്തു വന്നില്ല; വീണ്ടും യുവാവിനെ നഖശിഖാന്തം നോക്കിക്കൊണ്ടു നിന്നു. ഒടുവിൽ യുവാവു പറഞ്ഞു:— "അച്ഛൻ എന്റെ ഇന്നലത്തെ അപേക്ഷക്കു മറുവടി ഒന്നും പറഞ്ഞില്ലല്ലോ. ഈ മൌനത്തെ അനുവാദസൂചകമായി കരുതുന്നു."

യുവാവിന്റെ ഈ വാക്കുകൾ കേട്ടഉടനെ കുറുപ്പിന്റെ മൌനവും ഔദ്ധ്യവും ഒക്കെ ദൂരത്തോടി. വിദ്യുച്ഛക്തിപ്രയോഗം കൊണ്ടെന്നപോലെ അദ്ദേഹത്തിന്റെ ശരീരം ഒന്നു ഞെട്ടി വിറച്ചു. അദ്ദേഹത്തിന്റെ മുഖം അപ്പോൾ ഗർവ്വത്തിന്റെയും പൌരുഷത്തിന്റെയും കേളിരംഗമായിരുന്നു. നിരസസൂചകമായി നെററി ചുളിച്ചുംകൊണ്ട് അദ്ദേഹം മറുവടിപറഞ്ഞു:— "അനുവാദസൂചകമോ? ശരി! ശരി! നിന്റെ താന്തോന്നിത്തത്തിന്നു ഞാൻ ഇജ്ജന്മം അനു

പഠിക്കുമെന്നു നീ വിചാരിക്കുന്നുവോ?"

യുവാവ്:— എൻെറ അഭിരുചിക്കൊത്ത ഒരു തൊഴിൽ പരിശീലിക്കേണമെന്നു ഞാൻ ആഗ്രഹിക്കുന്നതു താന്തോന്നിത്തമാണെന്നു പറഞ്ഞു പുച്ഛിക്കുന്നതു കുറേ കഷ്ടമാണ്.

കുറുപ്പ്:— അഭിരുചി അവിടെ കിടക്കട്ടെ. അതൊന്നും ഇക്കാലത്തു പററില്ല. മാന്യമായ വിധത്തിൽ പണം സമ്പാദിപ്പാൻ ഉപയോഗപ്പെടുന്ന ഒരു തൊഴിൽ സ്വീകരിക്കുകയാണ് നിൻെറ കുടുംബസ്ഥിതിക്കു വേണ്ടത്.

യുവാവ്:— ചിത്രമെഴുത്തു മാന്യമായ തൊഴിലല്ലേ? അതിലാണെനിക്കു വാസനയും.

കുറുപ്പ്:— വാസന! ഈ വാസന എവിടുന്നു വന്നു? ഞാനും എൻെറ പൂർവികന്മാരും എത്രയോ തലമുറയായി വക്കീൽപണി കൊണ്ടാണ് പണം സമ്പാദിച്ചത്. നീയും ആ തൊഴിൽ സ്വീകരിക്കണമെന്നാണ് എൻെറ ആഗ്രഹം.

യുവാവ്:— എൻെറ കാരണവന്മാരിൽ ഒരാൾ ചിത്രമെഴുത്തിൽ വളരെ വാസന കാണിച്ചിരുന്നതായി ഞാൻ കേട്ടിട്ടുണ്ട്. രവിവർമ്മക്കോയിത്തമ്പുരാനെ ചെറുപ്പകാലത്തു ചിത്രമെഴുത്തിന്നുത്സാഹിപ്പിച്ചത് അമ്മാമനാണെന്നു പോലും ചിലർ പറയുന്നു.

കുറുപ്പ്:— എന്നിട്ടെന്താ? അയാളുടെ സ്ഥിതി എന്തായി എന്നു കേട്ടിട്ടുണ്ടോ? ഒരൊററ പൈ സമ്പാദിപ്പാൻ അയാൾക്കു കഴിവുണ്ടായോ? അന്യദിക്കിൽ അഗതിയായി കിടന്നു ചത്തില്ലേ?

യുവാവ്:— അത് അദ്ദേഹത്തിന്നൊരു കുറവായി ഗണിപ്പാൻ പാടില്ല. അദ്ദേഹത്തിനു ചിത്രമെഴുത്തിൽ വാസനയുണ്ടാകാനേ ഭാഗ്യമുണ്ടായുള്ളു. ആ വാസനയെ പോഷിപ്പിച്ചു ഫലപ്രദമാക്കുന്ന സൌകര്യമൊ അഭ്യാസമോ അദ്ദേഹത്തിന്നുണ്ടായില്ല. എനിക്കും അദ്ദേഹത്തിന്നുണ്ടായിരുന്ന പോലുള്ള വാസന മാത്രമേ ഇപ്പോൾ ഉള്ളു. അതിനെ പോഷിപ്പിച്ചു ഫലപ്രദമാക്കുന്ന സൌകര്യം അച്ഛൻ ഉണ്ടാക്കിത്തരണമെന്നാണ് എൻെറ അപേക്ഷ.

കുറുപ്പ്:— അതു ഞാൻ ഇജ്ജന്മം ചെയ്യില്ല. ബി. എ ജയിച്ച ശേഷം ഒരു കൊല്ലം നീ വ്യർത്ഥമാക്കിക്കളഞ്ഞിരിക്കുന്നു. ഇക്കൊല്ലം നിയമപാഠശാല തുറന്നാൽ ഉടൻ നീ ക്ലാസിൽ ചേരണം. രണ്ടുകൊല്ലത്തിനുള്ളിൽ ബി. എൽ പാസ്സായി തൊഴിലിൽ പ്രവേശിക്കുകയും വേണം. എനിക്കാണെങ്കിൽ ദിവസംതോറും കേസ്സും കക്ഷികളും വർദ്ധിച്ചു വരുന്നു. ഇത്രയധികം പണി നടത്താൻ എന്നാൽ സാധിക്കയില്ല. ഈ ഭാരങ്ങളൊക്കെ നീ കൈയേററ ശേഷം വേണം എനിക്കു സകലതും കെട്ടിവെച്ചു തീർത്ഥാടനത്തിനു പോകാൻ. നിൻെറ അമ്മയോട് അങ്ങിനെയാണ് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുള്ളത്.

യുവാവ്:— എനിക്കു നിയമത്തിലും വ്യവഹാരത്തിലും അല്പവും അഭിരുചിയില്ല. അതിന്നായി സമയം പാഴാക്കിക്കളയുന്നതു വളരെ കഷ്ടമായിത്തീരും. എൻെറ നിയമപഠനത്തിന്നായി അച്ഛൻ പണം ചിലവാക്കുന്നതു വ്യർത്ഥമായിത്തീരാനേ വഴിയുള്ളു.

കുറുപ്പ്:— ഇങ്ങിനെ ശാഠ്യം പിടിക്കേണ്ടാ, നീ ഒരു പുരുഷനായില്ലേ? കു

ഒരു പുരുഷൻ മനഃപൂർവ്വമായി ശ്രമിച്ചാൽ എന്തു പഠിക്കാനാണ് കഴിയാത്തത്? പക്ഷേ വേണമെങ്കിൽ നിന്നെ ബിലാത്തിക്കയയ്ക്കാം. അവിടെപ്പോയി ഈ ഉദ്വാസനയൊക്കെക്കളഞ്ഞു ബാരിസ്റ്ററായി മടങ്ങിവാ. അതു തന്നെ നന്ന്.

യുവാവ്:— എനിക്കിപ്പോൾ ബിലാത്തിക്കു പോവാനാഗ്രഹമില്ല. അച്ഛനു മനസ്സുള്ള പക്ഷം ഒരു കൊല്ലം എന്നെ മദിരാശിയ്ക്കയച്ചു ചിത്രമെഴുത്തു പഠിപ്പിക്കുക. ഒരു കൊല്ലത്തെ പരിശ്രമംകൊണ്ടു ചിത്രമെഴുത്ത് എനിക്കു ചേർന്ന തൊഴിലാണെന്ന് എന്റെ ഉപാധ്യായന്മാർ പറയുന്ന പക്ഷം പഠിത്തം തുടരാം; അല്ലെങ്കിൽ ഞാൻ ഈ ശ്രമം ഉപേക്ഷിച്ചു നിയമക്ലാസിൽ ചേരുകയും ചെയ്യാം.

കുറുപ്പ്:— കട്ടാ, ഇനിയും നിന്നോടു തർക്കിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഞാൻ നാരായണിയോടു ചെയ്ത ശപഥത്തെ നിറവേററണമെന്നാഗ്രഹിച്ചിട്ടാണ് ഇത്രയുംതന്നെ തർക്കിച്ചത്. നിന്റെ നേർക്കുള്ള കടമ ഞാൻ ഇത്രനാളും ശരിയായി നിർവ്വഹിച്ചിട്ടുണ്ടെന്ന് അവളുടെ ആത്മാവ് അറിഞ്ഞു തൃപ്തിപ്പെടട്ടെ. ഇത്രനാളും നീ എന്റെ വാക്കിനെ നിഷേധിച്ചിട്ടില്ല; ഇനിയും അതേ സ്ഥിതിയിൽ നടക്കുന്നെങ്കിൽ മാത്രം ഞാനും നീയും അച്ഛനും മകനും അല്ലെങ്കിൽ നാം യാതൊരുബന്ധവുമില്ലാത്ത അപരിചിതന്മാർ. നീ നിന്റെ ഇഷ്ടംപോലെ പ്രവർത്തിച്ചോ!

യുവാവ്:— അച്ഛന്റെ വാക്കു നിഷേധിക്കാനിടവരുന്നതിൽ വളരെ വ്യസനമുണ്ടെങ്കിലും, ഇക്കാര്യത്തിൽ അങ്ങിനെ ചെയ്യാനേ തരമുള്ളു. ഒരു വക്കീൽ എന്ന നിലയിൽ എന്റെ ജീവിതം ഒരിക്കലും ശ്രേയസ്കരമാകയില്ല. ജീവിതത്തെ വ്യർത്ഥമാക്കിക്കളവാനും എനിക്കു സമ്മതമല്ല.

കുറുപ്പ്:— ആകട്ടെ. എന്നാൽ ഇപ്പോൾ നമ്മൾക്കു പിരിയാം. നിന്റെ പേരിൽ നെടുങ്ങാടിബാങ്കിൽ ഞാൻ രണ്ടായിരം ഉറുപ്പിക ഏല്പിച്ചിട്ടുണ്ട്. അതിന്റെ പലിശ നിന്റെ ആഹാരച്ചിലവിനു കഷ്ടിച്ചു മതിയാവും. അതു മാസംതോറും നിനക്കു തരുന്നതിനു ഞാൻ ബാങ്കുകാർക്കെഴുതാം. നിന്റെ അമ്മയുടെ വക ചില ആഭരണങ്ങൾ എന്നെ ഏല്പിച്ചിട്ടുണ്ട്. നീ വിവാഹം കഴിക്കുന്ന സ്ത്രീക്ക് അവ കൊടുക്കണമെന്നാണ് നാരായണി എന്നോടു പറഞ്ഞിട്ടുള്ളത്. അവ ഇനിയും ഞാൻ വെച്ചു സൂക്ഷിക്കേണ്ട ആവശ്യമില്ല. നീ ഇപ്പോൾതന്നെ ഏററുമേടിച്ചോ. നിന്റെ ഭ്രാന്തു ശമിക്കുന്ന കാലം വരെ നമ്മൾ തമ്മിൽ കാണുകതന്നെ വേണ്ട.

* * *

കുമാരൻനായർ അന്നുരാത്രി ഭക്ഷണം കഴിഞ്ഞു തന്റെ അമ്മയുടെ വക ആഭരണങ്ങളും ഏററുമേടിച്ച്, അച്ഛനോടു യാത്രപറഞ്ഞു തന്റെ ജനനഗൃഹം വിട്ടു പുറത്തിറങ്ങി. അച്ഛനും മകനും തമ്മിലുള്ള ഈ യാത്രപറയൽ ഇരുവർക്കും ഒരുപോലെ മർമ്മഭേദകമായിരുന്നു. എന്നാൽ ഇരുവരും വ്യസനത്തെ ഉള്ളിലൊതുക്കിയതല്ലാതെ അല്പവും പുറത്തു കാണിച്ചില്ല. പക്ഷേ, ഇരുവരുടെയും കണ്ണുകൾ — മനസ്സിന്റെ സ്ഥിതിയെ മുഴുവൻ പ്രതിബിംബിപ്പിച്ചിരുന്ന ആ കണ്ണുകൾ — തമ്മിൽ ഒരിക്കലും ഇടയാൻ സംഗതിയായില്ല. തലകുനിച്ചു കൊണ്ടും കഴിയുന്നത്ര മൌന

ത്തിലും ആയിരുന്നു അവർ യാത്രപറഞ്ഞത്. ഒരൊററ നിമിഷത്തെയ്ക്കെങ്കിലും അവരുടെ കണ്ണുകൾ തമ്മിൽ ഇടയാൻ സംഗതി വന്നിരുന്നുവെങ്കിൽ, അവരുടെ ഭാവി, വിശേഷിച്ചും കുമാരൻനായരുടെ ജീവിതം, എത്രയോ ശോഭനമായിത്തീരുവാനിടയാകുമായിരുന്നു. ദുർദ്ദൈവയോഗത്താൽ, അഥവാ ദുശ്ശാഠ്യത്തിൻെറയും ദുരാഭിമാനത്തിൻെറയും തള്ളിച്ചയാൽ, അവർ തമ്മിൽ മുഖത്തോടു മുഖം നോക്കാതെ യാത്ര പറഞ്ഞു പിരിഞ്ഞു. തൻെറ വാസനാബലത്തെ പരീക്ഷിച്ചറിവാനുള്ള ഉൽകണ്ഠയോടുകൂടെ കുമാരൻനായർ തൻെറ സ്വതന്ത്രജീവിതം ആരംഭിച്ചു.

* * *

കൊല്ലം പത്തു കഴിഞ്ഞു. കുമാരൻനായരുടെ കഥയേ ഇല്ല. അദ്ദേഹത്തെ അന്വേഷിപ്പാൻ കുറുപ്പു ചെയ്ത ശ്രമങ്ങളൊക്കെ നിഷ്ഫലമായിത്തീൎന്നതേ ഉള്ളൂ. താൻ ഏററുകൊണ്ടു പോയ ആഭരണങ്ങൾ പിറെറദിവസം തന്നെ നെടുങ്ങാടിബാങ്കിൽ സൂക്ഷിക്കാൻ ഏല്പിച്ചതല്ലാതെ, അവയെ മടക്കി വാങ്ങുകയാകട്ടെ, കാററപ്പൈ പോലും അവിടെനിന്നു പററുകയാകട്ടെ കുമാരൻനായർ ചെയ്തിട്ടില്ല.

കുറുപ്പിൻെറ സ്ഥിതി വളരെ ദയനീയമായ നിലയിൽ എത്തിയിരിക്കുന്നു. മകനുമായി പിരിഞ്ഞ ആദ്യകാലങ്ങളിൽ 'കുടുംബഗൎവ്വ്' നിമിത്തം അദ്ദേഹം തൻെറ മനസ്സന്താപത്തെ പുറത്തു കാണിക്കാതെ കഴിച്ചുകൂട്ടി; രാപ്പകൽ പണിയെടുത്തു തൻെറ ഹൃദയശൂന്യതയെ മറക്കുവാൻ ശ്രമിച്ചു. എന്നാൽ ഈ തന്ത്രങ്ങളൊന്നും ദീൎഘകാലത്തേയ്ക്കു ഉപകാരപ്പെട്ടില്ല. കഠിനമായ മനഃക്ലേശം നിമിത്തം, അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹം ഒരു സ്ഥിരരോഗിയായിത്തീൎന്നു. തന്നിമിത്തം പലപ്പോഴും തൻെറ ജോലിക്കു വിഘ്നം വരുത്തി സുഖവാസസ്ഥലങ്ങളിൽ പോയി പാൎക്കേണ്ടിവന്നു.

* * *

ഇക്കുറി അദ്ദേഹം കുന്നൂരിലാണ് വന്നുചേൎന്നത്. വേനല്ക്കാലം ആരംഭിച്ചിട്ടേ ഉള്ളൂ; അതിനാൽ കുന്നിൻപുറങ്ങളിലെ ബംഗ്ലാവുകൾ മിക്കവയും ഒഴിവായിരുന്നു. "ടൈഗർഹില്ലി"നു സമീപമുള്ള ഒരു ചരിവിൽ "ഗ്ലാഡ്സ്റ്റൻ വില്ല" എന്നു പേരുണ്ടായിരുന്ന ഒരു വലിയ ബംഗ്ലാവു കൂലിക്കു വാങ്ങി, ഏകനായ കുറുപ്പു തൻെറ ഏകഭൃത്യനോടും 'റോവർ' എന്ന തൻെറ നായാട്ടുനായയോടും കൂടെ അവിടെ പാൎപ്പുറപ്പിച്ചു.

കുറുപ്പിൻെറ വസതിക്ക് ഏതാണ്ടു സമീപത്തായി ലില്ലിലാഡ്ജ്' എന്നു പേരായി ഒരു ചെറിയ ഗൃഹമുണ്ടായിരുന്നു. കുറുപ്പിൻെറ അയൽഭവനങ്ങളിൽ ഇതിലൊന്നിൽ മാത്രമേ ആൾപാൎപ്പുണ്ടായിരുന്നുള്ളൂ. തൻെറ അയൽപക്കക്കാർ ആരായിരിക്കുമെന്നറിവാനുള്ള കൌതുകത്താൽ, കുറുപ്പു നടക്കാൻ പോകുമ്പോഴൊക്കെ ആ ഭവനത്തെ സൂക്ഷിച്ചു നോക്കിയിരുന്നു. എന്നാൽ അടുക്കളയിലെ പുകക്കുഴലിൽകൂടെ പുക പുറപ്പെടുന്നതും വാതലുകളും ജനലുകളും തുറന്നുകിടക്കുന്നതുമല്ലാതെ, ജനവാസത്തിൻെറ മററു ലക്ഷണങ്ങൾ ഒന്നും കാണ്മാൻ കഴിഞ്ഞില്ല. ഒന്നുരണ്ടാഴ്ച ഇങ്ങിനെ കഴിഞ്ഞശേഷം ഒരുനാൾ രാവിലെ കുറുപ്പ് ആ വഴി കടന്നുപോകുമ്പോൾ, വയോവൃദ്ധനായ ഒരു ഭൃത്യനോടൊന്നിച്ച് ഒ

ള ബാലകൻ തോട്ടത്തിൽ നിന്നു പൂവറുക്കുന്നതു കണ്ടു. ബാലകന്റെ സംസാരവും വേഷവും കൊണ്ട് അവൻ ഒരു മലയാളിയാണെന്നറിഞ്ഞപ്പോൾ വീട്ടുകാരാരെന്നറിയാനുള്ള ഉൽക്കണ്ഠ കുറുപ്പിന് അടക്കാൻ കഴിയാത്ത മട്ടിലായി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം അതേവഴി മടങ്ങി, ഗൃഹസമീപത്തെത്തി, മന്ദമായി നടന്ന് ഉള്ളിലേയ്ക്കു സൂക്ഷിച്ചുനോക്കുമ്പോൾ, മുൻവശത്തുള്ള വാതലിനു സമീപത്തു വെച്ചിരുന്ന തട്ടികയുടെ ചുവട്ടിൽ കൂടെ വിളുത്തു മെലിഞ്ഞ രണ്ടു പാദങ്ങളേയും അതി ശുഭ്രമായ ഒരു വസ്ത്രാഗ്രത്തേയും കാണ്മാനിടയായി.

അന്നു വീട്ടിൽ മടങ്ങി എത്തിയ ഉടൻ കുറുപ്പ് ഈ വീട്ടുകാരെപ്പററി അന്വേഷണം തുടങ്ങി തന്റെ ഭൃത്യൻമുഖേന പലരോടും ചോദിച്ചതിൽ രോഗാതുരയായ ഒരു മലയാളസ്ത്രീ, തന്റെ പുത്രനോടും ഒരു ഭൃത്യനോടും കൂടെ ആ വീട്ടിൽ പാക്കുന്നു എന്നും, സ്ത്രീയുടെ ഭത്താവു മലിരാശിയിൽനിന്നും അപ്പപ്പോൾ വന്നന്വേഷിക്കാറുണ്ടെന്നുമല്ലാതെ, അവരുടെ 'ഊരും പേരുമോ' മററു വിവരങ്ങളൊ ഗ്രഹിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും കുറുപ്പു ഭഗ്നോത്സാഹനാകാതെ രാവിലെയും വൈകുന്നേരവും ആ വീട്ടിനെ കടന്നുപോകയും, അപ്പൊഴൊക്കെ കാണാറുണ്ടായിരുന്ന ബാലകനെ പടിവാതുക്കലേയ്ക്കു വരുത്തുവാൻ ഉറുമാൽ വീശിയും നായെ കളിപ്പിച്ചും പലവിധത്തിൽ യത്നിക്കയും ചെയ്തു. എന്നാൽ ബാലകനാകട്ടെ ലജ്ജിച്ചു വീട്ടിനുള്ളിൽ ഓടി ഒളിക്കുകയാണ് ചെയ്തുവന്നത്.

ഇങ്ങിനെ ഏതാനും നാൾ കഴിഞ്ഞപ്പോൾ ഒരുദിവസം മഴ നിമിത്തം കുറുപ്പിനു പതിവുപ്രകാരം രാവിലെ നടക്കാൻ പോകാൻ തരമായില്ല. അന്നുച്ചയ്ക്കു, തന്റെ ഭൃത്യൻ ഒരു കത്തയയ്ക്കുവാനായി തപാലാപ്പീസിലേയ്ക്കു പോയി മടങ്ങുമ്പോൾ, 'ലില്ലിലാഡ്ജി'ൽനിന്നും അടച്ചുമൂടിയ ഒരു കുതിരവണ്ടി തീവണ്ടിയാഫീസിലേയ്ക്കു പോകുന്നതു കണ്ടു എന്നും, വീട്ടിന്റെ പടിക്കൽ ബാലകൻ തനിയെ വിമ്മിക്കരഞ്ഞുകൊണ്ടു നില്ക്കുന്നുണ്ടെന്നും കുറുപ്പിനെ അറിയിച്ചു. ഇതു കേട്ട ഉടനെ കുറുപ്പു തന്റെ 'മഴക്കുപ്പായ'വും ധരിച്ച് ഒരു കുടയുമെടുത്തു ലാഡ്ജിലേക്കു ബദ്ധപ്പെട്ടോടി. അദ്ദേഹത്തെ കണ്ട മാത്രയിൽ ബാലകൻ ഒരു നെടുവീർപ്പിട്ടു കരച്ചിൽ മതിയാക്കി കുറുപ്പിന്റെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടു നിശ്ചേഷ്ടനായി നിന്നു.

ബാലകനെ സമീപത്തു കണ്ടഉടൻ കുറുപ്പിന്റെ മനസ്സിൽ പാഞ്ഞുകയറി വന്ന വിചാരങ്ങളും സ്മരണകളും അവണ്ണനീയങ്ങളാണ്. തൽഫലമായി ബാലകനെപ്പോലെ അദ്ദേഹവും ഒരു നെടുവീർപ്പിട്ടു ചേഷ്ടയില്ലാതെ നിന്നുപോയി. എന്നാൽ ഈ ബാലകന്റെ സാന്നിദ്ധ്യം പഴയ സ്മരണകളിൽ ചിലതിനെ ഉണത്തുക മാത്രമല്ല, കുറുപ്പിന്റെ ഹൃദയത്തെ അവൻ ഹഠാദാകഷിക്കുകകൂടെ ചെയ്തു. ഇതിന്നു കാരണമെന്തായിരിക്കുമെന്നു കുറുപ്പിനു മനസ്സിലായില്ല. പുത്രവിരഹത്താൽ ശൂന്യമായിഭവിച്ച തന്റെ ഹൃദയം ഈ ബാലകന്റെ സ്പശമാത്രത്താൽ ആഹ്ലാദപൂരിതമായിരിക്കുന്നു. എന്നാൽ ഇവന്നാകട്ടെ തന്റെ ആത്മജനോടു,— തന്റെ ഏക സ

ന്മാനമായ കുമാരനോടു,— യാതൊരു സാമ്യവും ഉണ്ടായിരുന്നില്ല. തന്റെ മകൻ ഒരു ബാലകനായിരുന്നപ്പോൾ പുരുഷത്വൗദാര്യവും, പുരുഷയോഗ്യമായ ഗൗരവവും ആണ് സകല നോട്ടങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷമായിരുന്നത്. ഈ ബാലകന്റെ സൌകുമാര്യവും നിസ്സഹായതയും കണ്ടാൽ, അവൻ ഒരു ബാലികയായി ജനിക്കേണ്ടതായിരുന്നു എന്നും, വിധിവൈപരീത്യത്താലാണ് പുരുഷസംജ്ഞയ്ക്കു ഇടയായിരിക്കുന്നതെന്നും തോന്നും.

കുറുപ്പു വിവിധചിന്തകളാൽ വ്യാകുലനായി നില്ക്കെ, ബാലകൻ തന്റെ കുപ്പായക്കീശയിൽ നിന്നും ഒരു കടലാസ്സുകഷണമെടുത്തു ചുംബിക്കുന്നതു കണ്ടു. കുറുപ്പ് കൌതുകത്തോടെ നോക്കിനില്ക്കുന്നതു കണ്ട് അതു തന്റെ അച്ഛന്റെയും അമ്മയുടേയും ഛായകൾ അടങ്ങീട്ടുള്ളതാണെന്നു പറഞ്ഞു ബാലകൻ ആ കടലാസ്സിനെ അദ്ദേഹത്തെ കാണിച്ചു. അടുത്ത ഒന്നു രണ്ടു നിമിഷങ്ങൾക്കിടയിൽ കുറുപ്പ് അവിടെ കാട്ടിക്കൂട്ടിയ ഗോഷ്ഠികൾ പറഞ്ഞറിയിപ്പാൻ പ്രയാസം. ബാലകനെ പൊക്കിയെടുത്ത് ആപാദകേശം ചുംബിച്ചും, തഴുകിയും, സന്തോഷാശ്രുക്കളാൽ അഭിഷേകം ചെയ്തും നില്ക്കുന്ന മദ്ധ്യേ, ബാലകനെ തിരഞ്ഞുവന്ന ഭൃത്യൻ അവരുടെ സമീപത്തെത്തി. ആ ഭൃത്യനിൽനിന്നു ഗ്രഹിപ്പാനിടയായ വർത്തമാനങ്ങളാൽ കുറുപ്പിന്റെ മനസ്സു കുളിർത്തു.

* * *

മാസം ആറു കഴിഞ്ഞു; രാമുണ്ണിക്കുറുപ്പു ശരീരസുഖത്തോടുകൂടെ നാട്ടിൽ മടങ്ങിയെത്തി. അടച്ചുപൂട്ടി ഇരുട്ടടഞ്ഞു സന്തോഷശൂന്യമായി കിടന്നിരുന്ന പ്ലാഞ്ചേരിവീടു വീണ്ടും 'തണ്ടാരിൻ മാതി'ന്റെ കേളീരംഗമായി ശോഭിക്കുന്നു. ആ സുകുമാരശരീരനും ഉത്സാഹപ്രിയനുമായ ഒരു ബാലകന്റെ ഓട്ടവും ചാട്ടവും ചിരിയും ആർത്തുവിളിയും നിമിത്തം ആ വീട്ടിന്നു ഒരു പുതിയ ജീവൻ ലഭിച്ചപോലെ തോന്നുന്നു. പണ്ടു പത്തുകൊല്ലം മുമ്പു, കുറുപ്പ് വിചാരമഗ്നനായി കിടന്നിരുന്ന ചാരുകസാലമേൽ, ഒരു വാടിയ പുഷ്പംപോലെ ക്ഷീണിച്ചു കിടക്കുന്ന കുമാരൻനായരുടെ നേത്രങ്ങൾ ബാലകനെ കാണുമ്പോൾ, അദ്ദേഹത്തെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞ പ്രേയസിയുടെ സ്മരണയാൽ അശ്രുപൂർണ്ണങ്ങളാകുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ അച്ഛൻ വാർദ്ധക്യമേറിയ തന്റെ അംഗങ്ങളുടെ ക്ഷീണതയെ മറന്നു തന്റെ സുകുമാരനായ പൌത്രന്റെ പിന്നാലെ ഓടി എത്തുന്നതും മററും അദ്ദേഹത്തിന്റെ ഹൃദയത്തെ കുളിർപ്പിക്കുന്നുണ്ട്. നഷ്ടമായിപ്പോയ മുതൽ പലിശസഹിതം മടക്കിക്കിട്ടിയാലുണ്ടാവുന്ന സന്തോഷവും സംതൃപ്തിയുമാണ് 'സുകുമാര'ലാഭത്താൽ കുറുപ്പിനുണ്ടായിക്കാണുന്നത്. മുത്തച്ഛനെപ്പോലെ ഞാനും ഒരു വക്കീലായി, ലാങ്കോട്ടും തലക്കെട്ടും ധരിച്ചു കോടതിയിൽ പോവും" എന്നു ബാലകൻ കൊഞ്ചിപ്പറയുന്നതു കേൾക്കുമ്പോൾ വൃദ്ധനുണ്ടാകുന്ന അഭിമാനവും സന്തോഷവും എന്തു പറയേണ്ടു!

—ബി. കല്യാണിഅമ്മ, ബി. എ.

കണ്ണൂർ.

## കൃത്രിമകൈകൾ.

നമ്മുടെ ഓരോ ദേഹാവയവവും അതാതുകൊണ്ടുള്ള പ്രവൃത്തികളെ നടത്തേണ്ടതിന്നുള്ള മനസ്സിൻെറ അതിയായ ആഗ്രഹത്തിൽനിന്നുണ്ടായതാണെന്നു ചില പരിണാമവാദികൾ അഭിപ്രായപ്പെടുന്നുണ്ട്. അതെങ്ങിനെയായാലും, ഇപ്പോഴത്തെ ഭയങ്കരയുദ്ധംകൊണ്ടു കൈകൾ മുറിഞ്ഞു കഷ്ടപ്പെടുന്ന അനവധി ജനങ്ങളെപ്പററിയുള്ള അനുകമ്പയുടേയും, അവരെ സഹായിക്കണമെന്നുള്ള അതിശ്രദ്ധയുടേയും ഫലമായി പ്രകൃത്യാ ഉള്ളവയെപ്പോലെതന്നെ ഉപയോഗപ്പെടുന്ന കൃത്രിമങ്ങളായ ഭുജങ്ങൾ ഉണ്ടാക്കാവുന്നതാണെന്ന്, ഇതാ, ചിലർ കണ്ടുപിടിച്ചിരിക്കുന്നു. മേഡൺർവ്യൂ'വിൻെറ ഇയ്യിടെ പുറത്തായ ഒരു ലക്കത്തിൽ (Literary Digest) ലിററററി ഡൈജസ്റ്റിൽനിന്നെടുത്തു ചേൎത്തിരിക്കുന്ന ഒരു ലേഖനം അതിനെപ്പററി ഒരു സാമാന്യമായ അറിവ് നമുക്കുണ്ടാക്കിത്തരുന്നുണ്ട്. ആ ലേഖനത്തിൻെറ സാരമാണ് താഴെ കാണുന്നത്.

പ്രകൃതിദത്തങ്ങളായ കൈകളെപ്പോലെ മടക്കാനും നിവൎത്താനും മററും സാധിയ്ക്കുന്നവയും, ദേഹത്തിലെ മാംസപേശികളോട് അത്രയും യോജിപ്പിൽ കൂട്ടിപ്പിടിപ്പിച്ചതുകൊണ്ടു വേണ്ടവിധം ശക്തിയിൽ വ്യാപരിപ്പിയ്ക്കാവുന്നവയുമായ കൃത്രിമഭുജങ്ങൾ ഉണ്ടാക്കാവുന്നതാണെന്നു സ്വിററ്സർലാണ്ടിലുള്ള സ്യൂറിക്ക് എന്ന പട്ടണത്തിൽ താമസിക്കുന്ന ഡോക്ടർ സോവർബ്രൂച്ച് എന്ന ഒരു ശസ്ത്രവൈദ്യനും ഡോക്ടർ സ്റ്റൊഡോള എന്ന ഒരു ശില്പശാസ്ത്രാധ്യാപകനും കൂടി കണ്ടുപിടിച്ചു കഴിഞ്ഞു എന്നുതന്നെ പറയാം. ദേഹത്തിലുള്ള മാംസപേശികളെക്കൊണ്ടു കൃത്രിമകൈകളാൽ വ്യാപരിപ്പിയ്ക്കുന്നതിൽ ശരീരശാസ്ത്രത്തെ സംബന്ധിച്ച അറിവും, പ്രകൃതിദത്തമായ കയ്യുപോലെ അത്രയും ശക്തിയും അത്രയും പ്രവൃത്തിസാമൎത്ഥ്യവും ഉള്ള കൈകളെ പണിചെയ്യുണ്ടാക്കേണ്ടതിൽ ശില്പശാസ്ത്രത്തെ സംബന്ധിച്ചുള്ള പാണ്ഡിത്യവും ഇതിൽ അത്യാവശ്യമാണല്ലോ. ആസ്ത്രിയയുടെ തലസ്ഥാനമായ "വിയെന്ന"യിൽനിന്നു പുറപ്പെടുന്ന ഒരു കടലാസ്സിൽ ഡോക്ടർ സോവർബ്രൂച്ച് തൻെറ അനുഭവങ്ങൾ എഴുതിയിട്ടുണ്ട്. ഇതുവരെയായി ഉണ്ടായിട്ടുള്ളതും അടുത്ത കാലത്തുതന്നെ ഇനിയും ഉണ്ടാവാനിരിക്കുന്നതുമായ എല്ലാ സൂത്രപ്പണികളും പ്രയോഗിച്ചു കഴിഞ്ഞാലും, കൃത്രിമങ്ങളായ അവയവങ്ങളെ വേണ്ടപോലെ ഉപയോഗിക്കുന്ന കാൎയ്യത്തിൽ അതു ചെയ്യുന്ന ആൾക്കു നല്ല സാമൎത്ഥ്യവും പരിചയവും അത്യാവശ്യമായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. അദ്ദേഹം പറയുന്നു:—

"കയ്യുണ്ടാക്കുന്ന കാൎയ്യത്തിലാണ് എല്ലാററിലും വെച്ച് അധികം ഞെരുക്കമുള്ളത്; കൃത്രിമങ്ങളായ വിരലുകളെ സാധാരണ മട്ടിൽ ഉപയോഗിക്കാറാക്കുക എന്നത് ഏററവും ഞെരുക്കമുള്ള ഒരു കാൎയ്യമാ

ണ്. വിദ്യുച്ഛക്തികൊണ്ടു വ്യാപരിക്കുന്ന കമ്പികളും മററും വെച്ചു പിടിപ്പിച്ചതായ ഏററവും പുതിയതരം കയ്യിന്നുകൂടി സാധനങ്ങളെ യഥേഷ്ടം പിടിച്ചെടുക്കുന്നതിന്നുള്ള ശക്തി പോരാതെ വരുന്നു.

"ശസ്ത്രവൈദ്യന്മാരാകട്ടെ ശില്പശാസ്ത്രജ്ഞന്മാരാകട്ടെ ഇതേവരെ ആ ഒരു വിഘ്നത്തിന്നു മതിയായ ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചിട്ടില്ലായിരുന്നു. ഞാൻ യുദ്ധരംഗത്തിൽനിന്നു മടങ്ങി വന്നതിന്നു ശേഷം, സ്യൂറിക്കിലെ വിവിധശില്പവിദ്യാലയത്തിൽ അധ്യാപകനായ ഡോക്ടർ സ്റ്റോഡോളയെ യദൃച്ഛയായി കണ്ടുമുട്ടി. ശസ്ത്രവൈദ്യത്തെ സംബന്ധിച്ച വേണ്ടതെല്ലാം പ്രവർത്തിക്കുവാൻ ആളുള്ള പക്ഷം, ആവശ്യമുള്ള തരത്തിൽ കൃത്രിമക്കയ്യുണ്ടാക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഉടനെ തന്നെ ഞാൻ മൃഗങ്ങളെ പിടിച്ചു കാര്യം പററുമോ എന്നു പരീക്ഷിച്ചുനോക്കി; കൈ മുറിച്ചു കളഞ്ഞ ശേഷം, ബാക്കിഭാഗത്തുള്ള ഞരമ്പുകളിലും മാംസപേശികളിലും ചലനങ്ങൾക്കാവശ്യമായ ശക്തിയുണ്ടാക്കാവുന്നതാണെന്നു ഞാൻ വേഗത്തിൽ മനസ്സിലാക്കി. എന്നിട്ടു മനുഷ്യദേഹത്തിന്മേൽ അതു പരീക്ഷിച്ചുനോക്കി; ഒടുവിൽ ആറു മുറിപ്പെട്ട ഭടന്മാരുടെ കൈകളെ ആവിധം നേരെയാക്കുവാൻ എനിക്കു സാധിച്ചു.

"തികച്ചും വിജയകരമായിത്തീരുന്നതിന്നു ഞരമ്പുകളും മാംസപേശികളും വേണ്ടേടത്തോളം ചുരുക്കിവെക്കുന്നത് അത്യാവശ്യമാണ്. ബാക്കി നില്ക്കുന്ന കൈത്തുണ്ടം ഉറപ്പുള്ളതാക്കിത്തീർക്കുന്നതും ആവശ്യം തന്നെ. ശരീരശാസ്ത്രസംബന്ധമായും ശസ്ത്രവിദ്യാസംബന്ധമായും പരിപൂർണ്ണമായ പഠിപ്പും പരിചയവും വേണ്ടിയിരിക്കുന്നു എന്നല്ല, വളരെ ശ്രദ്ധിച്ചും നിഷ്കർഷിച്ചും ചികിത്സചെയ്തേ കാര്യം സാധിക്കുകയുള്ളൂ. വൈദ്യൻ പാടുള്ളതിലധികം ബദ്ധപ്പാടോടുകൂടി കാര്യം കലാശിപ്പിക്കാൻ ശ്രമിച്ചാൽ, ഉള്ളതും അപകടമായിട്ടേ കലാശിക്കുകയുള്ളൂ.

"പ്രൊഫസ്സർ സ്റ്റോഡോളയുടേയും എൻേറയും ആദ്യത്തെ പരീക്ഷാഫലങ്ങൾ പ്രസിദ്ധപ്പെടുത്തിയതിന്നു ശേഷം, ഒരു ഇററാലിയൻ ശസ്ത്രവൈദ്യൻ, ഡോക്ടർ വാൻഗെററി, ഈ വിഷയത്തെക്കുറിച്ചു പലതും ആലോചിച്ചു കണ്ടു പിടിച്ചിട്ടുള്ളതായും, അദ്ദേഹത്തിൻെറ ആലോചനാഫലങ്ങൾ 1906-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നതായും എനിക്കറിവാനിടയായി. അതിന്നുശേഷം പൈസയിലെ പ്രൊഫസ്സർ സെസി മൂന്നു ശസ്ത്രക്രിയ വിജയകരമായവിധം നടത്തി നോക്കി. എന്നല്ല എൻെറ അന്വേഷണങ്ങൾക്കിടയിൽ, അത്രയുംമുമ്പ് 1867-ൽ ലാറി ഒരു കൃത്രിമമായ കയ്യിന്മേൽ സ്വതേയുള്ള കൈത്തുണ്ടിലുള്ള മാംസപേശികളുടെ ശക്തിയെ വ്യാപരിപ്പിക്കാവുന്നതാണെന്നു പറഞ്ഞിട്ടുള്ളതായി കണ്ടു ഞാൻ അത്ഭുതപ്പെട്ടുപോയി. ഇനി ഇക്കാലത്തെപ്പററി പറയുമ്പോൾ, 1915-ൽ ഡോക്ടർ നാഗി എതെങ്കിലും ഒരു വിരൽ പോയിട്ടുണ്ടെങ്കിൽ ഞരമ്പുകളെ തോൽകൊണ്ടു പൊതിഞ്ഞു ശക്തി വെപ്പിക്കാവുന്നതാണെന്നഭിപ്രായപ്പെട്ടതായും അറിയാനിടയായി. ഒരു കൃത്രിമമായ കയ്യിനെ വ്യാപരിപ്പിക്കുന്നതിൽ സ്വതേയുള്ള കൈത്തുണ്ടിൽ ബാക്കി

നില്ക്കുന്ന ഞരമ്പുകളെ ഉപയോഗിച്ചു നോക്കി, ഒരു റഷ്യൻഭടന്റെ മേൽ പരീക്ഷിച്ചു വിജയം കണ്ടിട്ടുണ്ടെന്നു പ്രൊഫസ്സർ കോർട്ട് എനിക്കെഴുതി അയച്ചിരുന്നു.

“ജർമ്മനിയിലെ യുദ്ധവകുപ്പുകാർ സിൻജെനിലുള്ള ഒരു യുദ്ധസ്ത്രീ എന്റെ കൈവശം ഏല്പിച്ചുതരികയുണ്ടായി, അവിടെ വെച്ചു ഞങ്ങൾ പരീക്ഷിച്ചു നോക്കിയതു, ശസ്ത്രവൈദ്യത്തെ സംബന്ധിച്ചുള്ള ഭാഗത്തെപ്പററി പറകയാണെങ്കിൽ, വിചാരിച്ചതിലധികം വിജയകരമായി കണ്ടു. ഒരു മുറിഞ്ഞ കയ്യിന്റെ ബാക്കിഭാഗത്തുള്ള മാംസപേശികളെ 1½ ഇഞ്ച് മുതൽ 2 ഇഞ്ച് വരെ ചെറുതാക്കിയതുകൊണ്ട് 22 റാത്തൽ എടുത്തു പൊന്തിക്കുന്നതിനു വേണ്ട ശക്തി അവയ്ക്കുണ്ടാക്കിത്തീർക്കാൻ ഞങ്ങൾക്കു സാധിച്ചു. എന്നാൽ ഈ ശക്തി കുറച്ചുകാലത്തേയ്ക്കു നില്ക്കുള്ളു എന്നുണ്ടോ എന്ന ശങ്കയും സാരമില്ല. എന്നല്ല, നേരെമറിച്ച്, ഇടവിടാതെ ഉപയോഗിച്ചുവന്നാൽ കൃത്രിമമായ ഭുജത്തിന്റെ ശക്തി വർദ്ധിക്കും.

“ഇനി ശില്പശാസ്ത്രത്തെ സംബന്ധിച്ചുള്ള ഭാഗമാണെങ്കിൽ, അതും വിജയകരമായിത്തന്നെയാണു കണ്ടത്.............. തന്റെ മുൻഗാമികൾ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതിന്മേൽ തന്നെ ഏതാണ്ടു മുമ്പെപ്പിടിച്ചുകൊണ്ടു, പ്രൊഫസ്സർ സ്റ്റോണ്ടോളു കരുകയുണ്ടായി; അതിന്റെ വിരലുകളെല്ലാം ചില കമ്പികളെക്കൊണ്ടു നടത്തപ്പെടുന്നു. ഒരു വിരലിന്മേലെയ്ക്കു ശക്തി കൊടുക്കുവാൻ അടുത്തുള്ള മററു വിരലുകളുടെ സഹായം ആവശ്യമില്ല. അതിനാൽ എന്തു മാതിരി സാമാനങ്ങളും എടുക്കുവാനും ഏതുമാതിരിയും തിരിക്കുവാനും മറിക്കുവാനും സാധിക്കുന്നതാണ്.

അണ്ടത്തോട്.

“എന്തായാലും ഇതുവരെയുണ്ടായിട്ടുള്ളതു കൊണ്ടാലോചിക്കുമ്പോൾ, നമ്മുടെ കൃത്രിമഭുജങ്ങൾ ശരീരശാസ്ത്രത്തിലും അംഗവിച്ഛേദനവൈദ്യത്തിലും പരിപൂർണ്ണമായ പാണ്ഡിത്യത്തെ കാണിക്കാത്തവയും, പുതിയതരം ആലോചനകൾക്കു തികച്ചും പററിയവയുമല്ലെന്നു സമ്മതിച്ചേ തീരു. ഇനിമേൽ ശസ്ത്രവിദ്യാനിപുണനും ശരീരശാസ്ത്രകോവിദനും ശില്പശാസ്ത്രപാരംഗതനും ഒരുപോലെ നിഷ്കർഷിച്ചു ഒപ്പിച്ചിരുന്നു പണിചെയ്തു നോക്കേണ്ടിയിരിക്കുന്നു.

“ചുരുക്കിപ്പറയുന്നതായാൽ ഇതുവരെ പരീക്ഷിച്ചുനോക്കി കിട്ടിയിട്ടുള്ള ഫലങ്ങളെക്കൊണ്ടു നോക്കുമ്പോൾ, ശസ്ത്രവിദ്യാസംബന്ധമായ പ്രവൃത്തി തികച്ചും വിജയകരമായിക്കഴിഞ്ഞിരിക്കുന്നു എന്നുതന്നെ പറയാം; കാലക്രമത്താൽ ശില്പശാസ്ത്രസംബന്ധമായ ഭാഗവും അതുപോലെ തന്നെ പൂർണ്ണമായിക്കാണുമെന്നുള്ളതിന്നും സംശയമില്ല.

“ഓരോ പ്രവൃത്തിക്കാർക്കും വെവ്വേറെ കയ്യുകൾ ആവശ്യമായിരിക്കും. തുന്നൽക്കാരന്റെ കയ്യു പോരുമെന്നായാൽ, തുന്നൽയന്ത്രത്തിന്റെ ചക്രങ്ങളെ ഉറപ്പിക്കുന്നതിന്നും മററും ചൂണ്ടാണിവിരലും തള്ളവിരലും കൂട്ടാനും വിടർത്താനും പ്രത്യേകം കമ്പികൾ ആവശ്യമാണ്. ഇപ്പോഴത്തെ പുതിയ ക്രമങ്ങളുടെ ഫലമായി അങ്ങിനെ പ്രത്യേക ജോലികൾക്കെല്ലാം ഉപയുക്തങ്ങളായ പ്രത്യേക ഭുജങ്ങളെ ഉണ്ടാക്കിത്തീർക്കാൻ നമുക്കു സാധിക്കുന്നതാണ്.

“നമ്മുടെ ശ്രമം വിജയകരമാകുന്ന പക്ഷം കൈ മുറിഞ്ഞവരായ നമ്മുടെ കൂട്ടക്കാർക്കു മുൻമട്ടിൽത്തന്നെ ആയിത്തീരുവാൻ സാധിക്കുന്ന കാര്യം എത്ര സന്തോഷകരമായിരിക്കും!

—നാലപ്പാട്ട് നാരായണമേനോൻ

# വിശിഷ്ടകൃതികൾ

(ശ്രീമാൻ കെ. രാമകൃഷ്ണപിള്ള. ബി. എ. അവർകളാൽ പ്രസാധിതമായവ)

| | | | |
|---|---|---|---|
| നരകത്തിൽ നിന്ന് | ൧ | ൮ | ൦ |
| ഉദയഭാനു ൧-ാം ഭാഗം | ൧ | ൦ | ൦ |
| ൨-ാം ഭാഗം | ൦ | ൧൨ | ൦ |
| താമരത്തോണി | ൧ | ൦ | ൦ |
| മൂന്നുകണ്ണൻമുതലായകഥകൾ | ൦ | ൩ | ൦ |
| ക്രിസ്റ്റഫർ കൊളമ്പസ് | ൦ | ൪ | ൦ |
| ബെഞ്ചമിൻ ഫ്രാങ്ക്ലിൻ | ൦ | ൬ | ൦ |
| കാറൽമാർക്സ് | ൦ | ൬ | ൦ |
| മോഹനദാസ് ഗാന്ധി | ൦ | ൮ | ൦ |
| വൃത്താന്തപത്രപ്രവർത്തനം | ൧ | ൦ | ൦ |
| വേദാന്തസാരം കിളിപ്പാട്ട് | ൦ | ൮ | ൦ |
| അന്യാപദേശമാല | ൦ | ൮ | ൦ |
| കേരളോല്പത്തി | ൦ | ൨ | ൦ |
| തിരുവിതാംകൂർ നാട്ടുകടത്തൽ | | | |
| ഇംഗ്ലീഷിൽ | ൦ | ൧൨ | ൦ |
| മലയാളത്തിൽ | ൦ | ൧൨ | ൦ |
| ഗില്ലിവർ ൧-ാം ഭാഗം | ൦ | ൫ | ൦ |
| " ൨-ാം ഭാഗം | ൦ | ൫ | ൦ |
| പാറപ്പുറം ൨-ാം ഭാഗം | ൨ | ൦ | ൦ |

---

| | | | |
|---|---|---|---|
| ബാലാകലശവാദം | ൦ | ൮ | ൦ |
| മിസ്റ്റർപിള്ളയും ടി. കെ കൃഷ്ണമേനോനും തമ്മിൽ നടന്ന പ്രമാദമായ സാഹിത്യവാദം | | | |
| പരിഷ്കാരബഹിഷ്കാരം | ൦ | ൮ | ൦ |
| (നാട്ടുകടത്തൽ സംബന്ധിച്ചുള്ള പത്രപ്രസ്താവനകളും മററും) | | | |
| ആ പാശ്ചാചാരം | ൦ | ൫ | ൦ |

(ദിവാൻ മിസ്റ്റർ രാജഗോപാലാചാര്യരുടെ ഭരണകാലത്തെ തിരുവിതാംകൂർ ഭരണം)

(ശ്രീമാൻ വള്ളത്തോൾ നാരായണ മേനോൻ എഴുതിയവ)

# ഇതാ തയാറായി

## ഒരു കത്ത്

അഥവാ

ഋഷിയുടെ പശ്ചാത്താപം.

ഖണ്ഡകാവ്യം. വില ൨ ണ

| | | | |
|---|---|---|---|
| ഭാഷാവാൽമീകി രാമായണം | ൪ | ൦ | ൦ |
| ആരോഗ്യചിന്താമണി (ബാലചികിത്സ) | ൨ | ൦ | ൦ |
| ഗർഭരക്ഷാക്രമം | ൦ | ൧ | ൦ |
| ഉന്മത്തരാഘവം | ൦ | ൬ | ൦ |
| ബധിരവിലാപം | ൦ | ൨ | ൦ |
| ഗണപതി | ൦ | ൬ | ൦ |
| വിശ്വാമിത്രോപാഖ്യാനം | ൦ | ൫ | ൦ |
| ചിത്രയോഗം (മഹാകാവ്യം) | ൨ | ൦ | ൦ |
| ബന്ധനസ്ഥനായ അനിരുദ്ധൻ | ൦ | ൬ | ൦ |
| ഔഷധാഹരണം (ആട്ടക്കഥ) | ൦ | ൧ | ൦ |
| പഞ്ചതന്ത്രം (വേറെ മൂന്നു കവികളും കൂടി) | ൦ | ൧൨ | ൦ |
| വിലാസലതിക (ശൃംഗാര കാവ്യം) | ൦ | ൧൦ | ൦ |
| വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ജീവചരിത്രം. (നാലപ്പാട്ടു നാരായണമേനോൻ എഴുതിയത്) | ൦ | ൮ | ൦ |

മാനേജർ

എ. ആർ. പി. പ്രെസ്സ്,

കുന്നംകുളം.

# P. Subbaroy's

## World Renowned & Most Efficacious

### AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീറൽ, നീരൊഴിവ, മധുമേഹം, കല്ലടപ്പ് (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ച് രക്ഷപ്പെടുത്തും. ഡപ്പിക്ക് വില ൧ ക ൨. തപാൽ ചിലവ ൪ ണ. വേറെ.

൨. അഗ്നിമാന്ദ്യസംഹാരി

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവ്, വായനാററം, അജീർണ്ണം, വയറുവീപ്പ്, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്കു വില അണ ൮. ൨ ഡപ്പികൾവരെ തപാൽ ചിലവ ൪ ണ. വേറെ.

൩. പ്രമേഹനിവാരണി

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോവുക, മേസ്രുപ്പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില ക ൧. ൩ കുപ്പികൾ വരെയുള്ള ബങ്കിക്കു തപാൽ ചിലവ ൫ ണ. വേറെ.

൪. ലക്ഷ്മീകരകസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം. ദന്തവേദന വായനാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും. തനിച്ചോ താംബൂലത്തോടു കൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി ൨ ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടു കൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേറിയ സാധനങ്ങൾ ഇതിൽചേർത്തിട്ടുണ്ട്. ഛർദ്ദി, കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിന്റെ ഏററക്കുറച്ചൽ പോലെ ഒന്നുമുതൽ നാലുവരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ൧ക്കു വില ൪ ണ. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കിക്കു തപാൽ ചിലവ ൪ ണ. വേറെ.

൬. വേദനാസംഹാരി തൈലം

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവ, തലവേദന, ഒരു ഭാഗത്തുണ്ടാവുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരം മുതലായ പലവ്യാധികൾ ഭേദപ്പെടും. കുപ്പി ൧ക്കു വില ക ൧. ൩ കുപ്പികൾവരെ തപാൽചിലവ അണ ൬.

൭. സുഗന്ധകുന്തളതൈലം

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബഹുപുഷ്ടിയായും ദീർഘമായും വളരും. കണ്ണിനു കുളുർമയുണ്ടാകും. സകലകൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പട്ടരോമം കറുക്കും. രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും. കുപ്പി ൧ക്കു വില ൮ ണ. ൨ കുപ്പികൾവരെ തപാൽ ചിലവ ൪ ണ വേറെ.

൮. നേത്രബിന്ദു

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, ക്ലുവാ നീരെടുപ്പ്, മങ്ങൽ, മാലക്കണ്ണ്, പീളകെട്ടൽ, ദശവളച്ച്, പൂവ്, ചെരപ്പ്, എരിച്ചൽ, ഇമ പുരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ൧ക്കു വില ൮ ണ. ൩ കുപ്പികൾവരെ തപാൽ ചിലവ ൪ ണ.

കർണ്ണബിന്ദു

ചെവിക്കുത്തു, ചെവിയടപ്പ് ഇരച്ചൽ മുതലായ കർണ്ണരോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ൧ക്കു വില ൮ ണ. ൩ കുപ്പികൾവരെ തപാൽ ചിലവ ൪ ണ വേറെ.

൯. മണ്ഡലകുഷ്ഠസംഹാരി

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ ദേഹകുഷ്ഠം മുതലായവയേ ശമിപ്പിക്കും. കുപ്പി ൧ ക്ക വില ൪ ണ. ൯ കുപ്പികൾവരെ തപാൽ ചിലവ് ൩ ണ.

൧൦. സുഖവിരേചന ഗുളികകൾ

മലശോധന ശരിപ്പെടുത്തും ജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലപ്പിടുത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ൧ ക്ക വില ൭ ണ ൯ വരെ ഡപ്പികൾക്കു തപാൽ ചിലവു ൩ ണ വേറെ.

൧൧. ജ്വരസംഹാരി

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം അസ്ഥിജ്വരം മുതലായവക്കു നന്നു. ഡപ്പി ൧ ക്ക ൧ ക. തപാൽ ചിലവ ൩ ണ വേറെ.

൧൨. രോമസംഹാരി

രോമം വേണ്ടാത്തടിക്കിൽ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ നീക്കും. കുപ്പി ൧ ക്കു വില ൪ ണ. ൯ കുപ്പികൾവരെ തപാൽകൂലി ൩ ണ. വേറെ.

൧൩. ദന്തചൂൎണ്ണം

സുഗന്ധമായുള്ളതു എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. കുപ്പി ൧ ക്ക വില ൬ ണ. ൭ കുപ്പികൾവരെ തപാൽ ചിലവു ൩ ണ വേറെ.

൧൪. മൃഗകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും അപ്പീസിൽ ഉണ്ടു. ഉറുപ്പികത്തൂക്കത്തിന്നു ൪ാക. വില. ൧ ക മുതല്ക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും. തപാൽ ചിലവു പുറമെ

൧൫. തേൾകടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ്. എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണ. കുപ്പി ൧ ക്കു വില ൪ ണ.

ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്കു വീ. പി. ചിലവ് ൭ ണ വേറെ സിലോണിൽ മേപ്പടിക്ക ൬ ണ. ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവൎക്കു ഡജനു ഒന്നക്ക ൧. ൭. ൦. പ്രകാരം കൊടുക്കപ്പെടും വി. പി. ചിലവ് ഡജൻ ൧ ക്ക ൩ ണ വേറെ.

൧൬. വ്രണനാശകരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധ വ്രണങ്ങളും ക്ഷണനേരത്തിൽ സുഖപ്പെടുന്നതാണ. കുപ്പി ൧ ക്ക വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൬ വരെ കുപ്പികൾക്ക വി. പി. ചിലവ ൩ ണ വേറെ.

൧൭. അത്ഭുതകരകണ്ഠശുദ്ധിഗുളികകൾ

ഈ ഗുളികകൾ സ്വരത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവൎക്കു പ്രത്യേകാവശ്യമുള്ളതാണ. തൊണ്ടയടപ്പിനും പ്രത്യേകൌഷധമാണ. കുപ്പി ൧ ക്ക വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൯ വരെ കുപ്പികൾക്കു വി. പി. ചിലവു ൩ ണ. വേറെ.

൧൮. ദേഹശുചീകരപരിമളചൂൎണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹത്തിൽ നല്ല വാസനയുണ്ടാകും തേമൽ, കൈകാൽ വീറൽ, ശരീരവറൾച്ച, കരപ്പൻ, തലവേദന, പോറിമേഹം, മേഹറൽ മുതലായതു കൂടാതെ മററു അനേക തരത്തിലുള്ള ത്വഗ്രോഗങ്ങൾ മാറുന്നതുമാണ. കാന്തിയും ആരോഗ്യവും ഉണ്ടാകും. കുട്ടികൾക്കും പ്രായം ചെന്നവൎക്കും ഉപയോഗിക്കാവുന്നതാണ. ഡപ്പി ൧ ക്കു വില ൭ ണ, വി. പി. ചിലവ് ൬ ണ വേറെ.

൨൦. സഞ്ജീവഗുളിക.

തലകുത്ത്, തലവേദന, ഉറക്കമില്ലായ്ക, വയററിലുണ്ടാവുന്ന വായുവികാരം, ജലദോഷം, ചുമ, പനി, ഇക്കിൾ, അജീൎണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു സിദ്ധൌഷധമാണ്. പ്രായംചെന്നവൎക്കും മേപ്പടി രോഗങ്ങൾക്കു ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ൧ ന് വില ൧൦ ണ. ഇന്ത്യയിലുംബൎമ്മയിലും ൧ മുതൽ ൯ വരെ കുപ്പികൾക്ക് വി. പി. ചിലവ് ൩ ണ വേറെ

൨൧. ഉയൎന്നതരം ഗോരോചനഗുളിക.

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനികളും, വയറിളകിപ്പോകൽ, അജീൎണ്ണം, ചുമ, ജലദോഷം, തലവേദന മുതലായ രോഗങ്ങൾക്കും പ്രായം കുറഞ്ഞവൎക്കും പ്രായം തികഞ്ഞവൎക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെ കൊടുക്കുന്നതുമാകുന്നു. കുപ്പി ൧ ക്കു വില

ഫ ാണ. ഫ മുതൽ ന്ന വരെ കുപ്പികൾക്കു വി. പി. ചിലവ് ഒ ണ വേറെ.

൨൨. ത്വഗ്രോഗസംഹാരി

ചൊറി, ചിരങ്ങ്, പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ ത്വഗ്രോഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണു. കുപ്പി ഫ ക്കു വില വ്വ ണ ഫ തൽ വ വരെ കുപ്പികൾക്കു വി. പി. ചിലവ് ഒ ണ വേറെ.

൨൩. കേശസുവാസനി

ഈ ഔഷധം ഏത്രയും വിലയേറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളേയും വേറെ ഉചിതമായ നാട്ടു ഔഷധങ്ങളേയും ചേൎത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവേദന, തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്കു വിശേഷമായ മറ്റുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും ആണ്. തലമുടിയെ കറുപ്പിച്ചു അധിക ആഹ്ളാദത്തോടു വളൎച്ചയെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെ നിൎത്തും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ഫ ക്കു വില ക ഫ ഫ മുതൽ വ വരെ കുപ്പികൾക്കു തപാൽ ചാൎജ് അണ ഒ.

൨൪. രക്ഷാമൃതം

സ്ഥാവരവൎഗ്ഗത്തിൽ അനേകം അപൂൎവ്വമൂലകങ്ങളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂൎണ്ണം. കാപ്പി, ചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണു. കാപ്പി, പാൽ ഇതുകൾക്കുള്ള ദൂഷ്യങ്ങൾ ഇതിനില്ലാ. കാപ്പിപ്പൊടിയെ നാം ഏതുപ്രകാരം ഉപയോഗിക്കുന്നുവോ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏററവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവൎക്കും ഉപയോഗിക്കാം. ജ്വരം, സന്നിപ്രസവം, ഛൎദ്ദി, അതിസാരം മുതലായ കാലങ്ങൾ മേപ്പടി ചൂൎണ്ണത്തിൽ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയൊ സമയത്തിനു തക്ക പൊലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നു ഗുണപ്പെടുത്തുന്നതിനുപുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം, അജീൎണ്ണം, മലബന്ധം, തലവലി മുതലായ രോഗങ്ങളെ മാററും. രക്തത്തെ ശുദ്ധിചെയ്തു ധാതുപുഷ്ടിയെയും ദേഹാരോഗ്യത്തെയും തരും. അഗ്നിമാന്ദ്യം ഉള്ളവൎക്കും മൂത്രരോഗികൾക്കും ഏത്രയും വിശേഷമായമരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കുറച്ചു മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും. ദേഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും. പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ ദുർവിരോധഗുണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ടു ഈ ചൂൎണ്ണത്തെ ഉപയോഗിക്കുന്നതു വളരെ അനുകൂലം.

ഡപ്പി ഫ ക്കു വില ന്ന ണ. വി. പി. ചിലവ ന ണ വെറെ വ്വ ണ മുദ്ര മുൻകൂറായി അയച്ചാൽ ഫ ഡപ്പി അയ്ക്കുന്നതാകുന്നു.

൨൫. സർബത്തുകൾ

മുന്തിരിങ്ങാപ്പഴം, നന്നാരിവേരു, റോസാപുഷ്പം, വാഴപ്പഴം, ചെറുനാരങ്ങ, മധുരനാരങ്ങ, ബത്താക്കൊട്ടപ്പഴം, ശീമഏലന്തപ്പഴം, ഇഞ്ചി, ഈവക സർബത്തുകൾ ഏററവും വിശേഷമായ പഴവൎഗ്ഗങ്ങളിൽ നിന്നെടുത്തു ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. ഈ സൎബ്ബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽ മതി. മേപ്പടി സൎബ്ബത്തുകളിൽനിന്നു അഞ്ചുതുള്ളികൾ ഒരു സെർ പച്ചവെള്ളത്തിൽ ചേൎത്താൽ ഏററവും മധുരമായും ഏതു പഴത്തിൽനിന്നു സൎബ്ബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കുപ്പികളിൽ അടച്ചു സാധാരണയായി അങ്ങാടികളിൽ വില്ക്കുന്ന സൎബ്ബത്തുകളെക്കാൾ പതിനായിരം പങ്കു ജാസ്തിഗുണമുള്ളതായിരിക്കും എന്റെ സൎബ്ബത്തുകൾ അര ഔൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഈ ചെറിയ കുപ്പികളിലുള്ള സൎബ്ബത്തു സുമാർ ൧൦ സേർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സോഡാവെള്ളത്തിൽ ചേൎത്താൽ ൧൦ സെർ രുചിയുള്ള സൎബ്ബത്തായിത്തീരും അര ഔൺസ് കുപ്പി ഫ ക്കു വില അണ വ്വ ഫ മുതൽ വ വരെ കുപ്പികൾക്കു വി, പി. ചിലവ് ഒ ണ വെറെ.

൨൬. സുഗന്ധമായമൂക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചേൎത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ല. സാധാരണയായി കിട്ടുന്ന പൊടിയിൽ കുറേശ്ശയായി ചേൎത്തുവലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു ഒരാൾക്കു പരിമളത്തെ മാത്രമല്ലാകൊടുക്കുന്നതു. സാധാരണയായി പൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുൎഗ്ഗന്ധത്തെക്കൂടെ പൊക്കത്തക്കതായ ഒരു വിശേഷ വസ്തുവാണു. ഈ വാസന അധികം നാൾ നില്ക്കും പൊടിയെ വളരെ നാൾ കേടുതട്ടാതെയുമാക്കും. ഈ പൊടി ജലദോഷം, തലവേദന, മൂക്കിലുള്ള ദുൎന്നാററം, മയക്കം മുതലായ ഉപദ്രവങ്ങളെ

പോക്കുന്നതാണ്. ഇതുവരെ കൂടക്കൂടെ പൊടിവലിക്കെണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരുകുപ്പി മൂക്കുപൊടിവാങ്ങിയാൽ, ഒരു മാസത്തോളം നില്ക്കുന്നതാണു. ഒരു കുപ്പിക്കുവില അണ ൧ മുതൽ ൩ കുപ്പികൾക്ക വി. പി. ചാർജ്ജ് ൨ അണ. ൪ മുതൽ ൬ കുപ്പികൾക്ക് ൩ അണ ൭ മുതൽ ൧൨ കുപ്പികൾക്ക് ൭ അണ.

൨൭ അശോകഘൃതം

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധികളിലുണ്ടാവുന്നവേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികമായോ ചുരുങ്ങിയൊ ആയ രക്തപ്പോക്കു, മച്ചി എന്ന അവസ്ഥ, സാധാരണയായ ഗർഭമലസൽ, എന്നീ രോഗങ്ങളേയും, ക്രമംതെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറെറല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏററവും വിശേഷപ്പെട്ട ഒരൌഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഈ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ൧ക്കു വില ക൧ വി. പി. ചാർജ്ജ് ൧ മുതൽ ൨ വരെ കുപ്പികൾക്ക് ൩ അണ വെറെ.

൨൮. ബൃഹൽ ചന്ദ്രോദയമകരധ്വജ.

മനഃക്ലേശത്തോടുകൂടിയ ദൌർബല്യം, സത്വക്ഷയം, വാർദ്ധക്യകാഠിന്യം, വിസ്മൃതി, നിശാസ്ഖലിതം എന്നിവകൾക്ക് വിലയേറിയ ഒരൌഷധമാകുന്നു ഇതിന്റെ ഫലിതം അത്ഭുതകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുർവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതു അവരെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു ഒരാഴ്ചക്കു വേണ്ടുന്നതിന്നു വില ക൩ വി. പി. ചാർജ്ജ ൩ അണപുറമെ

൨൯ ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നുമാത്രമല്ലാ, സ്വരത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്ന ഒന്നാണു. തൊണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, ഏക്കം, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കുര എന്നിവക്കും, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളൂടു ൧ ഔൺസിനു വില ക൨ വി. പി. ചാർജ്ജ് ൩ അണ പുറമെ.

൩൦ മകരധ്വജ

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെയൊ അല്പമായൊ നിവൃത്തികിട്ടാത്തരോഗങ്ങളില്ലാ. എല്ലാകാരണത്താലുമുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏററവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം, പ്രമേഹം, പ്രസവാനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾ, ജലദോഷം, കുര, ഏക്കം, മഹോദരി, ഓമ്മക്കേട്, നീര്, വിഷൂചിക, വയർപഴപ്പ്, ദഹനക്കേട്, മന്ദത, ബലക്ഷയം, തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു തോല ൧ക്കു വില ക൨ ഒരാഴ്ച ഉപയോഗിക്കേണ്ടതിനു ക൧ വി. പി. ചാർജ്ജ് ൩ അണപുറമെ.

൩൧ വസന്തകുസുമാകരം

പ്രമേഹങ്ങൾ, ദൌർബ്ബല്യം, അതിദാഹം, നാവവറൾച്ച, കൈകാലുകളിൽ എരിച്ചൽ, ക്ഷീണം, മോഹാലസ്യം, സ്രാവം, പ്രയത്നേനയുള്ള മൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകുന്നു. ഒരാഴ്ചക്കു വേണ്ടപ്പെട്ടമരുന്നിനു വില ക൭ വി. പി. ചാർജ്ജ് ൩ അണ പുറമെ.

൩൨ രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എല്ലാവക്കും അറിയാവുന്നതാണ്. രക്തത്തിന്ന് ശുദ്ധിയില്ലെങ്കിൽ വായ്പ്പുണ്ണ, ചെങ്കണ്ണ, മൂക്കപ്പുണ്ണ, തൊണ്ടപ്പുണ്ണ, ശരീരമാസകലം കുരു, ആണി, വീക്കക്കുരു, ചമ്മത്തിൽ നിറഭേദം, ഉഷ്ണപ്പുണ്ണ, തലവേദന, അഗ്നിമാന്ദ്യം, ചമ്മത്തിന്നു ചുവപ്പും മാർദ്ദവമില്ലായ്കയും, ചെകിട്ടും മൂക്കും വീങ്ങൽ, വിളപ്പ്, ബലക്ഷയം കുര, മുളാകുഷ്ഠം തഴതണം മന്ദത സ്വാദില്ലായ്ക ചൊറിച്ചൽ എന്നിവയും ദുർഗ്ഗന്ധമുണ്ടാക്കുന്നതക്ക മറെറല്ലാ ചമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാവുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കംചെയ്യാൻ രക്തശുദ്ധിയെന്നുപേരായ എന്റെ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടു

ത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൨൦ ദിവസത്തേക്കു വേണ്ടുന്ന അളുക്ക് ൧ക്കു വില ക ൨. ഒന്നോ രണ്ടോ അളുക്കുകൾക്കു വി. പി. ചാർജ്ജ് ൪ ണ പുറമെ.

നം. ൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്തുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏററവും ബലകരമായതാകുന്നു. ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുത്ഭവിക്കുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതു കൂടാതെ, ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു. ചുരുക്കിപറയുന്നതായാൽ, ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ല. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവ്വനത്തേയും ഒരു പുരുഷായസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ. തോല ൧ക്കു വില ക ൮൦ ഒരാഴ്ചയ്ക്കുള്ള ഉപയോഗത്തിന്നു ക൩. വി. പി. ചാർജ്ജ പുറമെ.

നം. ൩൪ വേദനപരിഹാരി

ഈ ഔഷധം അകത്തേക്കും വേദന, സംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിൻെറ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു. പെട്ടി ൧ക്കു വില ക ൧൦ ൩ പെട്ടികൾവരെ വി. പി. ചാർജ്ജ് ൪ ണ മാത്രം.

നം. ൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേല്പടി ഔഷധം ഏററവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ൧ക്കു വില ക ൧ ൩ പെട്ടികൾവരെ വി. പി. ചാർജ്ജ് ൪ ണ മാത്രം.

നം. ൩൬ മലബന്ധശമനൌഷധം

പതിവായും ഇടക്കിടയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇതു മേത്തരമായ ഔഷധമാകുന്നു കരളിൻെറ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകർമാക്കി തീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു പെട്ടി ൧ക്കു വില. ൧ ൦ ണ. രണ്ടുവരെ പെട്ടികൾക്കു വി. പി. ചാർജ്ജ് ൪ ണ വേറെ.

നം. ൩൭. ചന്ദ്രാമൃതരസം

പ്രയാസപ്പെട്ട എല്ലാതരം കുരകളേയും, ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും, ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കുരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു. ദഹനത്തിന്നു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരവുമാകുന്നു. പെട്ടി ൧ക്കു വില ക൧ ൩ പെട്ടികൾവരെ വി. പി. ചാർജ്ജ് ൪ ണമാത്രം

നം. ൩൮ ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിൻെറ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു ഇതിൻെറ യോഗം ഫലകർമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തും. ക്രമക്കേടായ വിരേചനത്തെ നിർത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നുമാത്രമല്ലാ അതിസാരത്തെയും മററും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ൧ക്കു വിലക൧ ൩ വരെ പെട്ടികൾക്കു വി. പി. ചാർജ്ജ ൪ ണമാത്രം

നം. ൩൯ വിഷ്ണുതില

തലനോവ് ഉടനെ നീക്കുന്നതിനു പുറമേ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കുപ്പി ൧ക്കു ൮ ണ ൧ മുതൽ ൬ വരെ കുപ്പികൾക്കു വി. പി. ചിലവ ൪ ണ വേറെ.

മേത്തരം ഗോരോചനം തോല ൧ക്കു വില ൬ക

മേത്തരം കുങ്കുമപ്പൂവ് തോല ൧ക്കു വില ൧ക

മേത്തരം പച്ചക്കർപ്പൂരം തോല ൧ക്കു വില൨ ക

സുഗന്ധവസ്തുക്കൾ

അത്തർദിനസ്സുകൾ, രോജാപ്പൂവ, മല്ലികപ്പൂവ, മാതിപ്പൂവ്, മതനപ്പൂവ്, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉരുപ്പികത്തുകം ൧ക്കു വില ക൧ ണ൮ വി. പി. ചിലവ് വേറെ.

താംബൂലബിഹാർ

പെട്ടി ഒന്നിന്നു വില ൪ ണ ൧ മുതൽ ൧൨ വരെ പെട്ടികൾക്കു തപാൽക്കൂലി ൪ ണ.

സോഡാചൂർണ്ണം

ഓരോകുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെ

ള്ളം ചേർത്ത ൮ കുപ്പി മേത്തരം പുതിയ സോഡ ഉണ്ടാക്കാവുന്നതാണു. ൧ കുപ്പിക്ക് വില ൮ ണ. ൧ മുതൽ ൪ വരെ കുപ്പികൾക്കു തപാൽകൂലി ൪ ണ.

### ലമനേഡ് ചൂർണ്ണം

ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളംചേർത്ത ൮ കുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ്. കുപ്പി ൧ ക്കു വില ൬ ണ ൧ മുതൽ ൪ വരെ കുപ്പികൾക്കുതപാൽ ചാർജ് ൫ ണ

### പനിനീർ

അര ഔൺസ്സ് കുപ്പികളിൽ വില്ക്കപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു ൩ വലിയ കുപ്പികളിൽ വെള്ളംചേർത്ത് നിറയ്ക്കാവുന്നതാണു. അങ്ങിനെവെള്ളം ചേർത്താൽകൂടി ഈ ൩ കുപ്പികളും മേത്തരം പേർഷ്യൻ പനിനീരിന്നു തുല്യമായിരിക്കും. അര ഔൺസ് കുപ്പി ൧ ക്കു വില ൮ ണ ൧ മുതൽ ൩ വരെ കുപ്പികൾക്ക് തപാൽകൂലി ൫ ണ

### ഉടുപ്പിന്നുള്ള സുഗന്ധങ്ങൾ

പനിനീർ സുഗന്ധക്കട്ട, മല്ലസുഗന്ധക്കട്ട, ലവണ്ടർ സുഗന്ധക്കട്ട, എന്നിവ പെട്ടി ഓരോന്നിന്നും വില ൮ ണ. ൧ മുതൽ ൬ വരെ പെട്ടികൾക്കു തപാൽകൂലി ൫ ണ.

### ഉടുപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ

൧ മദനവിലാസം ൨ മനോമോഹിനി ൩ മനോരഞ്ജിനി ൪ ജഗന്മോഹിനി ൫ അക്ബർസിരായി ൬ ഷാജിഹാൻസിരായി, ഇവ ഓരോന്നും പുതിയതായി വിടൎന്നപുഷ്പത്തിന്റെ വാസനയോടുകൂടിയതായിരിക്കും. വില ഒരു കുപ്പിക്ക് അണ ൮ ൧ മുതൽ ൩ വരെ തപാൽചിലവ് അണ ൫ പ്രത്യേകം.

### കേസപ്പൊടി

ഇതു വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവൎഗ്ഗങ്ങളെക്കൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ള പൊടി വെറും പച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേൎത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ടു ആയിതീരുന്നു ഇതു അടിയന്തരകാലങ്ങളിൽ വിരുന്നുകാൎക്കു കൊടുപ്പാൻ ചന്ദനം അരയ്ക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതിനുപുറമെ ഠരം കേസപ്പൊടിക്കു സമമായും, മേലായും സുഗന്ധം നിറയുന്നതായ ഒരു സൌരഭ്യ വസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി ൧ ക്കു വില ൮ ണ. ൧ മുതൽ ൬ കുപ്പികൾക്ക് തപാൽ ചാൎജ്ജ് ൫ ണ,

### അഹ്ല്യജം

ഇതു വേറെ ഒരു മാതിരി സ്വദേശിസൌരഭ്യവൎഗ്ഗമാണ്. ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാൎക്കും ഇതു ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചുവെള്ളം ചേൎത്ത ചന്ദനക്കുട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്കു വാസനയ്ക്കായും ഉപയോഗിക്കാം, നെററിമേൽ തിലക്കുറിയായും ഉപയോഗിക്കാം, ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണഭൂമികളിലേക്കു ഇതു അതിവിനോദകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു, പെട്ടി ൧ ക്ക് വില ൮ ണ. ൧ മുതൽ ൧൨ വരെ പെട്ടികൾക്ക് തപാൽകൂലി ൫ ണ വേറെ.

### അത്തർ

ഇതു അതിഗുണകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു, ഇതു വാസനക്കായി ഉപയോഗിക്കുന്നതിനു പുറമെ വിയൎക്കുരുവിന്നും ചൂളിക്കും വളരെ വിശേഷമാകുന്നു, ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്കു നിലനില്ക്കുന്നതാണു ഒരു പ്രാവശ്യം ഉപയോഗിച്ച ഗുണംകണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു, ഇതു മുഖത്തുപിരട്ടിയാൽ മുഖത്തിന്റെ വൎണ്ണം തിളങ്ങിവരും പെട്ടി ൧ ക്കു വില ൮ ണ. ൧ മുതൽ ൧൨ വരെ പെട്ടികൾക്കു ൫ ണ പുറമെ.

ഇന്ത്യൻ പെററൽഡസ്റ്റ്. നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടുകൂടിയിരിക്കും, സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല, ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകബാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ളസ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണു, നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിന്നു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ്. ഇതു നിങ്ങൾ അകത്തേക്കു ശ്വസിക്കുന്ന വായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ൧ ക്കു വില അണ ൪. ൧ മുതൽ ൧൨ പെട്ടിവരെ തപാൽചെലവു അണ ൫ പ്രത്യേകം

### വയററിലുള്ള നാക്കുപുഴു കളയാനുള്ള മരുന്നു

ഈ മരുന്നുസേവിച്ചാൽ വയററിലുള്ള നാക്കുപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യത്തെകൊടുക്കും. ഈ പാമ്പു വയററിൽ ഇരുന്നാൽ ഉണ്ടാവുന്ന അടിവയററിൽ ഘനം. അഗ്നിമാന്ദ്യം, വയററുവലി, ഊണുവേണ്ടാ എന്നുതോന്നുക, വായിൽ ദുർഗ്ഗന്ധം, തലവേദന, നാവു വറൾച്ച, ആസനത്തിലും മൂക്കിലും ചൊറിച്ചൽ, വയററിന്നുപോക്കു, മലക്കെട്ടു മുതലായ പല വ്യാധികളെ ഇതു നീക്കുന്നതാണു. ൧ കുപ്പിക്കു വില അണ ൧൦ ൧ മുതൽ ൧൨ കുപ്പികൾവരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

### ഓമദ്രാവകം

ഇതു വയററുവരി, വയറുകട്ടപ്പു അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളേ ക്ഷണേന പരിഹരിക്കുന്നതാണു. വിഷൂചിക എന്ന വ്യാധിക്കും ഇതു സമയാസമയംപോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസംകിട്ടുന്നതാണ്. ഇതു സാധാരണമായി അങ്ങാടിയിൽ വിററുവരുന്ന ഓമദ്രാവകംപോലെ അല്ലാ. അരഅവുൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഒരു കുപ്പി ദ്രാവകത്തിൽ വെള്ളംചേർത്താൽ ൨൪ അവുൺസു മേത്തരായ ഓമദ്രാവകം കിട്ടുന്നതാകുന്നു. ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്ക്കുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്കു വില അണ വ്യ ൧ മുതൽ ൰ കുപ്പികൾവരെ ബങ്കിചിലവു അണ൩ പ്രത്യേകം.

### തലയിൽ പിരട്ടുവാനുള്ള ചായം

പി. സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏററവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണു, നരച്ച തലമുടിയിൽ ഇതു പിരട്ടിയാൽ ഭംഗിയും ശോഭയും മിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണു. ചായം പിരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരയ്ക്കുമ്പോൾ അതിൽ ചായം പിരട്ടുകയല്ലാതെ മററ മാർഗ്ഗമൊന്നുമില്ല, ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണു, ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു. നരച്ച തലമുടിയെ കറുപ്പിച്ചു വാദ്ധക്യലക്ഷണങ്ങളെ മറച്ചു യുവാവിൻെറ ഭാവംവരുത്താമെങ്കിൽ വാദ്ധക്യലക്ഷണങ്ങളെട്ടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിഒന്നിനു രൂപാ ൧ വി. പി. ചാർജ്ജ് ൧ മുതൽ ൩ വരെ കുപ്പികൾക്കു ൩ ണ പ്രത്യേകം.

### മാഞ്ഞുപോകാത്ത അടയാളമഷി

ഇതു പട്ടു, ലിനൻ മുതലായ വസ്തുക്കളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണു. ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണു. വില കുപ്പിഒന്നിനു വ്യ ണ. ൪ മുതൽ ൰ വരെ കുപ്പികൾക്കു വി. പി. ചാർജ്ജ് ൩ ണ പ്രത്യേകം.

### ഓതികൊളോൺ

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, അത്യന്തം വാസനയോടുകൂടിയതും ദേഹത്തിലേക്കു കുളിർച്ചയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെനീക്കും. ഇതു സാധാരണയായി കടകളിൽ വിററുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല, അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കുമോ? സാധാരണമായി കടകളിൽ വിററുവരുന്ന സാധനത്തെക്കാൾ എത്രയൊ ഇരട്ടി മേത്തരമായിരിക്കും. അര അവുൺസു കുപ്പി ൧ക്കു വില അണ വ്യ. ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കിചിലവു അണ ൩ പ്രത്യേകം.

### കസ്തൂരികലന്ന ലവണ്ടർവാട്ടർ

ഇതു ഏററവും വിശേഷപ്പെട്ട വാസനയുള്ളതാണു. ദേഹത്തിൽ ഒരു തുള്ളിപററിയാൽ വളരെനേരം ആ വാസന ആളെ ചുററികൊണ്ടിരിക്കും. ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോ അല്ല, ഇതു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ. എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർചെയ്യപ്പെടുന്നതാണു. ഇതിൻെറ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു. ൧ കുപ്പിക്കു വില അണ വ്യ ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

**പരിശുദ്ധമായ തേൻ!!**

അങ്ങാടിയിൽ നിന്നു ശൎക്കരവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണു ണ്ടാകുന്നതു? മരുന്നിന്നു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിൎമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും. വില ടിൻ ഒന്നിന്നു ൧ ൳ ണ ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ൩ ണ പ്രത്യേകം.

ഇവിടെ മലയാളം തെലുങ്കു കൎന്നാടകം മുതലായ്തു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം

**P. SUBBAROY**
AYURVEDIC PHYSICIAN
Sri Venkatesa Perumeal
KOIL SANNATHY
**TANJORE.**

പി. സുബ്ബറോയി
ആയുൎവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

---

# അകാലവൃദ്ധരോഗം

കുറിക്കുന്നതു.

ധാതുക്ഷയത്തെ ആകുന്നു.



ഇക്കാലത്തു ചിലർ ഈ രോഗത്തിനു ഔഷധമില്ലെന്ന് വിചാരിച്ചു വിഷാദിക്കയും മററുചിലർ, ഇതിനുള്ള പ്രത്യൌഷധമെന്നു പറഞ്ഞു വില്ക്കപ്പെടുന്ന ഔഷധങ്ങളെ സേവിച്ച് ഇച്ഛാഭംഗപ്പെട്ട് ഇനി യാതൊരു ഔഷധവും സേവിക്കയില്ലെന്നു ശപഥം ചെയ്തു ഇരിക്കുന്നുമുണ്ടു. ഇപ്രകാരം അനേകരുടേയും ജീവൻ എന്നന്നേക്കുമായി നാശത്തിൽ ഇരിക്കുന്നു. ഇവരുടെ അനുഗ്രഹമായിട്ട് ഇതാ,

ഡാക്ടർ ബൎമ്മാന്റെ

# ധാതുവൎദ്ധകഗുളിക

ഈ ഗുളികകൾ വിശ്രുതനായ ഡാക്ടർബൎമ്മാൻ അനേകകാലത്തെ ശ്രമംകൊണ്ടു കണ്ടുപിടിച്ചിട്ടുള്ളതാണു. ധാതുക്ഷയത്തിനു ഈ ഗുളികകൾ എത്ര പററിയവയാണെന്നു ഗുളികകൾ മേടിച്ചിട്ടുള്ളവരും തൻമൂലം ധാതുക്ഷയം, തലകനം, ബുദ്ധിമാന്ദ്യം, ദഹനക്കുറവ് ആദിയായ രോഗങ്ങൾ അശേഷം ഭേദപ്പെട്ടിട്ടുള്ളവരുടേയും അനേകം സാക്ഷിപത്രങ്ങൾ തെളിയിക്കുന്നതാണ്. ഇന്നുതന്നെ ഒരു ഔഷധപ്പെട്ടികക്കു ആവശ്യപ്പെടുക;

൩൦ ഗുളികകൾ അടങ്ങിയ കുപ്പിക്കു ക. ൧ മാത്രം, തപാൽ ചിലവ് അഞ്ചലണപുറമെ,

**DR. S. K. BURMAN,**
5, TARACHAND DUTT'S STREET
**CALCATTA.**

Agent:—
**MESSRS KARTIK & CO.,**
33, SOUTH TANK ROAD,
MADRAS.